

# പൗര മാധ്യമ സ്വാതന്ത്ര്യം

**പൗരസ്വാതന്ത്ര്യത്തെ ബന്ധിയാക്കി മാധ്യമപ്രവർത്തക അടിയന്തരാവസ്ഥയോ?**

**മാധ്യമ അഭിഭാഷക തർക്കത്തിന്റെ പശ്ചാത്തലത്തിൽ**
**ജനകീയ കോടതിയിൽ പൊതുചർച്ചക്കായി ഒരു പൊതുതാല്പര്യ ഹർജി**

**അഡ്വ. ജോൺസൺ മനയാനി**
**അഡ്വ. ജീവൻ മാത്യു മനയാനി**

# ഉള്ളടക്കം


മാധ്യമസ്വാതന്ത്ര്യമല്ല, പൗരാവകാശങ്ങളാണ് വലുത്
മാധ്യമങ്ങൾ വേട്ടക്കാരാകുമ്പോൾ
അവതാരകൻ എന്ന ഏകാധിപതി
പത്രമാഫിയക്കെതിരെ പൊതുതാൽപര്യ ഹർജി
മാധ്യമ അഭിഭാഷക തർക്കം
ജനങ്ങളുടെ നിസ്സംഗത ഒരു മുന്നറിയിപ്പ്
ജേണലിസം: പൊളിഞ്ഞു പാളീസാവുന്ന ഗ്രാൻഡ് നറേറ്റീവ്!
കൊടുത്താൽ കൊല്ലത്തും കിട്ടും
തെറിപറയുന്നവൻ തെറികേൾക്കുമ്പോൾ
ഇനി ഫിഫ്ത്ത് എസ്റ്റേറ്റിന്റെ കാലം!
അനന്തരം മലയാളി സമൂഹം കൂട്ട ആത്മഹത്യ ചെയ്തു
ചാനൽ പരിപാടികൾ ജനങ്ങളെ ബാധിക്കും
വൻ കോർപറേറ്റുകൾ നിയന്ത്രിക്കാത്ത സ്വതന്ത്ര മാധ്യമം
സീരിയൽ സീയിങ് ഇൻജൂറിയസ് ടു ഹെൽത്ത്!
പ്രസ് ക്ലബ്ബിൽ ബാർ നടത്തിയാൽ എന്താ കഴപ്പം?
ഭീകരാക്രമണം ചാനലുകാർക്ക് ഉത്സവം
മാധ്യമക്കോമാളികൾ
മാധ്യമങ്ങൾക്കു പെരുമാറ്റച്ചട്ടം പറ്റില്ല
ചാനൽ ചർച്ചകൾ സീരിയലുകളേക്കാൾ അപകടം:
എന്തും വിളിച്ചുപറയലാകരുത് റിപ്പോർട്ടിംഗ്:
കിട്ടിയ വിവരങ്ങൾ കോർത്തുവച്ചെഴുതുന്നതല്ല മാധ്യമ പ്രവർത്തനം
ഗുണ്ടാവിളയാട്ടം! മാധ്യമപ്രവർത്തകരുടെ!
നമ്മുടെ മാധ്യമങ്ങൾക്കു കൊമ്പുണ്ടോ?
പരസ്യപ്പണം കിട്ടാൻ മാധ്യമങ്ങൾ ഇനി എന്തെല്ലാം വിൽക്കണം?
വിചാരണ ചെയ്യപ്പെടേണ്ട മാധ്യമ വിചാരണ
ഒരു പത്രവും നോക്കാത്തവനാണ് വിവരമുള്ളവർ
പത്രപ്രവർത്തനം സോപ്പുനിർമ്മാണം
പത്രക്കാരുടെ സ്വയം വെളിപ്പെടുത്തൽ
മാധ്യമ അഭിഭാഷകരുടെ സ്ഥിതി
പ്രസ് കൗൺസിലും കൈവിട്ടു
കോടതി റിപ്പോർട്ടിംഗ് :സുപ്രീം കോടതി നിബന്ധനകൾ

# 1

# മാധ്യമസ്വാതന്ത്ര്യമല്ല, പൗരാവകാശങ്ങളാണ് വലുത്

ജനങ്ങളുടെ മുൻപിൽ ഫയൽ ചെയ്യുന്ന ഒരു പൊതുതാൽപര്യഹർജി യാണിത്. ഈ കേസിൽ തീരുമാനമെടുക്കേണ്ടത് ജനങ്ങളാണ്. പുസ്തക രൂപത്തിൽ തയാറാക്കിയ ഈ ഹർജിയിൽ എന്റെ സ്വന്തം വാചകങ്ങൾ/ അഭിപ്രായങ്ങൾ വളരെ പരിമിതമാണ്. ഈ ഹർജിയിലെ എതിർകക്ഷി യായ മാധ്യമങ്ങൾക്കെതിരെയും മാധ്യമപ്രവർത്തകർക്കെതിരെയും മാധ്യമ അഭിഭാഷകർക്കെതിരെയുംരേഖപ്പെടുത്തിയിരിക്കുന്ന സകല ലേഖനങ്ങളും വാർത്തകളും മാധ്യമപ്രവർത്തകരോ മാധ്യമ സുഹൃത്തുക്കളോ എഴുതി യതാണ്. ഞാനതൊന്നു ക്രോഡീകരിച്ചെന്നുമാത്രം. കോപ്പി റൈറ്റ് പറഞ്ഞ് ആരും കേസിനു പോകേണ്ടതില്ല. കാരണം ജനകീയ പൊതുതാൽപര്യ ഹർജിയിലെ അനുബന്ധങ്ങൾ (EXHIBITS) മാത്രമാണിവ. ഒഴുക്കിനെ തിരെയുള്ള നീന്തലാണിത്. ഏറെ പ്രതിബന്ധങ്ങളുണ്ടായാലും നീന്തി വിജ യിച്ചേ പറ്റൂ. അല്ലെങ്കിൽ അപകടത്തിലാകുന്നത് ജനങ്ങളുടെ സ്വാതന്ത്ര്യ മായിരിക്കും. അഭിഭാഷകരും മാധ്യമസുഹൃത്തുക്കളും ഇതു മനസ്സിലാക്ക ണം. യാതൊരു അടിസ്ഥാനവുമില്ലാതെ എന്തും വിളിച്ചുപറയാനുള്ളതല്ല മാധ്യമസ്വാതന്ത്ര്യം. വേണമെങ്കിൽ അതും അംഗീകരിക്കാം. എന്നാൽ മാധ്യ മങ്ങൾ വാർത്താചാനലുകളിലൂടെ ഇരയാക്കുന്നവർക്കും ആക്രമിക്കുന്ന വർക്കും പറയാനുള്ളതുകൂടി അതേ ചാനലിൽ അതേസമയത്ത് അതേ ദൈർഘ്യത്തോടുകൂടി പറയാനുള്ള അവസരം ജനങ്ങൾക്കു ലഭിക്കണം. പ്രിന്റ് മാധ്യമങ്ങളെ നിയന്ത്രിക്കാൻ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ ഉണ്ടെ ങ്കിൽ ഓൺലൈൻ മാധ്യമങ്ങളെ നിയന്ത്രിക്കാൻ സൈബർ നിയമമുണ്ടെ ങ്കിൽ വാർത്താചാനലുകളെ ഒന്നെങ്കിൽ പ്രസ് കൗൺസിൽ നിയന്ത്രി ക്കണം. അല്ലെങ്കിൽ അവരെ സൈബർ നിയമങ്ങൾക്കു കീഴിലാക്കണം. ആരെങ്കിലും ഇതു ചൂണ്ടിക്കാണിക്കണമല്ലോ?

കോടതി വാർത്തകൾ റിപ്പോർട്ടുചെയ്യുന്നതിന് നിയന്ത്രണം വേണ മെന്നല്ല, കോടതി വാർത്തകൾ റിപ്പോർട്ടുചെയ്യുന്നവർക്ക് അടിസ്ഥാനയോ

ഗ്യതകൾ വേണമെന്നായിരുന്നു സെന്റർ ഫോർ കൺസ്യൂമർ എജ്യൂക്കേഷൻ (പാലാ) ഫയൽ ചെയ്ത പൊതുതാൽപര്യ ഹർജിയിൽ ഞാൻ ആവശ്യപ്പെട്ടത്. സുപ്രീം കോടതിയിൽ അത്തരം മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്.

ഹൈക്കോടതി വിധികൾ റിപ്പോർട്ടുചെയ്യുന്നതിലും നിബന്ധനകളുണ്ടാകണം. വിധികൾ അടിച്ചു കക്ഷികൾക്കു നൽകുന്നതിനോടൊപ്പമായിരിക്കണം അത് പത്രപ്രവർത്തകർക്കു ലഭിക്കേണ്ടത്.അതിന്റെ ഒരു സോഫ്റ്റ് കോപ്പി ഹൈക്കോടതി വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. അപ്പോൾ ആർക്കു വേണമെങ്കിലും പഠിക്കാം. എന്നിട്ടാകണം കോടതിവിധികളെപ്പറ്റിയുള്ള വാർത്താചാനൽ മാധ്യമ വിചാരണ. അങ്ങനെവരുമ്പോൾ ആർക്കുവേണമെങ്കിലും രേഖകളുടെ അടിസ്ഥാനത്തിൽ പ്രതികരിക്കാം.

വലിയ പ്രശ്നങ്ങൾക്കു ചെറിയ നിർദ്ദേശങ്ങൾമാത്രം. പൊതുസമൂഹം ചർച്ചചെയ്യട്ടെ. യഥാർത്ഥ ജനകീയ വിഷയങ്ങളിൽ ഒരിക്കലും മാധ്യമവിചാരണ നടക്കാറില്ല എന്നുകൂടി നാം മനസ്സിലാക്കണം. അതുകൊണ്ടു തന്നെ ഒരു വർഷം മാധ്യമങ്ങൾ കോടതി വാർത്തകൾ റിപ്പോർട്ടുചെയ്തില്ലെങ്കിലും ഒന്നും സംഭവിക്കില്ല. പബ്ലിസിറ്റിക്കുവേണ്ടിയല്ല നിരവധി അഭിഭാഷകർ പൊതുതാൽപര്യവിഷയങ്ങൾ ഏറ്റെടുക്കുന്നത്. പബ്ലിസിറ്റി ആഗ്രഹിക്കാത്ത പൊതുതാൽപര്യ വ്യവഹാരസംഘടനകൾ (Public Interest Non Governmental Organizations) ആണ് ജനകീയ വിഷയങ്ങൾ കോടതികൾക്കു മുൻപിൽ കൊണ്ടുവരുന്നത്. അവരൊരിക്കലും കോടതിവിധികളുമായി പത്ര/ന്യൂസ് ചാനൽ ഓഫീസുകൾ കയറിയിറങ്ങാറില്ല. ഏറെ ജനങ്ങളെ—അവരുടെ ദൈനംദിന ജീവിതത്തിൽ അത്തരം വിധികൾ സ്വാധീനിക്കുമ്പോൾ—അതു വാർത്തയാകുന്നു. കേരളത്തിലെ അറിയപ്പെടുന്ന, കഴിഞ്ഞ 25 വർഷമായി പ്രവർത്തിക്കുന്ന, പൊതുതാൽപര്യNGO ആയ സെന്റർ ഫോർ കൺസ്യൂമർ എജ്യുക്കേഷന്റെ അടിസ്ഥാന പ്രവർത്തനശൈലിതന്നെ അവരുടെ ഭാരവാഹികളുടെ പേര് പ്രസിദ്ധീകരിക്കരുതെന്നാണ്. വ്യക്തിയല്ല സ്ഥാപനമാണ്—അതിന്റെ നയങ്ങളാണ് പ്രധാനം എന്നായിരുന്നു അവരുടെ നിലപാട്. വാർത്താചാനലുകളിൽ ഒഴിവാക്കാനാവാതെ വന്നപ്പോഴായിരുന്നു ഭാരവാഹികളുടെ പേര് പുറത്തുവന്നത്.

കേരള ഹൈക്കോടതിയിൽ അതീവ ഗൗരവത്തോടെ 1999-ൽ വാദിക്കപ്പെട്ട പട്ടയ കേസ് (Nature Lovers Movement V/S State of Kerala) (7-10-1999) ആണ് സത്യത്തിൽ പൊതുതാൽപര്യഹർജികളുടെ പ്രസക്തി തന്നെ തലനാരിഴ കീറി പരിശോധിച്ച കേസ്. ആ കേസിൽ ഇടുക്കിയിലെ കർഷകർക്കുവേണ്ടി കേരളാ കോൺഗ്രസ് നിർദ്ദേശാനുസരണം കേസ് വാദിച്ചതു ഞാനായിരുന്നു. എനിക്കേറെ സാമ്പത്തിക നഷ്ടമുണ്ടാക്കിയ കേസായിരുന്നു. പക്ഷേ, ജനപക്ഷം ജയിച്ചു. പിന്നീട് വാദിച്ച നിരവധി പൊതുതാൽപര്യക്കേസുകളിൽ ജനപക്ഷം ജയിച്ചപ്പോൾ സാമ്പത്തികമായി എനിക്കു നഷ്ടമുണ്ടായി. എന്റെ മതനിയമപ്രകാരം ഞാനത് ദശാംശം

എന്ന ഭാഗത്തിൽ വരവുവച്ചു. സത്യക്രിസ്ത്യാനികൾ (ക്രിസ്തുമാർഗ്ഗം ശരിയായി പിന്തുടരുന്ന ക്രിസ്തുവിന്റെ അനുയായികളാണ് സത്യക്രിസ്ത്യാനികൾ) അവരുടെ വരുമാനത്തിന്റെ (ലാഭത്തിന്റെയല്ല) 10% മറ്റുള്ളവർക്കായി നീക്കിവയ്ക്കണമെന്നാണ് പ്രമാണം. പൊതുതാൽപര്യ ക്കേസുകളിലെ എന്റെ സാമ്പത്തിക നഷ്ടത്തെ ഞാൻ ദശാംശമായി കണക്കാക്കുന്നു.

2008-ൽ സേവി മനോ മാത്യുവിനെ മാധ്യമങ്ങൾ ഏകപക്ഷീയമായി ആക്രമിച്ചപ്പോൾ കേരളത്തിലെ ഏറ്റവും അറിയപ്പെടുന്ന ഒരു പൊതുതാൽപര്യ NGO യുടെ സ്ഥാപകനും ഉപദേശകനുമായ എന്റെ സുഹൃത്തുകൂടിയായ വ്യക്തി മാധ്യമങ്ങളുടെ ഏകാധിപത്യത്തിനെതിരെ ശബ്ദമുയർത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. പിന്നീട് പല സമയത്തും നടന്ന സമാനമായ മാധ്യമവേട്ടകളെ അതാതുകാലത്തെ സംഭവവികാസങ്ങളുടെ തെളിവുകളോടെ അജ്ഞാതനായ-പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത- ആ പൊതുപ്രവർത്തകൻ എന്നോടു പറഞ്ഞത് ഇതിങ്ങനെ പോയാൽ ജനങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമെന്നും ഈ പോക്ക് കലാപങ്ങളിലേക്കു നയിക്കുമെന്നുമായിരുന്നു. ആ പ്രവചനമാണ് ഇപ്പോൾ മാധ്യമ അഭിഭാഷക തർക്കത്തിലൂടെ നടപ്പിലായത്. ഈ പൊതുതാൽപര്യ ഹർജി തയാറാക്കാനുള്ള ഇതിലെ രേഖകൾ അദ്ദേഹമാണ് എന്നെ ഏൽപ്പിച്ചത്.

മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ഏറ്റവും പുതിയ ലേഖനങ്ങൾക്കും വിശകലനങ്ങൾക്കുമായി Adv. Jagadish Chandran Nair രുടെ ലേഖനം 2016 (4) KHC J 1 ലും Justice V. Ramkumar ന്റെ ലേഖനം 2016 (4) KHC J 25 ലും വായിക്കുക. പൗരസ്വാതന്ത്ര്യത്തിന് ഒന്നാം സ്ഥാനം നൽകിക്കൊണ്ടുള്ള മാധ്യമസ്വാതന്ത്ര്യത്തിന് എന്തൊക്കെ നയരൂപീകരണവും നിയമനടപടികളുമാണ് എടുക്കേണ്ടതെന്ന നിങ്ങളുടെ സ്വതന്ത്രചിന്തകൾ ഞങ്ങളെ അറിയിച്ചാൽ അതെല്ലാം ക്രോഡീകരിച്ച് പുതിയൊരു നയരൂപീകരണത്തിനായി നമുക്ക് ശ്രമിക്കാം. ഇനിയെങ്കിലും പ്രതികരിച്ചില്ലെങ്കിൽ എന്താവും സംഭവിക്കുക. അത്രമാത്രം.

**അഡ്വ. ജോൺസൺ മനയാനി**

**9447010701**

**അഡ്വ. ജീവൻ മാത്യു മനയാനി**

**9048028623**

മോണാസ്ട്രി സ്ട്രീറ്റ്
കൊച്ചി - 682011

# 2

# മാധ്യമങ്ങൾ വേട്ടക്കാരാകുമ്പോൾ

2006–11 കാലഘട്ടത്തിലെ ഇടതുഭരണത്തിലെ ഏറ്റവും വലിയ വിവാദമായിരുന്ന പൊൻമുടിയിലെ മെർക്കിസ്റ്റൺ ഭൂമി ഇടപാടിനെ സംബന്ധിച്ച് – 5 വർഷങ്ങൾക്കു മുൻപ് 'മെർക്കിസ്റ്റൺ– നേരിന്റെ രേഖകൾ' എന്ന പേരിൽ 2011 മേയിൽ സേവി മനോ മാത്യു (മെർക്കിസ്റ്റൺ ഭൂമി നിയമാനുസൃതം വാങ്ങി കൃഷിചെയ്തയാൾ) എഴുതിയ പുസ്തകത്തിന്റെ ആമുഖത്തിൽ 'മാധ്യമങ്ങൾ വേട്ടക്കാരാകുമ്പോൾ' എന്ന തലക്കെട്ടിൽ പ്രമുഖ എഴുത്തുകാരനായ സക്കറിയ ഇങ്ങനെ എഴുതി:

"സേവി മനോ മാത്യുവിന്റെ ഈ അനുഭവക്കുറിപ്പ് കേരളത്തിലെ മുഖ്യധാരാ മാധ്യമ സംസ്കാരത്തെയും മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടി സംസ്കാരത്തെയും പറ്റിയുള്ള നടുക്കുകയും ലജ്ജിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്ന ഒരു രേഖയാണ്. മാധ്യമങ്ങളും രാഷ്ട്രീയപ്പാർട്ടികളും ഒറ്റയ്ക്കൊറ്റയ്ക്കും ഒന്നുചേർന്നും നിഷ്ഠുരങ്ങളായ നുണകളുടെ കുരിശേലേറ്റിയ നിസ്സഹായരായ സാധാരണ പൗരന്മാർ കേരളത്തിൽ അനവധിയുണ്ട്. അവയുടെ രാക്ഷസീയശക്തിയോടു പ്രതികരിക്കാൻ അസംഘടിതനായ പൗരന് ശേഷിയില്ല."

"പത്രങ്ങളും ചാനലുകളും രാഷ്ട്രീയപ്പാർട്ടികളും സർക്കാരുദ്യോഗസ്ഥന്മാരും മന്ത്രിമാരും ചേർന്ന് നിർമ്മിച്ച പച്ചക്കള്ളങ്ങളുടെ കടലിൽ മുങ്ങിത്താണ പൗരനാണ് സേവി മനോ മാത്യു. പക്ഷേ പൗരന്റെ പ്രതികരണശേഷിയില്ലായ്മ എന്ന ദയനീയാവസ്ഥയ്ക്കു ശ്രദ്ധേയമായ ഒരു വ്യതിചലനം, സേവിക്കു ലഭിച്ച പീഡനത്തിലൂടെ ഉണ്ടായിരുന്നു–അതാണ് ഈ ചെറു പുസ്തകം. ഗോലിയാത്തുകൾക്കെതിരെ ഒരു ദാവീദ് വായ തുറക്കുന്നു. സേവിയെ ഞാൻ മാധ്യമങ്ങൾക്കും രാഷ്ട്രീയപ്പാർട്ടികൾക്കും അവരുടെ സിൽബന്തികൾക്കും ഇരയായിത്തീർന്നിട്ടുള്ള എല്ലാ നിർഭാഗ്യവാന്മാരായ പൗരന്മാരുടെയും പക്ഷത്തുനിന്നുകൊണ്ട് അഭിനന്ദിക്കുന്നു."

**നരനായാട്ടിന്റെ ഹരം കയറിയ മാധ്യമപ്രവർത്തകർ**

ഇതിൽ സേവി കുറിക്കുന്ന യഥാർത്ഥ വസ്തുക്കളെ തൊട്ടടുത്തുനിന്ന്

നിരീക്ഷിച്ചിരുന്ന ഞാൻ, എന്റെ പരിചയക്കാരും സുഹൃത്തുക്കളുമടങ്ങിയ മാധ്യമപ്രവർത്തകർ ഓരോ ദിവസവും പ്രചരിപ്പിച്ച പുത്തൻ-പുത്തൻ നുണകളെ അവശ്വസനീയതയോടെ മിഴിച്ചുനോക്കിയിരുന്നു. സ്വപ്രയത്നം കൊണ്ട് അനവധി ജോലിക്കാരെയും തൊഴിലാളികളെയും പോറ്റി, എല്ലാ നികുതികളും കരങ്ങളുമടച്ച് ഒരു നിയമലംഘനവും നടത്താതെ സമൂഹത്തിന്റെ സമ്പദ്നിർമ്മാണവ്യവസ്ഥയിൽ പങ്കെടുത്തുകൊണ്ടിരുന്ന ഒരു സാധാരണ പൗരന്റെമേൽ മാധ്യമങ്ങൾ അടിച്ചേൽപ്പിച്ച കളവുകൾക്കും മനുഷ്യാവകാശ-പൗരാവകാശ ലംഘനങ്ങൾക്കും മാധ്യമങ്ങളുടെ ഒരു സഹജീവിയായ ഞാൻ സാക്ഷിനിന്നത് ലജ്ജയാൽ തലകുനിച്ചുകൊണ്ടും അവരുടെ കാപട്യത്തിന്റെ ഭീകരതയിൽ ഞെട്ടിക്കൊണ്ടുമാണ്. തങ്ങളുടെ സാമൂഹിക ഉത്തരവാദിത്തം മനസ്സിലാക്കിയിട്ടുള്ളവർ എന്നു കരുതപ്പെടുന്ന പത്രാധിപന്മാർപോലും നരനായാട്ടിന്റെ ഹരം കയറിയ ലേഖകന്മാർ മെനഞ്ഞെടുത്ത നിറംപിടിപ്പിച്ച നുണകളെ ഭാവഭേദമില്ലാതെ വിഴുങ്ങി. പത്രത്താളുകളുടെയും ബുള്ളറ്റിനുകളുടെയും വലിയ വീതങ്ങൾ നരവേട്ടയ്ക്കായി ഉഴിഞ്ഞുവച്ചു."

### കള്ളവാർത്തകൾ ചമച്ച പത്ര, ചാനൽ വാർത്തകൾ

"സേവിയെപ്പറ്റിയും ഐ.എസ്.ആർ.ഒ. യെപ്പറ്റിയും സത്യസന്ധമായി ഉത്തരവാദിത്വം നിർവഹിച്ച ഉദ്യോഗസ്ഥന്മാരെപ്പറ്റിയും കള്ളവാർത്തകൾ ചമച്ച പത്ര-ചാനൽ പ്രവർത്തകർ അതു ചെയ്തത്, തങ്ങളുടെ പ്രവൃത്തി മാധ്യമധർമ്മത്തിനും സത്യത്തിനും കടകവിരുദ്ധമാണ് എന്നറിഞ്ഞുകൊണ്ടുതന്നെയാണ് എന്നതിൽ സംശയമില്ല. അവരങ്ങനെ പ്രവർത്തിച്ചതാവട്ടെ ചിലരുടെ കരിപുരണ്ട നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാനുമായിരുന്നു. കളവുകളുടെ ഈ ശൃംഖലയ്ക്കു തുടക്കമിട്ടവരെ പിന്തള്ളിക്കൊണ്ട് അതിന്റെ വിപണനസാധ്യത മനസ്സിലാക്കിയ നേതൃമാധ്യമങ്ങൾ, തങ്ങളുടെ പുതിയ ചൂടുള്ള കളവുകൾ ആവിഷ്കരിച്ചു. 'ഐ.എസ്.ആർ.ഒ. ചാരക്കേസി'ലെന്നപോലെ ഇത്തവണയും റിപ്പോർട്ടർമാർക്ക് സേവി മനോ മാത്യുവിനെപ്പറ്റി ദിനംപ്രതി പുതിയ 'കഥകൾ' ഉണ്ടാക്കിക്കൊണ്ടുവരാനുള്ള ഉത്തരവ് ലഭിച്ചു."

### പൗരൻമാരെ തേജോവധം ചെയ്യുന്ന മാധ്യമപ്രവർത്തകർ

"നിസ്സഹായരായ പൗരന്മാരെ ഇത്തരത്തിൽ സമൂഹമധ്യത്തിൽ തേജോവധം ചെയ്യുന്ന മാധ്യമപ്രവർത്തകരെപ്പറ്റി ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. ഇവർക്കും ഭാര്യയും മക്കളും അച്ഛനമ്മമാരുമില്ലേ? ഇവർ ചെയ്യുന്ന അളവില്ലാത്ത ദുഷ്ടതയുടെ ശിക്ഷ, പ്രപഞ്ച നീതി ഏതു വിധത്തിലായിരിക്കും ഇവർക്കു നൽകുക? അതോ അത്തരമൊരു നീതി - അധർമ്മത്തിനെതിരെ കാലവും പ്രപഞ്ചവും നൽകുന്ന തിരിച്ചടി-വാസ്തവത്തിൽ ഇല്ല എന്നുണ്ടോ? ലക്ഷക്കണക്കിന് വായനക്കാർ അവരിലർപ്പിച്ചിരിക്കുന്ന വിശ്വാസത്തെയാണ് അവർ നിർദാക്ഷിണ്യം കൂസലില്ലാതെ കളവുകൾകൊണ്ട് ചവിട്ടിമെതിക്കുന്നത്. അവർ ദൈവവിശ്വാസികളായിരിക്കുമോ എന്ന് അവിശ്വാസിയായ ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. ആണെങ്കിൽ എന്താ

യിരിക്കും അവരുടെ ദൈവം? ആ ദൈവവും സത്യവുമായി എന്തെങ്കിലു മൊരു ബന്ധം അവർ കാണുന്നുണ്ടോ? കാണുന്നുണ്ടെങ്കിൽ ആ ദൈവ ത്തിനു മുമ്പിൽ നിൽക്കുമ്പോൾ തങ്ങൾ സൃഷ്ടിച്ച നുണകളുടെ ഭാരം അവരുടെ മനഃസാക്ഷികളിൽ നിറയേണ്ടതല്ലേ?"

"എന്നെ കൂടുതൽ വിഷാദിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്ത മറ്റൊരു വസ്തുതയുണ്ട്. കളവുകളുടെ ഈ കരിങ്കോട്ട പണിതവരിൽ പലരും മാധ്യമവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നവർകൂടിയാണ്. ആ വിദ്യാർത്ഥികളുടെ യുവമനസ്സുകളിലേക്ക് ഈ ഗുരുനാഥന്മാർ സ്വന്തം പ്രവർത്തനശൈലിയിൽനിന്ന് ഊറുന്ന കൊടും വിഷമായിരിക്കില്ലേ കട ത്തിവിടുന്നത്? തലമുറയിൽനിന്ന് തലമുറയിലേക്കു ധാർമ്മിക മലിനീക രണത്തിന്റെ ആപത്കരമായ പാത നീളുന്നു. വലിയ വലിയ കളവുകളുടെ ദൈവങ്ങളായിത്തീരാനും അതിവേഗ ഭാഗ്യാന്വേഷികളായിത്തീരാനും മാധ്യമവിദ്യാർത്ഥികൾ തുടക്കത്തിലേ പഠിക്കുന്നു."

'ഐ.എസ്.ആർ.ഒ. ചാരവൃത്തിക്കേസ്' എന്ന പേരിൽ പോലീസി ലെയും രാഷ്ട്രീയത്തിലെയും തൽപരകക്ഷികളുമായി ഒത്തുചേർന്ന് മല യാള മാധ്യമങ്ങൾ രണ്ടുദശകങ്ങൾ മുമ്പ് അരങ്ങേറിയ കളവുകളുടെ മഹാ നാടകത്തിനുശേഷം, മലയാള മാധ്യമങ്ങളുടെ അധഃപതനത്തിന്റെ നെല്ലി പ്പലക നാം വീണ്ടും കണ്ടത് സേവി മനോ മാത്യു–മെർക്കിസ്റ്റൺ–ഐ.എ സ്.ആർ.ഒ. വ്യാജവാർത്താപ്രളയത്തിലായിരുന്നു.

ഈ രണ്ട് വാർത്താ കോളിളക്കങ്ങളിലേക്കും ഐ.എസ്.ആർ.ഒ. വലി ച്ചിഴക്കപ്പെട്ടത് യാദൃശ്ചികമായിരുന്നു എന്നു കരുതാനാവില്ല. കാരണം, പുറങ്കടലിലൂടെ എങ്ങോട്ടോ പോകുന്ന ചരക്കുകപ്പലുകളിലൊന്ന് യന്ത്ര ത്തകരാർ വന്ന് കേരളതീരത്തിനടുത്ത് നങ്കൂരമിട്ടാൽ "രഹസ്യക്കപ്പൽ ദുരൂ ഹത പരത്തുന്നു" എന്ന് വാർത്താപ്രഘോഷണം നടത്തി ദേശസ്നേഹം പ്രഖ്യാപിക്കുന്ന മലയാള മാധ്യങ്ങൾ, ഇന്ത്യയുടെ പ്രതിരോധശേഷിയു ടെയും ഒരുപക്ഷേ, അതിലും പ്രാധാന്യമേറിയ ബഹിരാകാശ ഗവേഷണ ശക്തിയുടെയും ആണിക്കല്ലായ ഐ.എസ്.ആർ.ഒ. യെ എത്ര ആസൂത്രി തമായാണ് ഈ രണ്ടു 'കേസു'കളിലും ആക്രമിക്കുകയും അതിന്റെ സുപ്ര ധാന പദ്ധതികളെ തകർക്കാൻ ശ്രമിക്കുകയും ചെയ്തത് എന്നു ചിന്തി ക്കുമ്പോൾ അവർ ആർക്കുവേണ്ടിയാണ് പ്രവർത്തിച്ചത് എന്ന് അത്ഭുത പ്പെടാതെ നിവൃത്തിയില്ല.

ഇന്ത്യയുടെ ബഹിരാകാശപദ്ധതികളെ അട്ടിമറിക്കാൻ താൽപര്യപ്പെ ടുന്ന ബാഹ്യശക്തികൾ നിരവധിയാണ്. ഐ.എസ്.ആർ.ഒ. അതിന്റെ ചരി ത്രപ്രധാനവും ആഗോളതലത്തിൽതന്നെ ശ്രദ്ധേയവുമായ ബഹിരാകാശ പഠന ഗേവേഷണകേന്ദ്രം സ്ഥാപിക്കാനായാണ് സേവി മനോ മാത്യുവിന്റെ പക്കൽനിന്ന് പൊന്മുടിയിൽ സ്ഥലം വാങ്ങിയത്. രാജ്യസുരക്ഷാപരമായും ബഹിരാകാശസാങ്കേതികവിദ്യാനേതൃത്വപരമായും ഗുരുതര പ്രാധാന്യമുള്ള ഒരു സംരംഭത്തെയാണ് സേവി മനോ മാത്യു എന്ന വടിയുപയോഗിച്ച് തകർക്കാൻ മാധ്യമങ്ങളും രാഷ്ട്രീയപ്പാർട്ടികളും ശ്രമിച്ചത് എന്നത് നിസ്സാ

രമായി തള്ളിക്കളയാവുന്ന വസ്തുതയല്ല. പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ഏഷ്യയിൽതന്നെ ഒരു മാർഗ്ഗദർശിയുമായ ഈ സംരംഭത്തിന്റെ ഉദ്ഘാടനത്തിനുവേണ്ടിയുള്ള പ്രധാനമന്ത്രിയുടെ കേരളസന്ദർശനത്തെപ്പോലും മാധ്യമങ്ങളിലെ നിഗൂഢതാൽപര്യങ്ങൾ തുരങ്കം വച്ചു എന്നുംകൂടി ചേർത്തുവായിക്കുമ്പോൾ ആപത്കരമായ ഗൂഢാലോചനകളുടെ നിഴലുകൾ ഈ മാധ്യമനാടകത്തിന്മേൽ പതിയുന്നു. വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വത്തിന്റെ ഇക്കാര്യങ്ങളിലെ വിചിത്രവും ഒപ്പം പരിഹാസ്യവും ആയ പങ്കും കൂടി നാം കൂട്ടിവായിച്ചേ തീരൂ.

ഒരു എഴുത്തുകാരനല്ലാത്ത സേവി മനോ മാത്യു തന്റേതായ രീതിയിൽ ഈ ചെറുപുസ്തകത്തിൽ മെർക്കിസ്റ്റൺ എസ്റ്റേറ്റിനെക്കുറിച്ചും ഐ.എസ്.ആർ.ഒ. യ്ക്ക് നടത്തിയ സ്ഥലം വിൽപ്പനയെക്കുറിച്ചും പരിസ്ഥിതി ദുർബ്ബലപ്രദേശമെന്ന തർക്കത്തെക്കുറിച്ചുമുള്ള യഥാർത്ഥ വസ്തുതകൾ ചുരുക്കത്തിൽ അവതരിപ്പിക്കുന്നു. മാധ്യമങ്ങളും നിയമസഭയിലും പുറത്തും പ്രസ്താവനമേളകൾ നടത്തിയ രാഷ്ട്രീയ നേതാക്കളും കണ്ണോടിക്കാൻ പോലും വിസമ്മതിച്ച അടിസ്ഥാന രേഖകൾ ഈ പുസ്തകത്തിലുണ്ട്. സേവി എഴുതുംപോലെ, ആടിനെ പട്ടിയാക്കാൻ തീരുമാനിച്ചാൽ പിന്നെ ആടിനെ സംബന്ധിച്ച വസ്തുതകൾക്ക് എന്തു വില?

ഏറ്റവും നടുക്കുന്ന വസ്തുത മറ്റൊന്നാണ്. സേവി മനോ മാത്യു മെർക്കിസ്റ്റൺ എസ്റ്റേറ്റ് വാങ്ങിയത് വില്ലേജ് ഓഫീസിൽനിന്നും സബ് രജിസ്ട്രാർ ഓഫീസിൽനിന്നും കൃത്യമായ രേഖകൾ കിട്ടിയതിനാലും ബാധ്യതകളില്ലാത്തതിനാലും ആയിരുന്നു. അതുപോലെതന്നെ, ഇ.എഫ്.എൽ. കസ്റ്റോഡിയനും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായിരുന്ന വി. ഗോപിനാഥ് മെർക്കിസ്റ്റൺ എസ്റ്റേറ്റിലെ 60 ഏക്കർ ഒഴിച്ചുള്ള കൃഷിഭൂമി ഇ.എഫ്.എല്ലിൽനിന്ന് ഒഴിവാക്കിയതും നിലവിലുള്ള നിയമങ്ങൾ പ്രകാരമായിരുന്നു. പക്ഷേ, സർക്കാരിന്റെ രേഖകളെയും വിജ്ഞാപനങ്ങളെയും അനുസരിച്ചുകൊണ്ട് ഭൂമിയിടപാട് നടത്തിയ സേവി കുറ്റക്കാരനായി! സർക്കാർ അതിന്റെ സ്വന്തം രേഖകളെയും ഓർഡറുകളെയും അതിന്റെ സ്വന്തം ഉദ്യോഗസ്ഥന്മാരെയും നിർല്ലജ്ജം തള്ളിപ്പറയുന്ന കാഴ്ചയാണ് നാം കണ്ടത്. അവ വ്യാജങ്ങളായിരുന്നുവെങ്കിൽ, അവ നൽകി ഒരു പൗരനെ ചതിച്ച സർക്കാരിനല്ലേ കുറ്റപത്രം നൽകേണ്ടത്? ഈ വിധത്തിൽ ഒരു ഭരണകൂടം അവസരം പോലെ സ്വന്തം നിയമങ്ങളെയും അവ നടപ്പാക്കുന്ന ഉദ്യോഗസ്ഥന്മാരെയും തള്ളിപ്പറഞ്ഞുതുടങ്ങിയാൽ, കളവു പറഞ്ഞുതുടങ്ങിയാൽ, ഒരു സാധാരണ പൗരൻ ആരെ വിശ്വസിക്കും? എങ്ങനെയവൻ തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകും? ഭരണകൂടത്തിന്റെ വിശ്വാസവഞ്ചനയെ പൗരന്മാർ എങ്ങനെ അതിജീവിക്കും?

മലയാള മാധ്യമങ്ങൾ, ഒറ്റപ്പെട്ടവരും അസംഘടിതരുമായ പൗരന്മാർക്കെതിരെ നിർബാധം നടത്തിപ്പോരുന്ന പൗരാവകാശ-മനുഷ്യാവകാശ ലംഘനങ്ങളുടെയും വ്യക്തിത്വഹിംസകളുടെയും ആദ്യത്തെ ഇരയല്ല സേവി മനോ മാത്യു. പരിക്കുകളോടും നാശനഷ്ടങ്ങളോടെയുമാണെങ്കിലും അദ്ദേഹം പിടിച്ചുനിൽക്കുകയും അതിജീവിക്കുകയും ചെയ്തു

വെന്നുമാത്രം. സേവി എന്ന ഇന്ത്യൻ പൗരന്റെ ഒപ്പമുണ്ടായിരുന്ന കൃത്യമായ സത്യവും നിയമപരമായ പരമാർത്ഥങ്ങളുമാണ് മാധ്യമങ്ങളുടെ കരവാളിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചത്.

സേവി എന്ന മാധ്യമ ഇരയുടെ ഈ വസ്തുതാ വിവരണം, അദ്ദേഹത്തെ വേട്ടയാടിയവരും ഇപ്പോഴും വേട്ട തുടരുന്നവരും മാത്രമല്ല, സാധാരണ പൗരന്മാരും രാഷ്ട്രീയപ്പാർട്ടികളിലെയും സർക്കാരിലെയും തുറന്ന മനസ്സുള്ളവരും വായിക്കാനിടവരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. കാരണം, ഇത് സേവി മനോ മാത്യു എന്ന ഒറ്റപ്പെട്ട പൗരന്റെ കഥയായി അവസാനിക്കുന്നില്ല. നാളെ ഇത്തരമൊരു ആസൂത്രിത നരവേട്ട കേരളത്തിലെ ഏതൊരു പൗരന്റെമേലും വീണ്ടും അടിച്ചേൽപ്പിക്കപ്പെട്ടേക്കാം.

# 3

# അവതാരകൻ എന്ന ഏകാധിപതി

2011-ലെ സക്കറിയയുടെ ഈ കണ്ടെത്തലുകൾ ശരിയാണെന്നു സമർത്ഥിക്കുന്നത് മാതൃഭൂമി ആഴ്ചപ്പതിപ്പുതന്നെയാണ്. വാർത്താചാനലുകളിലെ അവതാരകരെപ്പറ്റിയും വാർത്താചാനലുകളുടെ സ്ഥാപിതതാല്പര്യങ്ങളെപ്പറ്റിയും അവർ എങ്ങനെയാണ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനെപ്പറ്റിയും മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 2016 മാർച്ച് 13-19-ലെ "വെളിച്ചത്തിരുന്നുള്ള അലർച്ചകൾ, ഇരുണ്ടുപോവുന്ന ഇന്ത്യ" എന്ന മുഖ്യലേഖനത്തിൽ എൻ.പി. സജീവ് ഇങ്ങനെ എഴുതി.

ഇക്കഴിഞ്ഞ ഫെബ്രുവരി 19-ന് രാത്രി ഒമ്പതു മണിക്ക് ഇന്ത്യൻ ടെലിവിഷന്റെ ചരിത്രത്തിലെ നിർണായകനിമിഷത്തിൽ നിറക്കൂട്ടുകളില്ലാതെ കറുത്തിരുണ്ടുപോയ ഒരു സ്ക്രീൻ തെളിഞ്ഞു. രാജ്യത്തെ മുൻനിര വാർത്താചാനലായ എൻ.ഡി.ടി.വി-യുടെ സ്ക്രീൻ ആയിരുന്നു അത്. ഇരുണ്ട കാലങ്ങളിൽ ഉണ്ടാവുന്ന പാട്ട് ഇരുണ്ട കാലത്തെക്കുറിച്ചുള്ളതായിരിക്കുമെന്ന ബ്രെഹ്ത്യൻ വരികൾക്ക് കറുത്ത നിറത്തിൽ അടിവരയിടുകയായിരുന്നു എൻ.ഡി.ടി.വി. ഹിന്ദിയുടെ വാർത്താവതാരകാൻ രവീഷ്കുമാർ. "ഞാൻ നിങ്ങളെ ഇരുട്ടിലേക്കു കൂട്ടിക്കൊണ്ടുപോവുകയാണ് ഇന്നത്തെ ഇന്ത്യൻ ടി.വി-യുടെ മുഖം."

**അലറിവിളിക്കുന്ന വാർത്താവതാരകൻ**

"ഞങ്ങൾ വാർത്താവതാരകർ അലറിവിളിച്ചും ആക്രോശിച്ചും നിങ്ങളിലെ വിദ്വേഷത്തിന്റെ കനലുകളെ ഊതിക്കത്തിക്കുകയായിരുന്നു. വാർത്തയിൽ വിവരങ്ങളില്ലാതാവുകയും രോഷം മാത്രം നിറയുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഞങ്ങൾ ഈ സ്ക്രീൻ ഇരുണ്ടതാക്കിയത്. അപ്പോൾ ഞങ്ങൾ എന്താണ് പറയുന്നതെന്ന് ഞങ്ങൾക്ക് കേൾക്കാൻ കഴിയും. വിമതശബ്ദങ്ങളെ പരിഹസിച്ചും തടഞ്ഞും നിശ്ശബ്ദമാക്കുന്ന ഞങ്ങൾക്ക് ഞങ്ങളെ കേൾക്കാൻ കഴിയും. ഒരു സാങ്കേതികപ്രശ്നവും സിഗ്നൽ തകരാറും നിങ്ങൾ ഇപ്പോൾ നേരിടുന്നില്ല."

### ടെലിവിഷൻ വാർത്തയുടെ പ്രസക്തി

മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ അനിഷേധ്യരായ പരിരക്ഷകരാ യാണ് പരിഗണിക്കപ്പെടുന്നത്. ഭരണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറ പ്പാക്കുന്നതിലും സംവാദങ്ങൾ വളർത്തുന്നതിലും നിർമാണാത്മകമായ വിമർശനവ്യവഹാരം രൂപപ്പെടുത്തുന്നതിലും ജനാധിപത്യവ്യവസ്ഥയുടെ നാലാം നെടുംതൂണുകളായ മാധ്യമങ്ങൾക്ക് നിർണായക പങ്കുണ്ട്. ഓരോ സാമൂഹികപ്രശ്നത്തിലുമുള്ള പൊതുജനാഭിപ്രായം ഗ്രഹിക്കാൻ ടെലി വിഷൻ വാർത്തയെയാണ് നാം ആശ്രയിച്ചുപോരുന്നത്. അങ്ങനെ പൊതു ജനാഭിപ്രായങ്ങളുടെ കൈമാറ്റവേദിയായി ന്യൂസ് ചാനലുകൾ മാറുന്നു. പൗരസംഘടനകളുടെയും രാഷ്ട്രീയകക്ഷികളുടെയും പ്രതിനിധികൾ അവിടെ ആശയകൈമാറ്റത്തിന് എത്തിച്ചേരുന്നു. ജനാധിപത്യഭാഷയെ വിശാലാർത്ഥത്തിൽ പ്രദർശിപ്പിക്കുന്ന ദൃശ്യമാധ്യമങ്ങൾ നിയമനിർമാണ സഭ, നീതിന്യായവിഭാഗം, ഭരണനിർവഹണവിഭാഗം എന്നീ ജനാധിപത്യ സ്ഥാപനങ്ങളെക്കാൾ ജനപ്രീതിയുള്ളവയാണ്.

### പരമാധികാര (!) ജനാധിപത്യ (!) സ്ഥാപനം

ജനാധിപത്യപ്രക്രിയയുടെ വിസ്മയക്കാഴ്ചയാണ് പൗരന്/പ്രേക്ഷ കനു മുന്നിൽ ദൃശ്യമാധ്യമങ്ങൾ ഒരുക്കുന്നത് എന്നുപറയാം. മറ്റു ജനാധി പത്യസ്ഥാപനങ്ങളുടെ ധർമ്മങ്ങളെല്ലാം പിടിച്ചുപറിച്ച് ഏറ്റെടുത്തു നട ത്തുന്ന പരമാധികാരജനാധിപത്യസ്ഥാപനമായാണ് ദൃശ്യമാധ്യമങ്ങൾ നില കൊള്ളുന്നത്. നിയമനിർമ്മാണസഭയുടെ ധർമ്മങ്ങൾ ഏറ്റെടുത്തുകൊണ്ട് സ്റ്റുഡിയോയിൽ അവ ജനാധിപത്യപരമായ സംവാദങ്ങൾ നടത്തുന്നു; നയപരിപാടികൾ ചർച്ച ചെയ്യുന്നു. നീതിന്യായവിഭാഗത്തെപ്പോലെ കുറ്റ കൃത്യങ്ങളിൽ മാധ്യമവിചാരണ നടത്തുന്നു. ഭരണനിർവഹണവിഭാഗമായും അത് പ്രവർത്തിക്കുന്നു. കുറ്റകൃത്യങ്ങളുടെ സമാന്തരഅന്വേഷണങ്ങൾ നടത്തുകയും തിരഞ്ഞെടുപ്പ് (അഭിപ്രായവോട്ടെടുപ്പു) നടത്തുകയും പൊതുപരാതികൾക്ക് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. എന്നാൽ, സ്വന്തം പ്രവർത്തനത്തെപ്പറ്റിയും തങ്ങളുടെ നിലനില്പ്പിന്റെ നട്ടെ ല്ലായ കോർപറേറ്റ് ലോകത്തിന്റെ ചൂഷണങ്ങളെക്കുറിച്ചും അവ അർത്ഥ ഗർഭമായ മൗനം പാലിക്കുന്നുണ്ട്. എന്നാൽ ഈ മൗനത്തിന്റെ ഗൂഢാർത്ഥ ങ്ങളെയും രാഷ്ട്രീയാന്തർഗതങ്ങളെയും ധാർമ്മികതയുടെ അടിസ്ഥാന ത്തിൽ മാത്രം വായിക്കാൻ കഴിയില്ലെന്നും മറിച്ച് ഉദാരീകരണാനന്തര ഇന്ത്യ യിലെ സ്വകാര്യമാധ്യമങ്ങളുടെ ശക്തിസാധ്യതകളെക്കുറിച്ചുള്ള വിമർശ നാത്മകമായ അപഗ്രഥനത്തിലൂടെയേ അതിനു കഴിയൂ എന്നും അഭിജിത്ത് റോയ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

### ഉപജാപങ്ങളാകുന്ന ന്യൂസ് കം സംവാദം

രാഷ്ട്രീയ സാമൂഹികപ്രശ്നങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും വിശകലനം ചെയ്യാനുമുള്ളതാണ് ന്യൂസ്റൂം സംവാദം. പക്ഷേ, അത് ഉപ ജാപങ്ങളിലൂടെ പൊതുജനാഭിപ്രായത്തെ ധ്രുവീകരണത്തിനു വിധേയ മാക്കുന്ന മാരകക്രീഡയായി മാറുകയാണിപ്പോൾ. സമീപകാലത്ത് ടെലി

വിഷൻ വാർത്ത ടാബ്ലോയ്ഡ്വത്ക്കരിക്കപ്പെടുന്നതിൽ പ്രണയ്റോയ് ആശങ്ക പ്രകടിപ്പിച്ചിരുന്നു. ശ്രദ്ധയാകർഷിക്കാൻവേണ്ടി എന്തും ചെയ്യുന്ന ഇത്തരം മാധ്യമപ്രവർത്തനം.

**അവതാരകൻ എന്ന ഏകാധിപതി**

സമകാലിക ഇന്ത്യൻ ടെലിവിഷൻ ജേണലിസം ന്യൂസ് ആങ്കർ എന്ന ഒരൊറ്റ വ്യക്തിയിലേക്ക് കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. വാർത്താവതാരകൻ ഇവിടെ റിപ്പോർട്ടറും എഡിറ്ററും ചാനലും താരവുമായി മാറുന്നു. ടെലിവിഷന്റെ മുഴുവൻ ഇടവും അയാളിലേക്ക് പരിമിതപ്പെടുത്തപ്പെടുന്നു. ദൃശ്യമാധ്യമത്തിന്റെ സകല സാധ്യതകളും പ്രൈം ടൈം സംവാദങ്ങളുടെ സങ്കുചിതവൃത്തങ്ങളിൽ ഒതുക്കപ്പെടുന്നു. റിപ്പോർട്ടർമാരെ അപ്രസക്തമാക്കുന്ന മാധ്യമപ്രവർത്തനമാണ് പല ന്യൂസ് ചാനലുകളിലും നടക്കുന്നത്. ടൈംസ് നൗവിലെ റിപ്പോർട്ടർമാർ സൗണ്ട് ബൈറ്റ് ശേഖരിക്കുന്നവർ മാത്രമാണെന്ന് ചാനലിന്റെ മുൻ മുംബൈ ബ്യൂറോ ചീഫ് വെളിപ്പെടുത്തിയിരുന്നു. സംവാദം ഏകോപിപ്പിക്കുന്നതിനുമുൻപ് അവതാരകർ വാർത്തയുടെ വസ്തുനിഷ്ഠത അന്വേഷിക്കുന്നില്ല. സ്റ്റുഡിയോ സംവാദത്തിൽ അതിഥികളായി വരുന്ന രാഷ്ട്രീയനേതാക്കൾ തങ്ങളുടെ നിലപാട് സ്ഥാപിക്കുന്നതിനുവേണ്ടി പറയുന്ന കാര്യങ്ങളുടെ ആധികാരികത പരിശോധിക്കുന്നില്ല.

**വിശ്വാസ്യത തകരുന്ന വാർത്താചാനലുകൾ**

ചാനലുകളുടെ ജനപ്രിയത കൂടുമ്പോൾ വിശ്വാസ്യത തകരുകയാണ്. കൂടുതൽ ജനപ്രിയതയുള്ള മാധ്യമങ്ങൾക്ക് അതിനനുസരിച്ചുള്ള വിശ്വാസ്യതയില്ലെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

വാർത്ത താരമാവുന്നതിനു പകരം അവതാരകൻ താരമാവുകയാണ് ഇവിടെ. അയാൾ ഒരു ജനപ്രിയ സിനിമയിലെ നായകനെപ്പോലെ ധീരോദാത്തനതിപ്രതാപഗുണവാനാണ്. വില്ലനെ സംസാരിക്കാനനുവദിക്കാതെ എല്ലാം ഒറ്റശ്വാസത്തിൽ പറഞ്ഞുതീർക്കുന്ന ആക്ഷൻ ഹീറോ. ന്യൂസ് റൂമിൽ അതിഥികളായി എത്തുന്നവരെ അയാൾ അവഹേളിക്കുന്നു. അവരുടെ കാഴ്ചപ്പാടുകളെ നിർദ്ദയം ചോദ്യംചെയ്യുന്നു. സ്ക്രീനിലെ ആ താരസ്വരൂപം പരിരക്ഷിക്കാൻ അയാൾ ആക്രമണോത്സുകനായ ധീരപുരുഷന്റെ പരിവേഷം എടുത്തണിയുന്നു. ഈ അവഹേളനത്തിനും അധിക്ഷേപത്തിനും പതിവായി വിധേയരാവുന്നവർ സ്റ്റുഡിയോവിലെത്തുന്ന അതിഥികൾ മാത്രമല്ല; അവരുടെ കാഴ്ചപ്പാടുകളും നിലപാടുകളുമുള്ള പ്രേക്ഷകർകൂടിയാണ്.

**ബഹുജന ഉപജാപമാകുന്ന ചാനലുകൾ**

പ്രബലമായ ഭരണകൂടത്തെയല്ല, പൊതുജനങ്ങളെയാണ് വാർത്താവതാരകൻ പ്രതിനിധാനം ചെയ്യേണ്ടത് എന്ന് പ്രേക്ഷകർ കരുതുന്നുണ്ട്. അതുകൊണ്ടുതന്നെ അവതാരകരിൽനിന്ന് അവർ നിഷ്പക്ഷത പ്രതീക്ഷിക്കുന്നു.

ബഹുജന മാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയം (Mass communication) ഇവിടെ ബഹുജന ഉപജാപ (Mass manipulation) മായി മാറുകയാണ്.

അഞ്ചുവർഷം മുൻപെ മെർക്കിസ്റ്റൺ വിവാദത്തിൽ സക്കറിയ എഴുതിയ മാധ്യമവേട്ടയെ അനുസ്മരിപ്പിക്കുന്ന മറ്റൊരു മാധ്യമ വേട്ടയായിരുന്നു ബാർകോഴ കേസിൽ കെ.എം. മാണിക്കെതിരെ നടന്നതെന്ന് ചാനൽ ചർച്ചകളുടെ പോക്ക് കണ്ടപ്പോഴെ എല്ലാവർക്കും മനസ്സിലായിരുന്നു. കെ.എം. മാണിക്കെതിരെ ചാനൽ ചർച്ചകളിൽ അഴിഞ്ഞാടിയ നിരവധി മാധ്യമപ്രവർത്തകരും ജനപ്രതിനിധകളും പൗരപ്രമുഖരും എനിക്ക് അടുത്തറിയാവുന്നവർ ആയിരുന്നതിനാൽ സക്കറിയ പറഞ്ഞതു ശരിയാണെന്നു മനസ്സിലാക്കാൻ ഏറെ സമയം വേണ്ടിവന്നില്ല. ദശാംശത്തിന്റെ പരിധിയിൽ പെടുത്തിയെങ്കിലും കേസുനടത്തിപ്പിനുള്ള ചിലവുകൾപോലും നൽകാതിരുന്നതിനാൽ മലയോരപട്ടയ കേസു കാലഘട്ടം മുതൽ കെ.എം. മാണി എന്റെ ശത്രുവാണ്. അതുകൊണ്ടുതന്നെ ബാർകോഴ കേസിൽ ഞാൻ സന്തോഷിക്കണമായിരുന്നു. എന്നാൽ എനിക്കു മുന്നിൽ വന്ന മന്ത്രിസഭായോഗതീരുമാന നോട്ട് ഫയൽ അടക്കമുള്ള രേഖകൾ മാണിയുടെ ഈ കേസിലെ പങ്കാളിത്തം ചോദ്യം ചെയ്യുന്നു. പ്രത്യേകിച്ച് ബാർ കേസിൽ ബാറുകൾക്കെതിരെ നിലപാടെടുത്ത രണ്ടു സംഘടനകൾക്കു വേണ്ടി ഞാൻ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നേരിട്ട് കേസ് നടത്തിയ സാഹചര്യത്തിൽ. കേസു നടത്തിപ്പുമായി ബന്ധപ്പെട്ട വിവരാവകാശനിയമപ്രകാരം അവർ സ്വന്തമാക്കി എന്നെ ഏൽപ്പിച്ച മന്ത്രിസഭാനോട്ടുഫയലുകൾ അടക്കമുള്ള രേഖകൾ മാണിക്കതിലുള്ള റോൾ ചോദ്യം ചെയ്യുന്നു എന്നു തെളിയിച്ചപ്പോൾ മാധ്യമങ്ങളുടെ വിശ്വാസ്യതയെ വട്ടപ്പൂജ്യത്തിലെത്തിച്ചിരിക്കുന്നു.

# 4

# പത്രമാഫിയക്കെതിരെ പൊതുതാൽപര്യ ഹർജി

### ജുഡീഷ്യറിയെ വെല്ലുവിളിക്കുമ്പോൾ

ജനാധിപത്യത്തിന്റെ നെടുതൂണായ ഒരു പരിധിവരെ ആഴിമതിയും സ്വാധീനവും എത്തിച്ചേരാത്ത ഒന്നാണ് ജുഡീഷ്യറി. കേരളത്തിലെ ജന ങ്ങൾ ഏറെ വിശ്വാസത്തോടെയും അതിലേറെ നീതി നടത്തിക്കിട്ടും എന്ന തോന്നലോടെയും സമീപിക്കുന്നത് ഹൈക്കോടതിയെയാണ്. കേരള ഹൈക്കോടതിക്കെതിരെയും ജഡ്ജിമാർക്കെതിരെയും അവരുടെ കോട തിപരാമർശങ്ങൾക്കെതിരെയും വാർത്താചനൽ റിപ്പോർട്ടർമാർ തെറ്റായി ചാനലുകളിൽ പ്രതികരിച്ചപ്പോഴായിരുന്നു കോടതി റിപ്പോർട്ടിങ്ങിന് നിയ ന്ത്രണങ്ങൾ വേണമെന്നും കോടതി കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാൻ സാധി ക്കുന്നത്ര വിദ്യാഭ്യാസയോഗ്യതയും പക്വതയും ഉള്ളവരെ മാത്രമെ കോടതി റിപ്പോർട്ടിങ്ങിൽ ഹൈക്കോടതിയിൽ കയറ്റാവൂ എന്നാവശ്യപ്പെട്ട് ഞാൻ എന്റെ കക്ഷിയായ സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷനുവേണ്ടി ഹൈക്കോടതിയിൽ WPC 21118/2014 ആയി 1/6/2014 തീയതി ഒരു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തത്. സുപ്രീം കോടതിയിൽ അങ്ങ നെയൊരു നിയന്ത്രണമുണ്ട്. രാജ്യത്ത് പത്രപ്രവർത്തകരെ നിയന്ത്രിക്കണം എന്നാവശ്യപ്പെട്ട ആദ്യ പൊതുതാൽപര്യഹർജിയായിരുന്നു അത്. ഇതിന്റെ ഭവിഷത്ത് ഭീകരമായിരിക്കുമെന്ന് സഹവക്കീലൻമാർ എന്നെ ആദ്യമെ തന്നെ ഉപദേശിച്ചിരുന്നു. ഹർജി ഫയൽ ചെയ്ത പ്രസ്ഥാനത്തിലെ ചിലർക്കും ഇതിൽ എതിർപ്പുണ്ടായിരുന്നു. എങ്കിലും സാമൂഹിക നീതി യുടെ ഭാഗമായി കേസ് ഫയൽചെയ്യാൻ തന്നെ അവർ തീരുമാനിക്കുക യായിരുന്നു.

### പത്രമാഫിയ

പത്രക്കാർക്കെതിരെയുള്ള പൊതുതാൽപര്യഹർജി ഫയൽ ചെയ്ത അന്നുതന്നെ “നിന്നെ ഇപ്പോൾതന്നെ കണ്ടോളാം” എന്ന നിലയിലായി

കൊച്ചിയിലെ പത്രപ്രവർത്തകർ. ഞാനുമായി ബന്ധപ്പെട്ട വാർത്തകൾ ഒന്നും (ഞാൻ മരിച്ചാൽ മരണവാർത്തപോലും) ഒരു പത്രക്കാരും കൊടുക്കരുതെന്നും മനയാനിയെ അങ്ങനെ ഒതുക്കാമെന്നുമായി കൊച്ചിയിലെ "പത്ര"പ്രവർത്തകർ. അതിൽ മുന്നിൽ നിന്നത് ഹൈക്കോടതിയിലെ ചില വനിതാ പത്രപ്രവർത്തകരായിരുന്നു.

ജനോപകാരപ്രദമായ നിരവധി കേസുകളും പത്രവാർത്തകൾക്കാധാരമാകുന്ന നിരവധി സംഭവങ്ങളും പിന്നീടുണ്ടായെങ്കിലും ഞാൻ അതൊന്നും ഒരു പത്രക്കാരനെയും അറിയിച്ചില്ല. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിലെ പ്രചാരകർ ജനങ്ങൾതന്നെയാണ്.എന്നാൽ "മറുനാടൻ മലയാളി" എന്ന പേരിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു ഓൺ ലൈൻ പത്രവും അതിന്റെ പത്രാധിപരായ എരുമേലിക്കാരൻ സാജൻ സക്കറിയയും എന്നെ ബന്ധപ്പെടുകയും ജനങ്ങൾ അറിയേണ്ട വാർത്തകൾ ഒളിച്ചുവയ്ക്കരുതെന്നും ആ വാർത്തകൾ ജനങ്ങൾക്കുവേണ്ടി പരസ്യപ്പെടുത്താമെന്നും പറഞ്ഞു. അതനുസരിച്ച് പിന്നീടുള്ള വാർത്തകൾ ജനങ്ങൾക്കുവേണ്ടി ആവശ്യപ്പെട്ടവർക്കൊക്കെ നൽകി. അതോടെ മാധ്യമ മാഫിയ പത്തിമടക്കി. പത്രക്കാരും വാർത്തകൾ കൊടുക്കാൻ തുടങ്ങി. ചുരുക്കത്തിൽ സക്കറിയ എഴുതിയ "മാധ്യമ വേട്ട" നേരിട്ടനുഭവിച്ച വ്യക്തിയാണ് ഞാൻ.

# 5

# മാധ്യമ അഭിഭാഷക തർക്കം

ആയിരക്കണക്കിനു നിരപരാധികളെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും തല്പരകക്ഷികളുടെ സ്വാധീനത്തിന്റെ പുറത്തും വാർത്താചാനലുകൾ അപരാധികളും കുറ്റക്കാരുമായി വിധിച്ച് ഏകപക്ഷീയമായി മാധ്യമവിചാരണ ചെയ്യുന്നതിനെതിരെ ഹൈക്കോടതിയിലെ മാധ്യമ പ്രവർത്തകരെ അവരുടെതന്നെ സുഹൃത്തുക്കളായ ഹൈക്കോടതി അഭിഭാഷകർ പലപ്രാവശ്യം ഉപദേശിച്ചതാണ്. അതൊക്കെ വാർത്താ അവതാരകന്റെ സ്വാതന്ത്ര്യം എന്നായിരുന്നു ഹൈക്കോടതിയിലെ മാധ്യമ പ്രവർത്തകരുടെ പ്രതികരണം.

മാധ്യമപ്രവർത്തകരുടെ പകയിൽ പൊലിഞ്ഞ ആയിരക്കണക്കിനു ജീവിതങ്ങളുണ്ട്. മാധ്യമങ്ങൾ എന്തുചെയ്താലും ആരെ കൊന്നു കൊലവിളിച്ചാലും അതിനെതിരെ നിയമനടപടികൾ സ്വീകരിക്കാൻ നിലവിൽ നിയമമില്ല. ഒരു സേവി മനോ മാത്യു മാത്രം പ്രതികരിച്ചു. ബാക്കിയുള്ളവരൊക്കെ അപമാനം സഹിച്ചു. പത്രങ്ങളെ നിയന്ത്രിക്കാൻ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ ഉണ്ടെങ്കിൽ ദൃശ്യമാധ്യമങ്ങളെയും ന്യൂസ് ചാനലുകളെയും നിയന്ത്രിക്കാനോ അവരുടെ അതിക്രമങ്ങൾക്കെതിരെ പരാതി നൽകാനോ നിലവിൽ രാജ്യത്ത് നിയമമില്ല. ഓൺ ലൈൻ ന്യൂസ് ചാനലുകളെ നിയന്ത്രിക്കാൻ സൈബർ നിയമമുണ്ട്. പ്രസ് കൗൺസിലിനു നിയന്ത്രിക്കാനായില്ലെങ്കിൽ നിലവിലുള്ള സൈബർ നിയമങ്ങൾ വാർത്താചാനലുകൾക്കും ബാധകമാക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. അതിനെതിരെ മാധ്യമങ്ങൾ പ്രതികരിക്കട്ടെ. സമരം ചെയ്യട്ടെ. അപ്പോഴാകാം ആരോഗ്യപരമായ ചർച്ചകൾ.

മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ തർക്കത്തിന് "നിയമം കൈയിലെടുക്കുമ്പോൾ" എന്നായിരുന്നു കലാകൗമുദിയിൽ (31/7/2016) വടയാർ സുനിൽ തലക്കെട്ടു നല്കിയത്. വിവിധ മലയാള ദിനപത്രങ്ങളിലെ തലക്കെട്ടുകളും ഫോട്ടോകളും നാം കണ്ടുകഴിഞ്ഞതാണ്. ആ വിഷയത്തെപ്പറ്റി പലതവണ ഞാൻ ലേഖനങ്ങളെഴുതിയിരുന്നു. അതിങ്ങനെയായിരുന്നു:

## അഭിഭാഷക-മാധ്യമ തർക്കം എന്ത്

ആസ്ത്രിയ-ഹംഗറിയുടെ ആർച്ച്സ് ഡ്യൂക്കായിരുന്ന ഫ്രാൻസിസ് ഫെർഡിനാന്റിനെ, സെർബിയൻ ദേശീയവാദിയായിരുന്ന ഗാർവിലോ പ്രിൻസിപ്പ് വധിച്ചു. ഒന്നാംലോക മഹായുദ്ധം, പൊട്ടിപ്പുറപ്പെടുവാനുള്ള പെട്ടെന്നുള്ള കാരണം. അതിനുമുമ്പ് യുദ്ധകാരണങ്ങൾ പലതുണ്ട്. യുദ്ധത്തിന് രാജ്യങ്ങൾ തയാറെടുത്തിരുന്നു.

കേരളാ ഹൈക്കോടതിയിലെ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുള്ള പ്രശ്നങ്ങൾ ഇത്ര രൂക്ഷമാകുവാൻ കെടുകാര്യസ്ഥത ധാരാളം. ചൊവ്വാഴ്ച (19-7-2016) ഉച്ചയ്ക്ക് തുടങ്ങിയ ചെറിയ ഉരസ്സൽ അവസാനം വൈകുന്നേരം കല്ലേറിലേക്ക്, ഒരു യുവ അഭിഭാഷകന്റെ കൈയൊടിഞ്ഞു. ബുധനാഴ്ച രാവിലെ ഹൈക്കോർട്ട് അഡ്വക്കേറ്റ് അസോസിയേഷൻ പൊതുയോഗം മീഡിയ റൂം അടച്ചുപൂട്ടുവാൻ ആവശ്യപ്പെടുന്നു. ഉച്ചയ്ക്ക് വീണ്ടും പൊതുയോഗം. ഇതിനിടെ ഹൈക്കോടതിക്കു മുമ്പിൽ മാധ്യമപ്രവർത്തകരുടെ ജാഥയും വെല്ലുവിളിയും. ഇതിന് പോലീസ് അകമ്പടിയും. ഇതെല്ലാം ടിവിയിൽ കണ്ട് ആനന്ദിക്കുന്ന അധികൃതർ. ആ സമയത്തൊന്നും പോലീസ് മേധാവികൾക്കോ, ഹൈക്കോടതി അധികൃതർക്കോ പൊതുനിരത്തിൽ യോഗമോ, ധർണ്ണയോ പാടില്ല എന്നുള്ള നിയമമോ കോടിതിവിധികളോ ഓർമ്മയിൽ വരുന്നില്ല. ക്രിമിനൽ നടപടിക്രമം വകുപ്പുകൾ 33 മുതൽ 145 തീർത്തും അജ്ഞാതം. ടിവിയിൽ അടിപിടി കണ്ട് ആസ്വദിക്കുന്ന അധികൃതർ. അഭിഭാഷകർ, തങ്ങളുടെ ബുദ്ധിമുട്ടുകൾ, അധികൃതരെ അറിയിക്കുന്നു. അധികൃതർ മാധ്യമ സുഹൃത്തുക്കളുമായി ചായകുടിക്കുന്നു. വൈകുന്നേരം അഭിഭാഷക പൊതുയോഗം, കോടതി ബഹിഷ്കരണ തീരുമാനം.

പത്രമാധ്യമങ്ങളിലും ടിവി ചാനലുകളിലും വാർത്തകളുടെ പെരുമഴ! അഭിഭാഷക കലാപം, 'അഭിഭാഷകർ അഴിഞ്ഞാടി.' അഭിഭാഷകഭാഗം വിശദീകരിക്കുവാൻ ആരുമില്ല. യുവ അഭിഭാഷകർ സോഷ്യൽ മീഡിയകളിലൂടെ സത്യാവസ്ഥവെളിപ്പെടുത്തുന്നു. പത്രമാധ്യമങ്ങളിലെ വാർത്താറിപ്പോർട്ടിംഗ് അടിയന്തരാവസ്ഥക്കാലത്തെ വാർത്താ വിതരണ വകുപ്പിന്റെ പ്രസ്സ് റിലീസുകൾക്ക് തുല്യം. ഏകപക്ഷീയം. വ്യാഴാഴ്ച കോടതി ബഹിഷ്ക്കരണം, തിരുവനന്തപുരത്ത് കൂട്ടയടി. മുള്ളുകൊണ്ട് എടുക്കേണ്ടത് തൂമ്പകൊണ്ട് എടുക്കേണ്ട അവസ്ഥ. ക്രിമിനൽ നടപടിക്രമം വകുപ്പുകൾ 133 മുതൽ 145 വരെ വകുപ്പുകൾ അധികൃതരെ പഠിപ്പിക്കാൻ സുപ്രീം കോടതി ജസ്റ്റീസ് കുര്യൻ ജോസഫ് വേണ്ടിവന്നു. റോഡിൽ മാർഗ്ഗതടസ്സം ഉണ്ടാക്കുന്നതും യോഗം ചേരുന്നതും കുറ്റകരമാണെന്ന് അറിയില്ലാത്ത ഹൈക്കോടതി അധികൃതരും, പോലീസ് മേധാവികളും എത്ര ദയനീയം. നിയമത്തിന്റെ നൂലിഴ കീറിമുറിക്കുന്നവർക്ക് സാമാന്യബുദ്ധി ഇല്ലെന്നുണ്ടോ? 4+4= 8 എന്നു കണ്ടുപിടിക്കുവാൻ ലോഗരിതം ടേബിൾ വേണോ?

മാധ്യമ റിപ്പോർട്ടിംഗിനും മാധ്യമ ലേഖകർക്കും വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് കാണിച്ചുകൊടുത്ത പൊതുതാൽപര്യ ഹർജിയിലെ ഹർജി

ക്കാരന്റെ അഭിഭാഷകനാണ് ലേഖകൻ. കേസ് ഇപ്പോഴും നിലവിലുണ്ട്. അതിന് ഒരു ഇംഗ്ലീഷ് പത്ര മാധ്യമ ലേഖകന്റെ വാർത്ത റിപ്പോർട്ടിംഗ് "ഹർജിക്കാരനും അഭിഭാഷകനും തങ്ങളുടെ വാർത്തകൾ കൊടുക്കുവാൻ തന്നെ സമീപിച്ചിട്ടുണ്ടെന്ന്"എത്രനല്ല റിപ്പോർട്ടിംഗ്!

അഭിഭാഷകരുടെയും ജഡ്ജിമാരുടെയും പൊതുജനത്തിന്റെയും തങ്ങളുടെ പേരുകളും പടവും മാധ്യമങ്ങളിൽ വരുവാനുള്ള അഭിവാഞ്ഛ മാധ്യമ പ്രവർത്തകർ ചൂഷണം ചെയ്യുന്നില്ലേ എന്ന് സംശയം. അതിന്റെ പരിണിതഫലങ്ങളാണ് ഇതെല്ലാം?

എന്തായാലും ഭൂതത്താനെ കുടത്തിൽനിന്നും തുറന്നുവിട്ടു. ഭൂതത്താനെ തിരിച്ച് കുടത്തിൽ അടയ്ക്കുവാൻ മാന്ത്രികനായ ജസ്റ്റീസ് കുര്യൻ ജോസഫിനെ കഴിയൂ. അദ്ദേഹം ഡൽഹിയിൽനിന്ന് നേരിട്ടു വരട്ടെ, വരുമെന്ന് പ്രതീക്ഷിക്കുന്നു.

**മാധ്യമ അഭിഭാഷക സംഘട്ടനത്തെപ്പറ്റിയുള്ള തുറന്ന കത്ത്**

1. ബഹു. ഹൈക്കോടതി രജിസ്ട്രാർ ജനറൽ, ഹൈക്കോർട്ട്, എറണാകുളം.
2. പ്രസിഡന്റ്, കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ് അസോസിയേഷൻ, എറണാകുളം.
3. പ്രസിഡന്റ് എറണാകുളം ബാർ അസോസിയേഷൻ, എറണാകുളം,
4. സെക്രട്ടറി. പ്രസ്സ് ക്ലബ്ബ് എറണാകുളം.
5. വിവിധ ചാനൽ എഡിറ്റർമാർ.

സർ,

വിഷയം: മാധ്യമ പ്രവർത്തക – അഭിഭാഷക തർക്കം.

സൂചന: ചാനൽ – പത്രമാധ്യമ ചർച്ചകൾ.

കഴിഞ്ഞ 37 വർഷമായി, ഹൈക്കോടതിയിൽ അഭിഭാഷകനാണ് ഞാൻ. 'മനയാനി അസോസിയേറ്റ്സ്,' എന്ന അഭിഭാഷക സ്ഥാപനത്തിലെ സീനിയർ പാർട്ട്ണറും കേരള ഹൈക്കോടതി അഡ്വേക്കേറ്റ് അസോസിയേഷൻ ലൈഫ് മെമ്പറും. പത്രമാധ്യമചാനൽ പ്രവർത്തകർക്ക് നിയമ റിപ്പോർട്ടിംഗ് ചട്ടങ്ങൾ ഉണ്ടാക്കണമെന്നു കാണിച്ചുകൊടുത്ത റിട്ട് ഹർജിയിൽ, (WPC 21118/2014)ഹർജിക്കാരന്റെ അഭിഭാഷകർ, മനയാനി അസോസിയേറ്റ്സാണ്.

മാധ്യമ അഭിഭാഷക തർക്കത്തിൽ ചാനലുകളും പത്രങ്ങളും നിരന്തരം പുനഃപ്രക്ഷേപണം ചെയ്യുന്ന അഭിഭാഷകന്റെ ചിത്രം എന്റെ മകനും മനയാനി അസോസിയേറ്റ്സിന്റെ പങ്കാളിയുമായ ജീവൻ മാത്യു മനയാനിയുടേതുതന്നെ.

ചാനൽ ചർച്ചകൾക്ക് ചെല്ലുന്ന അഭിഭാഷകരോട് ചാനൽ വക്താക്കളുടെ പെരുമാറ്റം തീർത്തും അസഹനീയമാണ്. ഇന്നലെ (27-7-2016) കൈരളി ടി.വി.യിൽ അഡ്വ. ശാസ്താമംഗലം അജിതകുമാറിനോടുള്ള

പെരുമാറ്റം സാമാന്യമര്യാദയ്ക്കു നിരക്കാത്തതുതന്നെ. മാധ്യമചർച്ചകളിൽ ഈ പെരുമാറ്റം, സീനിയർ അഭിഭാഷകനും ജൂറിസ്റ്റുമായ ശ്രീ. കെ. രാംകുമാറും മുൻ ബാർ കൗൺസിൽ മെമ്പറും, മുൻ ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷൻ പ്രസിഡണ്ടും മുൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറുമായിരുന്ന അഡ്വ. തോമസ് എബ്രാഹവും സഹിച്ചുകഴിഞ്ഞു. ശത്രുക്കൾ വീട്ടിൽ കയറിവന്നാൽ മാന്യതയോടെ സ്വീകരിക്കുക എന്നത് വീട്ടുടമസ്ഥന്റെ മാന്യത. ചാനൽ ചർച്ചകൾക്ക് ആ മാന്യത എവിടെ? ആരാണ് മാന്യർ എന്നു പൊതുജനം താനെ മനസ്സിലാക്കിക്കൊള്ളും. അതുകൊണ്ട്, പ്രിയ സുഹൃത്തുക്കളായ രാംകുമാർ സാറിനോടും ശാസ്തമംഗലം അജിത്കുമാറിനോടും തോമസ് എബ്രഹാമിനോടും ഒരപേക്ഷ, മേലിൽ ചർച്ചകളിൽനിന്നു വിട്ടു നിൽക്കുക. എരിതീയിൽ എന്തിന് എണ്ണ ഒഴിക്കണം.

"ജനം" ടി.വി.യിലെ പൊളിച്ചെഴുത്ത് പരിപാടി (27-07-2016) യും കണ്ടു. ഇതെല്ലാം, കണ്ടുകഴിയുമ്പോൾ എനിക്ക് ഒന്നേ പറയുവാനുള്ളു. മാധ്യമ അഭിഭാഷകർ, ചാനൽ ചർച്ച തുടർന്നോട്ടെ, അത് അവരുടെ ജീവിതവൃത്തി.

28-7-2016 **ജോൺസൺ മനയാനി**

**വാൽക്കഷണം** : രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനഘട്ടത്തിലും ജർമ്മൻ, ജാപ്പാനീസ് പ്രചരണവകുപ്പുകൾ, അവരുടെ യുദ്ധവിജയങ്ങൾ ആഘോഷിക്കുകയായിരുന്നു. പാവം ജർമ്മൻ, ജപ്പാൻ, ജനതകൾ അത് അപ്പാടെ വിശ്വസിച്ചു. അതേ അവസ്ഥയിലേക്ക് മാധ്യമലോകം നീങ്ങരുത്.

## ജുഡീഷ്യൽ ആക്ടിവിസവും ജുഡീഷ്യൽ മരവിപ്പും

ജുഡീഷ്യൽ ആക്ടിവിസത്തിന്റെ ഉത്തമോദാഹരണമാണ്, അന്തരിച്ച ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ രത്തലം മുൻസിപ്പാലിറ്റികേസ് വിധി (1980 AIR (SC) 1622). ജുഡീഷ്യൽ കഴിവില്ലായ്മയുടെ ഉത്തമോദാഹരണമാണ്, 19-7-2016 മുതൽ 4 ദിവസം നീണ്ട ഹൈക്കോടതി മുൻപിൽ നടന്ന അനിഷ്ടസംഭവങ്ങൾ. 25-07-2016-ലെ ഡിവിഷൻ ബഞ്ച് ഉത്തരവ് അതു പൂർത്തീകരിക്കുന്നു.

19-7-2016-ന് ഉച്ചയ്ക്ക് മാധ്യമപ്രവർത്തകരും അഭിഭാഷകരുമായുള്ള ഉരസ്സൽ. വൈകുന്നേരമായപ്പോഴേക്കും അത് യുദ്ധഭൂമിയാകുന്നു. അപ്പോഴൊന്നും ഹൈക്കോടതി അധികൃതർക്കോ, പോലീസ് അധികാരികൾക്കോ, ക്രിമിനൽ നടപടിക്രമങ്ങൾ 133 മുതൽ 145-ന്റെ പ്രസക്തി മനസ്സിലാകുന്നില്ല. പൊതുനിരത്തിൽ കൂട്ടംകൂടുകയോ സമ്മേളനങ്ങൾ നടത്തുകയോ ചെയ്യരുതെന്നുള്ള നിയമവിധികളോ ഓർമ്മയിൽ വരുന്നില്ല. വെള്ളിയാഴ്ച (22-07-2016) രാവിലെ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിക്കുന്നു. 25-07-2016 ഹൈക്കോടതി സ്വമേധയ, ഹൈക്കോടതി പരിസരത്തെ അനിഷ്ട സംഭവങ്ങൾ റിട്ട് ഹർജിയായി

പരിഗണിച്ച് ഹൈക്കോടതി പരിസരത്ത് യോഗങ്ങൾ നിരോധിക്കുന്നു. ഇതെല്ലാം കാണുമ്പോൾ, നമ്പൂതിരി ഫലിതങ്ങളിലെ നമ്പൂതിരിയെയാണ് ഓർമ്മയിൽ വരുന്നത്. നമ്പൂതിരിയുടെ പച്ചക്കറിത്തോട്ടത്തിൽ ഗോമാതാവ് കടന്നു. പയർതോട്ടം നിശ്ശേഷം തിന്നുതീർത്തു. നമ്പൂതിരി ഗോമാതാവിനെ തല്ലിയോടിക്കുവാൻ കറുകപ്പുല്ലുകൊണ്ടുള്ള വടി തയാറാക്കുന്നു. പണിക്കാരൻ ഗോപാലൻ തിരുമേനിയോട് പയർതോട്ടം പശു തിന്നുതീർത്തു എന്ന് അറിയിക്കുന്നു. കറുകപ്പുല്ലുകൊണ്ടുള്ള വടി തീർന്നുകഴിഞ്ഞാൽ ഗോമാതാവിനെ തല്ലിയോടിക്കാം എന്നു തിരുമേനി പറയുന്നു. അൽപസമയം കഴിഞ്ഞ് പണിക്കാരൻ ഗോപാലൻ വന്ന് അറിയിക്കുന്നു. പശു ഓടിപ്പോയി എന്ന്. പാവയ്ക്കത്തോട്ടം രക്ഷപ്പെട്ടുവെന്ന്. നീ എന്തുചെയ്തു എന്ന് തിരുമേനി ആരായുന്നു. ഞാൻ ഉലക്കയ്ക്ക് ഒറ്റ അടി അടിച്ചു. അടി കൊണ്ട ഗോമാതാവ്, മേ, മേ എന്നു കരഞ്ഞുകൊണ്ട് ഓടിപ്പോയി എന്നു മറുപടി. ഗോമാതാവിനെ തല്ലിയല്ലേ എന്നു തിരുമേനി വിലപിക്കുന്നു. ഇതു തന്നെ ഇവിടത്തെ അവസ്ഥയും.

25-07-2016 **ജോൺസൺ മനയാനി**

## മാധ്യമ അഭിഭാഷക തർക്കം - ആരു റിപ്പോർട്ടു ചെയ്തതാണ് ശരി ?

വാർത്താചാനലുകളിലെ വാർത്തകൾ മാധ്യമപ്രവർത്തകരെ ന്യായീകരിക്കുന്ന രംഗങ്ങൾ മാത്രം കാണിച്ചുകൊണ്ടുള്ളതായിരുന്നു. ആയിരക്കണക്കിന് അഭിഭാഷകർ കൈവിരലിലെണ്ണാവുന്ന മാധ്യമപ്രവർത്തകരെ ഹൈക്കോടതിയിൽ ആക്രമിച്ചു. വനിതാ മാധ്യമപ്രവർത്തകരെവരെ കൈയ്യേറ്റംചെയ്തു എന്നൊക്കെ സ്വന്തം ക്യാമറയിലൂടെ ഏകപക്ഷീയമായ രംഗങ്ങൾ ചാനൽ വാർത്തകളാക്കിയപ്പോൾ വാർത്ത കണ്ട ജനങ്ങളും അമ്പരന്നു. സത്യം കണ്ണടച്ച സമയമായിരുന്നു അത്.

എന്നാൽ സമസ്ത മാധ്യമങ്ങളും അവരുടെ തെമ്മാടികളായ കൂലിപ്പണിക്കാരെ (ചാനൽ ക്യാമറാന്മാരും വാർത്താ റിപ്പോർട്ടർമാരും) കൊണ്ട് ലോകത്തെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ നല്കികൊണ്ടിരുന്നപ്പോൾ ഫേസ് ബുക്കിൽ/വാട്ട്സപ്പിൽ അഭിഭാഷക-മാധ്യമപ്രവർത്തക സംഘർഷത്തിന്റെ യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും പ്രചരിച്ചപ്പോൾ മാധ്യമങ്ങളുടെയും മാധ്യമപ്രവർത്തരുടെയും അവരെ നയിക്കുന്ന പത്രധർമ്മത്തിന്റെയും തനിനിറം പുറത്തുവന്നു. മാധ്യമപ്രവർത്തകർക്കെതിരെ ഹൈക്കോടതിയിൽ കേസ് കൊടുത്തതിന്റെ വാശിയായിരുന്നു എന്റെ മകന്റെ ഫോട്ടോ ഒന്നാം പേജിൽ കൊടുത്തത്. അതൊന്നും വ്യക്തിപരമായി ഞങ്ങളെ ബാധിക്കുന്ന കാര്യമല്ല. പോരാട്ടത്തിനിറങ്ങുമ്പോൾ പലതും സഹിക്കേണ്ടിവരും.

ആടിനെ പട്ടിയാക്കുന്ന മലയാള വാർത്താചാനലുകൾ സ്വന്തം കാര്യം സിന്ദാബാദിന്റെ പേരിൽ വാർത്തകൾ ഏകപക്ഷീയമായി വളച്ചൊടിച്ചതിന്റെ ശക്തമായ തെളിവുകളായിരുന്നു അവ.

# 6

# ജനങ്ങളുടെ നിസ്സംഗത ഒരു മുന്നറിയിപ്പ്

മാധ്യമ–അഭിഭാഷക സംഘട്ടനത്തിൽ "അറിയാനുള്ള അവകാശത്തിനുവേണ്ടി പോരാടുന്ന മാധ്യമപ്രവർത്തകർക്കെതിരെയുള്ള സംഘടിത നീക്കത്തെ" ജനങ്ങളും ഏറ്റെടുത്തില്ല/അവർ ഈ സംഘട്ടനത്തിൽ നിസ്സംഗത പ്രകടിപ്പിച്ചു. അതാണ് ജനാധിപത്യകേരളവും മാധ്യമപ്രവർത്തകരും നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്നായിരുന്നു ഡെക്കാൻ ക്രോണിക്കിൾ ദിനപത്രത്തിന്റെ എഡിറ്റർ ജേക്കബിന്റെ ഒരു വാർത്താചാനലിലെ പരിഭവം. ജനങ്ങൾ മാധ്യമപ്രവർത്തകരെ കൈവക്കാഞ്ഞതു ഭാഗ്യം. സത്യത്തിൽ "ജനങ്ങളുടെ പൾസ്" മനസ്സിലാക്കാൻ ജേക്കബ് മാത്രമല്ല വാർത്തകളിലൂടെ ഭീകരപ്രവർത്തനം നടത്തുന്ന മിക്ക ന്യൂസ് ചാനലുകളിലെ ആർക്കും സാധിച്ചില്ല.

ജനപക്ഷത്തു നിൽക്കുന്ന, സ്വതന്ത്രമായി പ്രവർത്തിക്കുന്ന, പക്ഷപാതമില്ലാതെ പ്രതികരിക്കുന്ന മാധ്യമങ്ങൾക്കെന്തെങ്കിലും സംഭവിച്ചാൽ ജനങ്ങൾ അവരുടെ പിന്നിൽ കാണും എന്ന സത്യം എന്തേ ഡെക്കാൻ ക്രോണിക്കിൾ പത്രാധിപർ ജേക്കബ് മറന്നുപോയി. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 1–7 നവംബർ 2015–ലെ "ഭയം കൊണ്ടു മരിച്ചുപോയ മാധ്യമം" എന്ന തലക്കെട്ടിലുള്ള ലേഖനത്തിന്റെ ചില ഭാഗങ്ങൾ തന്നെ അതിനു തെളിവ്.

2015 ജനുവരി ഏഴാം തീയതിക്കു മുൻപുവരെ 'ചാർലി ഹെബ്ദോ' എന്ന ആക്ഷേപഹാസ്യ മാസിക ലോകത്തിനു മുന്നിൽ ഇത്രയൊന്നും അറിയപ്പെട്ടിരുന്നില്ല. ഇടതുവഴി സ്വീകരിച്ച, യുക്തിവാദികളായ, മതേതരരും വർണ, വംശ വെറിയന്മാർക്കെതിരെ നിൽക്കുന്നവരുമായ കുറച്ചു മനുഷ്യരുടെ കൂട്ടായ്മയിലാണ് ചാർലി ഹെബ്ദോ പുറത്തിറങ്ങിയിരുന്നത്. അതുകൊണ്ടുതന്നെ ഇവരുടെ രാഷ്ട്രീയ നിലപാടുകളോട് സാമ്യപ്പെടുന്ന പരിമിതമായ വായനക്കാർ മാത്രമായിരുന്നു ഈ മാസികയ്ക്ക് ആ ദിവസം വരെയുണ്ടായിരുന്നത്. എന്നാൽ, ഏഴാം തീയതിയിലെ കൂട്ടക്കൊലയ്ക്കുശേഷം ചാർലി ഹെബ്ദോ ഫ്രാൻസിൽ മാത്രമല്ല, ലോകത്തിലെ എല്ലാ ജനങ്ങൾക്കും മുന്നിൽ ഒറ്റ ദിവസംകൊണ്ട് പ്രശസ്തമായി.

മരിച്ചവരോട് ഐക്യപ്പെടാനായി പാരീസിലെ തെരുവുകളിൽ ജനങ്ങൾ 'ഞാൻ ചാർലി' എന്ന മുദ്രാവാക്യം ഉയർത്തി പ്രതിഷേധിച്ചു. എന്നാൽ, കൂട്ടക്കൊല കഴിഞ്ഞ്, മൂന്നാം ദിവസം പുറത്തിറങ്ങിയ മാസികയിൽ അവർ ഇങ്ങനെ എഴുതി: "ഞാൻ ചാർലിയാണെന്ന് പ്രഖ്യാപിച്ച ലക്ഷക്കണക്കിന് ജനങ്ങളും എല്ലാ സ്ഥാപനങ്ങളും ബുദ്ധിജീവികളും മാധ്യമ പ്രവർത്തകരും മതവിശ്വാസികളും ഒരുകാര്യം കൂടി ഉറപ്പിച്ചു പറയണം. ഞങ്ങൾ മതേതരരാണെന്ന്." സാധാരണ നാട്ടുനടപ്പനുസരിച്ച് തങ്ങളോട് ഐക്യപ്പെടുന്നവരോട് ഔപചാരികമായി നന്ദി പറയുവാനല്ല, പകരം നിങ്ങൾ മതേതരരാണെന്ന് ഉറക്കെപ്പറയാൻകൂടി സന്നദ്ധരാവണമെന്ന രാഷ്ട്രീയ നിലപാടാണ് ചാർലി ഹെബ്ദോയിലൂടെ അവർ ആവശ്യപ്പെട്ടത്.

ചാർലി ഹെബ്ദോ ഉന്നയിച്ച ഈ നിലപാടിനൊപ്പം നിൽക്കുക എത്ര ദുഷ്കരമാണെന്ന് ആൾക്കൂട്ടത്തിനറിയാം. അതുകൊണ്ടുതന്നെ ഇതിന് തൃപ്തികരമായ ഒരു മറുപടി ലഭിക്കുകയുണ്ടായില്ല. ചാർലി ഹെബ്ദോയ്ക്ക് അനുകൂലമായി നിലപാടെടുത്ത അജ്ഞാതരായ ജനങ്ങൾ മാത്രമല്ല, നാം ഓരോരുത്തരും ഈ നിലപാടിനൊപ്പം നിൽക്കുമോ എന്നു സ്വയം ചോദിക്കേണ്ടതുണ്ട്.

# 7

# ജേണലിസം: പൊളിഞ്ഞു പാളീസാവുന്ന ഗ്രാൻഡ് നറേറ്റീവ്!

**– മനില സി. മോഹൻ**

മാധ്യമങ്ങൾ സംയുക്തമായി വാർത്തകൾ തിരസ്ക്കരിക്കുന്നതിനെക്കുറിച്ച് 2016 മെയ് 22, 28 തീയതിയിലെ മാതൃഭൂമി ആഴ്ചപതിപ്പിലെ ട്രൂകോപ്പി എന്ന കോളത്തിലെ "ജേണലിസം: പൊളിഞ്ഞു പാളീസാവുന്ന ഗ്രാന്റ് നറേറ്റീവ്" എന്ന ലേഖനത്തിൽ മനില സി. മോഹൻ ഒരു ദീർഘദർശിയെപ്പോലെ എഴുതി. പെരുമ്പാവൂരിലെ ജിഷയുടെ കൊലപാതകം ആദ്യഘട്ടത്തിൽ മാധ്യമങ്ങളൊക്കെ "ഒഴിവാക്കി"യതായിരുന്നു. ഇതാ അതിന്റെ വിശദാംശങ്ങൾ. ട്രൂ കോപ്പിയിൽ.

ചില മുഖ്യധാരാ പത്രങ്ങൾ തീരുമാനിച്ചാൽ, ഒരു കൂട്ടം പത്രക്കാർ ചേർന്ന് തീരുമാനിച്ചാൽ ഒരു വാർത്ത, വാർത്തയല്ലാതാക്കാനും വലിയ വാർത്തയാക്കാനും സാധിച്ചിരുന്ന കാലത്തുനിന്ന് ഒരു വാർത്തയേയും കാണാതിരിക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തിയിരിക്കുകയാണ് അച്ചടിമാധ്യമങ്ങളും അച്ചടി മാധ്യമപ്രവർത്തകരും. അച്ചടിക്കപ്പെടുന്നതിലൂടെ, രേഖപ്പെടുത്തുന്നതിലൂടെ ഓർമ്മിക്കാനുള്ള മനുഷ്യന്റെ കഴിവ് ഇല്ലാതാകുമെന്ന് ഭയന്ന പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയുമൊക്കെ കാലത്തുനിന്ന് ഓരോ മനുഷ്യരും പബ്ലിഷറും എഴുത്തുകാരുമായി പരിവർത്തിക്കപ്പെട്ട, ഓരോ മനുഷ്യരും ജേണലിസ്റ്റും കൂടിയായി രൂപാന്തരപ്പെട്ട ഡിജിറ്റൽ വിപ്ലവകാലത്ത് അടിതെറ്റുന്നത് അച്ചടി മാധ്യമങ്ങൾക്കാണ്.

### ജിഷ വധം അറിയാത്ത ചാനലുകൾ

പെരുമ്പാവൂരിൽ കൊല്ലപ്പെട്ട ജിഷ, ആദ്യദിനം ദൃശ്യമാധ്യമങ്ങളുടെ ക്രൈംബുള്ളറ്റിനിലെ ഫുട്ടേജില്ലാത്ത ഡ്രൈ വാർത്തയായിരുന്നു. പിറ്റേന്നത്തെ പത്രങ്ങളിൽ ചരമപ്പേജുകളിലെ ചെറിയ വാർത്ത. വസ്തുതകൾ മുഴുവൻ തെറ്റ്. പോലീസ് കൊടുത്ത വിവരങ്ങൾ. പിറ്റേന്ന് ദൃശ്യമാധ്യമങ്ങൾ വിഷലോടുകൂടി ക്രൈം വാർത്ത കൊടുത്തു. അതിനും പിറ്റേന്ന്

ദൃശ്യമാധ്യമങ്ങളിൽ ഹെഡ് ലൈൻ വാർത്ത. പത്രങ്ങൾക്ക് മൗനം. അതിനും പിറ്റേന്ന് മൂന്നു കോളം വാർത്ത.

അതേസമയത്തുതന്നെ എറണാകുളം ലോ കോളേജിലെ വിദ്യാർത്ഥികളുൾപ്പെട്ട ഫേസ്ബുക്കിലെ സീക്രട്ട് ഗ്രൂപ്പിൽ അതേ കോളേജിലെ വിദ്യാർത്ഥിനിയായിരുന്ന ജിഷയുടെ കൊലപാതകം ചർച്ചയാവുന്നു. വസ്തുതാവിവരങ്ങൾ ശേഖരിക്കപ്പെടുന്നു. ലോ കോളേജ് വിദ്യാർത്ഥിയായ ആർഷോ, പത്രവാർത്തയുടെ ക്ലിപ് ഉൾപ്പെടെ ഫേസ്ബുക്ക് കുറിപ്പിടുന്നു. സാമൂഹ്യമാധ്യമങ്ങളിൽ ജിഷയുടെ കൊലപാതകം പ്രാധാന്യം നേടുന്നു. അവിടന്നങ്ങോട്ട് സാമൂഹ്യപ്രവർത്തകരും വിവിധ കൂട്ടായ്മകളും വിഷയം ഏറ്റെടുക്കുന്നു. ജിഷയുടെ നീതി സമൂഹത്തിന്റെ ആവശ്യമായി മാറുന്നു. അതൊരു മൂവ്മെന്റായി വളരുന്നു. അപ്പോൾ മാത്രമാണ് ദിനപ്പത്രങ്ങൾ ജിഷയുടെ കൊലപാതകത്തിന്റെ സാമൂഹികപ്രാധാന്യം തിരിച്ചറിയുന്നത്. രാഷ്ട്രീയപ്രാധാന്യം തിരിച്ചറിയുന്നത്. വാർത്താപ്രാധാന്യം പോലും തിരിച്ചറിയുന്നത്.

**ചോദ്യങ്ങൾ ചോദിക്കാത്ത മാധ്യമപ്രവർത്തകർ**

ആദ്യദിവസം പോലീസ് കൊടുത്ത വാർത്തയ്ക്കുമേൽ ഏതൊരു മനുഷ്യനും ചോദിക്കേണ്ടിയിരുന്ന ചോദ്യങ്ങൾ ചോദിക്കപ്പെടാതെ പോയി. സാമ്പ്രദായിക ബ്യൂറോ ജേണലിസിന്റെ ബിറ്റുകൾക്കൾപ്പുറത്തേക്ക് സംശയങ്ങളും ചോദ്യങ്ങളും ഇല്ലാതെപോയി. 24 മണിക്കൂറും ഇൻററാക്ടീവും ജാഗ്രത്തുമായിരിക്കുന്ന സോഷ്യൽ മീഡിയയും ഓൺലൈൻ മീഡിയയും ജേണലിസം എന്ന ആശയത്തെ വിപ്ലവകരമായി പൊളിച്ചെഴുതിക്കൊണ്ടിരിക്കുമ്പോഴാണ് 'പാരമ്പര്യ'മാധ്യമങ്ങൾ ചാരുകസേരയുടെ ആലസ്യത്തിൽ സ്വയം സുരക്ഷിതരാണെന്ന് തെറ്റിദ്ധരിക്കുന്നത്. കേരളത്തിൽ ജോലി തേടിയെത്തിയ അസംകാരൻ കൈലാസ് ജ്യോതിയെ കോട്ടയത്ത്വെച്ച് ഒരു കൂട്ടം മലയാളികൾ മർദ്ദിച്ച് പൊരിവെയിലത്ത് കെട്ടിയിട്ട് കൊന്നപ്പോഴും നമ്മുടെ മാധ്യമങ്ങൾക്ക് അതൊരു വലിയ വാർത്തയായില്ല. അൻപതു കൊല്ലം മുൻപത്തെ ജേണലിസ്റ്റിക്ഭാവുകത്വം അലങ്കാരമാക്കിക്കൊണ്ടു നടക്കുന്ന മുഖ്യധാരയുൾപ്പെടെയുള്ള അച്ചടിമാധ്യമങ്ങളുടെ എഡിറ്റോറയൽ രീതികൾ മാറിയില്ലെങ്കിൽ കയ്യിൽ സ്മാർട്ട്ഫോണുമായി നടക്കുന്ന ഓരോ സിറ്റിസൺ ജേണലിസ്റ്റിനും മുന്നിൽ വലിയ സ്ഥാപനങ്ങൾ നിലം പൊത്തുകതന്നെ ചെയ്യും. ഭരണകൂടത്തോടും എസ്റ്റാബ്ലിഷ്മെന്റിനോടും വിധേയത്വം പുലർത്തേണ്ടതില്ലാത്ത, ഒരു ചെറുമുറിയും കംപ്യൂട്ടറും ഇന്റർനെറ്റും മുന്നോ നാലോ ആളുകളുടെ ജേണലിസ്റ്റ് ബോധവും മാത്രം കൈമുതലായിട്ടുള്ള ഓൺലൈൻ പോർട്ടലുകൾ വാർത്തകളെ അറിഞ്ഞു പയോഗിക്കുന്നുണ്ട്. സോഷ്യൽ മീഡിയകളിൽ വ്യാപകമായി ഷെയർ ചെയ്യപ്പെടുന്നത് മുഖ്യധാരാ മാധ്യമങ്ങളുടെ സ്റ്റോറികളെക്കാൾ ഇത്തരം 'ചെറു'മാധ്യമങ്ങളുടെ സ്റ്റോറികളാണ് എന്നത് വസ്തുതയാണ്. മൂലധനം, അടിസ്ഥാനസൗകര്യങ്ങൾ, മാനവവിഭവശേഷി തുടങ്ങിയ നടത്തിപ്പു യാഥാർത്ഥ്യങ്ങളിൽ തട്ടി ഓൺലൈൻ മാധ്യമങ്ങളും സിറ്റിസൺ ജേണലിസ്റ്റുകളും പാതിവഴിയിൽ നിലച്ചുപോയേക്കാം. വഴിമാറി പോയേക്കാം.

പക്ഷേ, ഒന്നിന്റെ സ്ഥാനത്ത് അനേകം പോർട്ടലുകൾ വരും. ഇതൊരു ആശയമായി ഇടമുറിയാത്ത തുടർച്ചയായി പുതിയ സാധ്യതകളും പുതിയ രീതികളും കണ്ടെത്തി മുന്നോട്ട് ചലിച്ചുകൊണ്ടേയിരിക്കും.

വാർത്തയാക്കേണ്ടെന്ന് മുഖ്യധാരാ മാധ്യമങ്ങൾ തീരുമാനിക്കുന്ന ഒന്നും വാർത്തയാവാതെ പോവില്ല. അക്ഷരങ്ങളും ദൃശ്യങ്ങളും ശബ്ദവും ഗ്രാഫിക്സും വരകളും ട്രോളുകളും ചേർന്ന വാർത്താരൂപങ്ങൾ, വിശകലനങ്ങൾ, തെറ്റുതിരുത്തിയും ചൂണ്ടിക്കാണിച്ചും നിരന്തരം ആശയങ്ങളെ സമൂഹമധ്യത്തിലേക്ക് എറിഞ്ഞുകൊടുത്തുകൊണ്ടേയിരിക്കുകയാണ്. ഓൺലൈൻ സിറ്റിസൺ ജേണലിസത്തിലെ ഉള്ളടക്കത്തിന്റെ, ആധികാരിതകയെക്കുറിച്ചുള്ള സംശയങ്ങളായിരുന്നു മുഖ്യധാരാ മാധ്യമങ്ങളിലേക്ക്, അവയുടെ ഉണ്ടെന്ന് കരുതുന്ന ഉത്തരവാദിത്വത്തിലേക്ക് ഓൺലൈൻ വിപ്ലവയാഥാർത്ഥ്യങ്ങളുടെ കാലത്തും വാർത്താന്വേഷകരെ, വായനക്കാരെ എത്തിച്ചുകൊണ്ടിരുന്നിരുന്നത്. എന്നാൽ ഭാവുകത്വപരിണാമത്തിന്റെ ആവശ്യകതയെക്കുറിച്ച്, സ്വയം ചിന്തിക്കാത്ത, മുഖ്യധാരാ അച്ചടിമാധ്യമങ്ങൾ മലയാളിയുടെ വായനാശീലത്തിന്റെ ചെറിയ ആനുകൂല്യത്തിൽനിന്നു പോലും പുറത്തേക്കു തെറിക്കുമെന്ന സത്യം ആദ്യവും അവസാനവും തിരിച്ചറിയേണ്ടത് മുഖ്യധാരാ മാധ്യമങ്ങൾ മാത്രമാണ്.

92 വയസ്സ് പിന്നിട്ട് കമ്യൂണിസറ്റ് നേതാവും മുൻ മുഖ്യമന്ത്രിയുമായ വി.എസ്. അച്യുതാനന്ദൻ ഈ ഇലക്ഷൻ കാംപെയിൻ കാലത്ത് ഫേസ്ബുക്ക് അക്കൗണ്ട് തുടങ്ങി. അദ്ദേഹമിപ്പോൾ വാർത്താക്കുറിപ്പ് എഴുതി പത്രങ്ങൾക്കെത്തിച്ചുകൊടുക്കാറില്ല. ഇനിയൊരുപക്ഷേ, വാർത്താസമ്മേളനം നടത്തില്ലെന്നും വന്നേക്കാം. തനിക്കു പറയാനുള്ളതൊക്കെയും ഫേസ്ബുക്കിൽ പോസ്റ്റും ട്വീറ്റ്ചെയ്യും. മുഖ്യധാരാ മാധ്യമങ്ങളും പാർട്ടി അണികളും പൊതുജനവും ഒരേസമയത്ത് കാര്യങ്ങളറിയും.

വാർത്തയെന്ന ഉത്പന്നം ഇന്ന് ഏറ്റവും കൂടുതൽ വെല്ലുവിളിക്കുന്നത് മുഖ്യധാരാ അച്ചടി മാധ്യമങ്ങളെത്തന്നെയാണ്. ഭരണകൂടങ്ങൾക്കും കക്ഷിരാഷ്ട്രീയനേതൃത്വങ്ങൾക്കും എസ്റ്റാബ്ലിഷ്മെന്റുകൾക്കും മുന്നിൽ വിധേയപ്പെട്ടുനിൽക്കുന്ന ഒരു മുഖ്യധാരാമാധ്യമത്തിനും ജേണലിസത്തിനും ജനപക്ഷത്തുനിൽക്കലാണ് ആദ്യമുൻഗണനയെന്ന് സ്വയം തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ കുറച്ചുകാലംകൂടി മാത്രമേ കിതച്ചുകൊണ്ട് ചലിക്കാനാവൂ. വ്യാജമായ ജേണലിസവും ജേണലിസ്റ്റുകളും തുറന്നുകാട്ടപ്പെടുകതന്നെ ചെയ്യും. ആത്മവിമർശനപരമായ തിരുത്തൽ, പാരമ്പര്യചാരുകസേരകളിൽനിന്നുള്ള എഴുന്നേൽക്കൽ, ജനപക്ഷരാഷ്ട്രീയത്തെ തിരിച്ചറിയൽ ഒക്കെ അച്ചടി വാർത്താമാധ്യമങ്ങൾ നടത്തിയില്ലെങ്കിൽ എത്ര മൂലധന പിന്തുണയുണ്ടായിട്ടും ഒരു കാര്യവുമില്ല." മനില.സി. മോഹൻ ഉപസംഹരിക്കുന്നു.

# 8

# കൊടുത്താൽ കൊല്ലത്തും കിട്ടും തെറിപറയുന്നവൻ തെറികേൾക്കുമ്പോൾ

യാതൊരുവിധ ആധികാരിക തെളിവുകളുമില്ലാതെ സ്വന്തം വ്യക്തി താൽപര്യങ്ങളുടെ പേരിൽ പ്രായമോ പ്രവർത്തന പാരമ്പര്യമോ നോക്കാതെ, ജനപിന്തുണ മനസ്സിലാക്കാതെ മറ്റുള്ളവരെ തെറിപറഞ്ഞുകൊണ്ടിരുന്ന ചിലരെ ജനങ്ങൾ തെറിപറഞ്ഞപ്പോൾ അതു 'വാർത്ത'യായി അതെങ്ങനെ ശരിയാകും. കൊടുക്കുന്നവർ വാങ്ങാനും തയാറാകണം. അതിനെപ്പറ്റി 13-3-2016-ൽ മാധ്യമവിചാരണയും മറുവിചാരണയും എന്ന തലക്കെട്ടിൽ കാലാകൗമുദിയിൽ ഗീതാ നസീർ ഇങ്ങനെ എഴുതി:

**മാധ്യമ വിചാരണയും മറുവിചാരണയും**

മാധ്യമവിചാരണയ്ക്ക് ഒരു മറുവിചാരണ ആരംഭിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയവിഷയങ്ങളിൽ രാത്രികാലത്തെ ന്യൂസ് അവറിൽ അലക്കി വെളുപ്പിക്കുന്ന രീതി മാധ്യമ എത്തിക്സിന്റെ ഏത് അളവുകോലുകൊണ്ട് അളക്കാനാവുമെന്നറിയില്ല. അഴിമതി തുറന്നുകാട്ടാനുള്ള ആത്മാർത്ഥ ശ്രമങ്ങൾ കേരളത്തിൽ തുടർച്ചയായി പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. അതൊക്കെ അപസർപ്പക കഥകളും തമാശക്കഥകളുമായി അധഃപതിക്കുകയാണു പതിവ്. അഴിമതിയും ദുർഭരണവും വ്യവസ്ഥയുടെ കൂടപ്പിറപ്പുകളാകുന്നതുകൊണ്ട് മാധ്യമങ്ങൾ മാത്രം വിചാരിച്ചാൽ അവയൊന്നും ഇല്ലാതാക്കാനാകില്ലല്ലോ.

എന്നാൽ ചിലതൊക്കെ ഉണ്ടാക്കാൻ വെളിച്ചപ്പാടുകളാകുന്ന മാധ്യമങ്ങളെ ഇന്ത്യ ഭയക്കേണ്ടതുണ്ടെന്നു തോന്നുന്നു. ഓശാനപാടുന്ന മാധ്യമ പ്രവർത്തനം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഇത്ര നഗ്നമായി രംഗത്തുവന്നതിപ്പോഴാണ്. കനയ്യകുമാർ ഇന്ത്യാവിരുദ്ധ മുദ്രാവാക്യം വിളിക്കുന്നതായി വ്യാജ ക്ലിപ്പിംഗുകൾ വിഷ്വലുകളിൽ തിരുകിക്കയറ്റി രാജ്യമാകെ പ്രചരിപ്പിച്ച് ദേശസ്നേഹബോധത്തെപ്പോലും ഒരു വിഭാഗം മാധ്യമങ്ങൾ അപമാനിച്ചു. ഇതല്ലേ യഥാർത്ഥത്തിൽ ഏറ്റവും വലിയ രാജ്യദ്രോഹം? ഇതു ചെയ്തവരെ ആരു വിചാരണ ചെയ്യും?

## സി.പി.ഐ നേതാവ് രാജയുടെ മകൾക്കും രക്ഷയില്ല

സി.പി.ഐ. നേതാവും രാജ്യസഭാംഗവുമായ ഡി. രാജയുടെയും സി. പി.ഐ. ദേശീയ എക്സിക്യൂട്ടീവ് അംഗവും എൻ.എഫ്.ഐ.ഡബ്ലിയു ദേശീയ സെക്രട്ടറിയുമായ ആനി രാജയുടെയും മകൾ അപരാജിത ജെ. എൻ.യു-എ.ഐ.എസ്.എഫ്. നേതാവാണ്. അവിടെ നടക്കുന്ന തീക്ഷ്ണ മായ ചെറുത്തുനിൽപ്പുകൾക്ക് നേതൃത്വം നൽകുന്ന അപരാജിതയെ ഐ. എസ്. ബന്ധമാരോപിച്ച് അപകീർത്തിപ്പെടുത്താൻ മംഗളം പത്രം തയാ റായത് ഈ നവമാധ്യമ സംസ്കാരത്തിന്റെ പ്രേതം അവരിൽ ആവാഹി ക്കപ്പെട്ടതുകൊണ്ടാണ്. ഉദ്ദിഷ്ടകാര്യത്തിന് എല്ലാവർക്കും കോർപ്പറേറ്റു കൾ ഉപകാരസ്മരണ നടത്തുന്ന കഥകൾ ഒന്നൊന്നായി പുറത്തുവരു ന്നുണ്ട്. മുൻ ആഭ്യന്തര സെക്രട്ടറി ജി.കെ. പിള്ള അദാനി ഗ്രൂപ്പിന്റെ ഉദ്യോ ഗസ്ഥനായതും മറ്റു പലരും മറ്റു പലതുമാകുന്നതും നമ്മൾ കണ്ടുകൊ ണ്ടിരിക്കുന്നു. എന്നാൽ സ്വന്തം അമ്മയെ അപമാനിക്കാൻ കൂട്ടുനിൽക്കു ന്നവർക്ക് രാജ്യസ്നേഹമുണ്ടാകണമെന്ന് ആഗ്രഹിക്കാൻ പാടില്ലല്ലോ. ഒരു വാർത്ത സൃഷ്ടിച്ചേക്കാവുന്ന വരുംവരായ്കകളെക്കുറിച്ച് ഉത്തമബോധ്യ ത്തോടെയാണ് മേൽപ്പറഞ്ഞവരെല്ലാം വാർത്തകൾ പടച്ചുവിടുന്നത്. അതാണ് മതേതര ജനാധിപത്യസ്നേഹികളെ ഏറെ ഉൽക്കണ്ഠാകുലരാ ക്കുന്നത്.

സിന്ധു സൂര്യകുമാർ എന്ന മാധ്യമപ്രവർത്തകയ്ക്കു നേരിട്ടത് ഇതിന്റെ മറുപുറമാണ്. പറയാത്ത കാര്യം പറഞ്ഞുവെന്ന് പ്രചരിപ്പിച്ച് ഒരു പ്രത്യേക പ്രഭവകേന്ദ്രത്തിൽനിന്നും കിട്ടിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൃത്യനിർവ്വഹണം നടത്തുകയായിരുന്നു. സിന്ധുവിനെ വധിക്കുമെന്നു ഭീഷണിപ്പെടുത്തിയും വേശ്യയെന്നടക്കമുള്ള അസഭ്യപ്രയോഗങ്ങൾ നടത്തി അപമാനിച്ചും അരങ്ങുതകർത്തവർ ജാമ്യത്തിലിറങ്ങവേ തിലകംചാർത്തി മാലയിട്ട് സ്വീകരണം നൽകുന്നതിനെ എന്തു പേരിട്ടു വിളിക്കണം?

(വാർത്താചാനൽ ശൈലിയിൽ—ഒരാൾ വേശ്യയാണെന്നു പറഞ്ഞാൽ — മറിച്ച് തെളിവുകളുടെ പിൻബലത്തിൽ വേശ്യ അല്ലെന്നു തെളിയിക്കു ന്നതുവരെ—വേശ്യ എന്ന ആരോപണം നിലനിൽക്കുമെന്നല്ലേ ഇവ രൊക്കെ ചാനൽ വാർത്തയിൽ നിലപാടെടുക്കുന്നത് ?)

ഇന്ത്യാവിരുദ്ധ മുദ്രാവാക്യം വിളിച്ചില്ലേ? അഫ്സൽ ഗുരു അനുസ്മ രണം നടത്തിയില്ലേ? കനയ്യ രാജ്യദ്രോഹിയല്ലേ. അപരാജിതയ്ക്ക് ഐ. എസ്. ബന്ധമില്ലേ? സിന്ധു സൂര്യകുമാറിന്റെ പ്രശ്നം എഡിറ്റ് പേജി ലൊക്കെ വിഷയമാക്കാൻവേണ്ടി ഉണ്ടോ? എന്നൊക്കെയുള്ള സംശയങ്ങൾ ഇപ്പോഴും ഇവിടെ ഉന്നയിക്കപ്പെടുന്നത് ഫാസിസത്തിന്റെ ഭീകരത ഉൾക്കൊള്ളാൻ പരാജയപ്പെട്ടുപോകുന്ന മനസ്സുകളാണ്. ഹിറ്റ്ലർ ദേശീ യത കത്തിക്കാളിക്കുമ്പോൾ ഗീബൽസ് കല്ലുവച്ച നുണകൾ ആവർത്തി ക്കുകയായിരുന്നു.

**അച്യുതമേനോന്റെ മകൻ രാമൻകുട്ടിയുടെ അനുഭവം**

ജർമ്മനിയിലെ സന്ദർശനത്തിനിടയിൽ പല്ലും എല്ലും കൂമ്പാരമായിക്കിടക്കുന്ന കോൺസൻട്രേഷൻ ക്യാമ്പുകളിലെ നടുക്കുന്ന കാഴ്ച കണ്ണിൽ ഇപ്പോഴുമുണ്ട്. ഹിറ്റ്ലറിന്റെ ടോർച്ചർ സെല്ലുകളുടെ ഭീകരതയും മനസ്സിലുണ്ട്. അച്ചുതമേനോന്റെ മകൻ ഡോ. രാമൻകുട്ടി കനയ്യ സംഭവം നടക്കുമ്പോൾ ഡൽഹിയിലുണ്ടായിരുന്നു. ജെ.എൻ.യു. വിദ്യാർത്ഥികളോടൊപ്പം പ്രകടനത്തിൽ പങ്കുചേർന്ന കാര്യം ഫെയ്സ്ബുക്കിൽ കുറിച്ചിട്ടു. ഇതുവരെ മാന്യന്മാരായിരുന്ന മഹദ്വ്യക്തികൾ പലരും രാമൻകുട്ടിക്കെതിരെ തിരിഞ്ഞു എന്നു മാത്രമല്ല ഒരു രാജ്യദ്രോഹിയെ നിങ്ങൾക്കെങ്ങനെ പിന്തുണയ്ക്കാൻ കഴിയുന്നു എന്നു ചോദിച്ച് രാമൻകുട്ടിയെ സുഹൃത്ത്പട്ടികയിൽനിന്ന് നീക്കുകപോലും ചെയ്തു.

തിരിച്ചറിവിന്റെ കാലമാണ്. കമ്മ്യൂണിസ്റ്റ് രക്തത്തിനും ദളിത് ന്യൂനപക്ഷങ്ങൾക്കും സന്ദേഹമുണ്ടാകില്ല. മറ്റുള്ളവർ തിരിച്ചറിയുമ്പോഴേക്കും വൈകിപ്പോകുമോ എന്നാണു പേടി. (ഗീതാ നസീർ: 9048070792)

# 9

# ഇനി ഫിഫ്ത്ത് എസ്റ്റേറ്റിന്റെ കാലം!

**(മാടവന ബാലകൃഷ്ണപിള്ള)**

ഇപ്പോൾ മാധ്യമങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നതിനെപ്പറ്റി തൻമ എന്ന മാസികയിൽ 2014 നവംബറിൽ 40 വർഷത്തെ പത്രപ്രവർത്തകപാരമ്പര്യമുള്ള പത്രപ്രവർത്തകരിലെതന്നെ ഏറ്റവും സീനിയറായ മാടവന ബാലകൃഷ്ണപിള്ള എഴുതിയ "ഇനി ഫിഫ്ത്ത് എസ്റ്റേറ്റിന്റെ കാലം" എന്ന ലേഖനം ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമാകുന്നു.

**മീഡിയ ആക്ടിവിസം**

കഴിഞ്ഞ കാലങ്ങളിൽ ക്രിയാശക്തിയുടെ വീറിൽ ജ്വലിച്ചുനിന്ന ഒരു മന്ത്രിയുടെ ഇപ്പോഴത്തെ മെല്ലെപ്പോക്കുനയത്തിൽ നിരാശ തോന്നിയ ഞാൻ കുശലപ്രശ്നങ്ങൾക്കിടയിൽ ചോദിച്ചുപോയി, "എന്തേ ഇങ്ങനെ ആക്ടീവല്ലാതാകാൻ?" "ആക്ടീവാകാൻ നിങ്ങൾ പത്രങ്ങളുണ്ടല്ലോ?" നിരാശയോടെയുള്ള മറുചോദ്യം.

അപ്പോഴതാണു കാരണം. മീഡിയ ആക്ടിവിസം. അതിനാൽ അദ്ദേഹത്തിന് ഒന്നും ചെയ്യാനാകുന്നില്ല.

"എന്തുചെയ്താലും കുറ്റം. അപ്പോൾ പിന്നെ ചെയ്യാതിരിക്കുന്നതല്ലേ ഭംഗി? ആരോപണങ്ങളിൽനിന്നെങ്കിലും രക്ഷപ്പെടുമല്ലോ?"

തന്റെ സക്രിയമായ ഭരണനടപടികൾക്കു കടിഞ്ഞാണിടുന്നതു മാധ്യമങ്ങളാണെന്നുള്ള ധാരണയാണു മന്ത്രിക്കുള്ളത്. "ഇവനെപ്പേടിച്ചാരും നേർവഴി നടപ്പീല."

"റോഡിൽ കുഴിവന്നാൽ വകുപ്പുമന്ത്രിക്കാണു പരാതി. റോഡ് പണിയിൽ അഴിമതി. പിന്നെ, കുഴി, കുളമായി മാറുന്നുവെന്നുള്ള നിരന്തരമായ പരാതികളും വാർത്തകളും. അങ്ങനെയെങ്കിൽ അതൊന്നു നികത്തിയാലോ? ടെണ്ടറില്ല. നടപടിക്രമങ്ങൾ പാലിച്ചില്ല. അഴിമതിയോടഴിമതി." മന്ത്രിമാരുടെ നിസ്സഹായാവസ്ഥയെ അദ്ദേഹം കാര്യകാരണസഹിതം വര

ച്ചുകാട്ടുകയാണ്. ഉദ്യോഗസ്ഥരുടെ സ്ഥിതിയും മറിച്ചല്ല. അതിനാൽ ആരും റിസ്കെടുക്കാൻ തയാറാകുന്നില്ല.

"ഇതിനു മാറ്റം വന്നേ തീരൂ. അല്ലെങ്കിൽ നാടിന്റെ വികസനം തന്നെ നിലയ്ക്കും." അദ്ദേഹം കൂട്ടിച്ചേർത്തു.

മാധ്യമങ്ങളെ അധികാരവർഗ്ഗത്തിൽ കഴിയുന്നവർ വല്ലാതെ ഭയക്കുന്നുണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്.

ഈ അവസ്ഥ തീർത്തും അപകടകരമാണ്. മാധ്യമങ്ങൾ പേടിപ്പെടുത്തുന്ന ഉപകരണങ്ങളല്ല. മറിച്ചു തിരുത്തൽ ശക്തിയാണ്. തെറ്റു ചെയ്താൽ മാധ്യമങ്ങൾ പിടിക്കുമെന്നുള്ള ഒരു ബോധം സമൂഹത്തിലുണ്ടാകുന്നതു നല്ലതുതന്നെ. പക്ഷേ, നിരപരാധികളെപ്പോലും വിഴുങ്ങും വിധം വായും പിളർന്നു തക്കം പാർക്കുന്ന ഹിംസ്രജീവികളുടെ ലേബൽ മാധ്യമങ്ങൾ സ്വീകരിക്കുന്നതു ശരിയല്ലെന്നുള്ളതാണ് ഈ മേഖലയിൽ നാല്പത്തിനാലു വർഷത്തോളം പ്രവൃത്തിപരിചയമുള്ള എന്റെ പക്ഷം.

പത്രങ്ങൾ ഇല്ലാത്ത ഒരവസ്ഥയെപ്പറ്റി നമുക്കു ചിന്തിക്കാൻ പോലും കഴിയില്ല. അങ്ങനെയായാൽ കാട്ടുനീതിയാകും നാട്ടിലും പുലരുക. അടിയന്തിരാവസ്ഥക്കാലത്തു നാമതു കണ്ടതാണ്. അനുഭവിച്ചു നൊന്തുനീറിയതാണ്. പത്രസ്വാതന്ത്ര്യത്തിന്റെ സ്വച്ഛവും സുന്ദരവുമായ ജനാധിപത്യക്കാറ്റിൽ വിഹരിക്കുന്ന മാധ്യമങ്ങൾക്കു മാത്രമേ സമൂഹത്തിന്റെ കാവൽമാലാഖമാരായി മാറാനാവുകയുള്ളു. അഴിമതിക്കാരും സ്വജന പക്ഷപാതക്കാരും കെടുകാര്യസ്ഥരുമൊക്കെ കണ്ണടച്ചുപിടിച്ചുകൊണ്ടു കാട്ടിക്കൂട്ടുന്ന സാമൂഹ്യവിരുദ്ധ നടപടികൾ സദാ കണ്ണും തുറന്നുവച്ചുകൊണ്ടു ശ്രദ്ധിക്കുന്ന മാധ്യമങ്ങളുണ്ടെന്നുള്ളതാണ് ജനാധിപത്യത്തിന്റെ ശക്തിയും ശബ്ദവും.

## ചോരുന്ന വിശ്വാസ്യത, ഏറുന്ന പ്രചാരം

ഇവിടെ മാധ്യമങ്ങൾ ഒരു തിരുത്തൽശക്തിയായിട്ടാണ് വർത്തിക്കേണ്ടത്. തെറ്റുചെയ്താൽ പൊളിച്ചുകാട്ടുന്ന ഏജൻസി. അപ്പോൾ ഈ ഏജൻസികൾക്ക് പ്രഥമവും പ്രധാനവുമായി വേണ്ടത് വിശ്വാസ്യതയാണ്. വിശ്വാസ്യത നഷ്ടപ്പെട്ടാൽ മാധ്യമങ്ങൾ പറയുന്നതൊന്നും ജനങ്ങൾ മുഖവിലയ്ക്കെടുക്കില്ല. നിർഭാഗ്യമെന്നു പറയട്ടെ, മാധ്യമങ്ങളുടെ വിശ്വാസ്യത ഇപ്പോൾ ചോർന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും ചാനൽ വാർത്തകളുടെ. ചാനലുകളുടെ ദുഃസ്വാധീനം, അച്ചടി മാധ്യമങ്ങളെയും കുറെയൊക്കെ ബാധിച്ചിട്ടുണ്ടെന്നുള്ളതും വസ്തുത. വസ്തുതകളുടെ പിൻബലത്തോടെ മാത്രമേ വാർത്തകൾ നൽകാനാവൂ എന്നുള്ള സുവർണ്ണതത്വങ്ങൾ പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്നുള്ളതാണ് ഇന്ത്യയിലെ, പ്രത്യേകിച്ചും കേരളത്തിലെ ഇന്നത്തെ ദയനീയാവസ്ഥ. ഇക്കാര്യത്തിൽ പത്രങ്ങളെക്കാൾ മുൻപന്തിയിൽ ചാനലുകളാണ്. 'ചോരുന്ന വിശ്വാസ്യത, ഏറുന്ന പ്രചാരം' എന്ന വിഷയത്തെ ആസ്പദമാക്കി കഴിഞ്ഞദിവസം ദൂരദർശനിൽ നടന്ന സംവാദത്തിൽ പങ്കെടുത്തപ്പോഴാണ് മാധ്യമങ്ങളുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി വീണ്ടും ചിന്തിച്ചുപോയത്.

ഒരുകാര്യം സത്യമാണ്. ചാനലുകളിൽ വാർത്തയുടെ റേറ്റിംഗ് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മെ കരയിപ്പിക്കുകയും ചിരിപ്പിക്കുകയും ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തി പൊരിക്കുകയും ചെയ്യുന്ന സീരിയലുകൾ പിന്തള്ളപ്പെടുകയാണ്, റേറ്റിംഗിൽ. വിസ്മയിപ്പിക്കുകയും വിഭ്രമിപ്പിക്കുകയും ചെയ്യുന്ന കടമറ്റത്തുകത്തനാരന്മാരും സൂര്യകാലടികളുമൊക്കെ പിന്നിൽതന്നെ. സംഗീതത്തിന്റെയും സൗന്ദര്യത്തിന്റെയും പൊടിപൂരമായി അരങ്ങുതകർക്കുന്ന റിയാലിറ്റിഷോകളും വാർത്തകളുടെ ഏഴയലത്തെത്തുന്നില്ല. സരിതമാരുടെയും അബ്ദുള്ളക്കുട്ടിമാരുടെയും സൂര്യനെല്ലിമാരുടെയും അഭയമാരുടെയും ഐസ്ക്രീം നായികമാരുടെയുമൊക്കെ തിളങ്ങിവിളങ്ങുന്ന ആക്ഷൻ ത്രില്ലറുകൾ കണ്ണിലും മനസ്സിലും തിളങ്ങിവിളങ്ങുമ്പോൾ ലഹരിക്കായി എന്തിനു വേറൊരു സൂര്യോദയം എന്നാരാണ് ഓർത്തുപോകാത്തത്. ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ എന്റെ മനസ്സും ഇതിൽ വല്ലാതെ സന്തോഷിക്കുന്നുണ്ട്. “മറ്റെല്ലാം മറന്നേക്കൂ. വാർത്ത... വാർത്ത മാത്രം” എന്ന പരസ്യവാചകം കേട്ടാൽ ഏതു പത്രപ്രവർത്തകനാണ് ആവേശം കൊള്ളാത്തത്?

മലയാളിയുടെ മനസ്സിന്റെ ആഹാരമായി അഴിമതിക്കഥകൾ മാറിയിരിക്കുന്നു. സാമ്പത്തിക അഴിമതികൾ മാത്രമല്ല അഴിമതിക്കഥകൾക്കാധാരം. കെടുകാര്യസ്ഥത, സ്വജനപക്ഷപാതം, തീവ്രവാദം, കൊള്ള, ഭരണസ്തംഭനം, നിസ്സംഗത തുടങ്ങിയവയൊക്കെ അഴിമതികൾതന്നെ. ഇതിലൊക്കെ സെക്സിന്റെ പനിനീർകൂടി തളിച്ചാൽ കുശാലായി. ലഹരിയായി. മൃഷ്ടാന്ന ഭോജനമായി.

മൂന്നുനേരവും വെവ്വേറെ അഴിമതിക്കഥകൾ പുറത്തുവിടുന്നതിലാണു ചാനലുകൾക്കു താൽപര്യം. കഴിഞ്ഞില്ലെങ്കിൽ രണ്ടുനേരമെങ്കിലും. അങ്ങനെയായാൽ ഏമ്പക്കവും വിട്ടു പ്രേക്ഷകർ സമാധാനത്തോടെ കിടന്നുറങ്ങിക്കൊള്ളും. ഇല്ലെങ്കിൽ പ്രേക്ഷകരുടെ വിശപ്പടങ്ങില്ലെന്നുള്ള ധാരണയാണു ചാനലുകൾക്കുള്ളത്. അതിനുള്ള മരണവെപ്രാളത്തിലാണീ ചാനലുകൾ. ഈ ജീവന്മരണ പോരാട്ടത്തിൽ സത്യം തഴയപ്പെടുന്നു. അങ്ങനെ അസത്യത്തിന്റെ മുഖാവരണമണിയിച്ച് ആർഭാടപൂർവം അവതരിപ്പിക്കപ്പെടുന്നു. അതുവഴി വിശ്വാസ്യത ചോരുന്നു. പ്രചാരം വർധിക്കുന്നു.

**നെയ്മർ ആയുർവേദ ചികിത്സായ്ക്കായി കേരളത്തിലേക്ക്!**

ബ്രസീൽതാരം നെയ്മർ ലോകകപ്പോടുകൂടി ലോകമാസകലമുള്ള ഫുട്ബോൾ പ്രേമികളുടെ ഹരമായി മാറുകയായിരുന്നു. ബ്രസീലിന്റെ ഭാഗ്യനക്ഷത്രമായി എല്ലാവരും ഈ കായികതാരത്തെ പുകഴ്ത്തി. പ്രതീക്ഷയുടെ പറുദീസയിലേക്കു കുതിക്കുകയായിരുന്നു നെയ്മർ. അതിനാൽതന്നെ, ബ്രസീൽ ഇക്കുറി ലോകകപ്പു നേടുമെന്നെല്ലാവരും കണക്കുകൂട്ടി. ഈ പ്രത്യാശയുടെ ലഹരിയിലായിരുന്നു ബ്രസീലിലെ ആബാലവൃദ്ധം ജനങ്ങളും. ലോകകപ്പുമേളയുടെ സംഘാടക ശക്തിക്കുതന്നെ ഇത് ഊർജ്ജമായി.

പക്ഷേ, എല്ലാം പെട്ടെന്നു കെട്ടടങ്ങി. പ്രതീക്ഷയുടെ കൊടുമുടിയിൽനിന്നും നെയ്മറെ തള്ളിത്താഴെയിട്ടു ചവിട്ടിമെതിച്ചു. ഒരു കൊളംബിയൻ താരം നെയ്മറുടെ നട്ടെല്ലും നെഞ്ചെല്ലുമൊക്കെ കളിക്കിടയിൽ ഞെക്കിയൊടിച്ചു. ചാനലിൽ കളി കണ്ടവർക്കും നേർകാഴ്ച കണ്ടവർക്കും മനപ്പൂർവ്വമുള്ള ആക്രമണമാണതെന്ന കാര്യത്തിൽ സംശയമില്ല. മത്സരത്തിലെ ശത്രുവായ നെയ്മറെ നിർവീര്യനാക്കുക. ഫലമുണ്ടായി.

ബ്രസീൽ തോറ്റു തുന്നംപാടി. ബ്രസിലിയൻ ജനത കണ്ണീരൊഴുക്കി. ലോക ഫുട്ബോൾ പ്രേമികൾ നിരാശരായി. അസ്ഥിബന്ധങ്ങൾ തകർന്ന നെയ്മർ ചികിത്സയിലാണ്. ഇതേ സന്ദർഭത്തിലാണു മലയാളം ചാനലുകൾ നെയ്മറെ വട്ടമിട്ടു പിടിച്ചത്. ഒരുഗ്രൻ വാർത്ത ബ്രേക്കിംഗ് ന്യൂസായി ഓരോ ചാനലും മത്സരിച്ചു വിളമ്പി നൽകി.

ഈ വാക്കുകൾ വാർത്തയായി ചാനലിൽ സ്കോർ ചെയ്യാൻ തുടങ്ങിയതോടെ കാണികൾ ഞെട്ടി. ഇതെന്തൊരത്ഭുതം! ജനം അന്തംവിട്ടിരിക്കുമ്പോൾ അടുത്ത വരികൾ പ്രത്യക്ഷമായി. "ആയുർവേദ ചികിത്സയ്ക്കാണ് നെയ്മർ കേരളത്തിലെത്തുന്നത്. ബ്രസീലിയൻ സർക്കാർ മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തിക്കഴിഞ്ഞു. എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്താമെന്നു മുഖ്യമന്ത്രി ഉറപ്പുനൽകുകയും ചെയ്തു."

അപ്പോൾ ചികിത്സയാണു കാര്യം. ആദ്യം വിശ്വസിക്കാൻ വിഷമം തോന്നിയെങ്കിലും രണ്ടാം വായനയിൽ നല്ല സാധ്യത തോന്നാതിരുന്നില്ല. ആയുർവേദത്തിനു പുകൾപെറ്റ കേരളത്തിനു ലഭിക്കുന്ന ഒരു ലോട്ടറിയായിട്ടാണു തോന്നിയത്. ആയുർവേദത്തെപ്പറ്റിയുള്ള സന്ദേശം ബ്രസീലിലും എത്തിയതിലുള്ള ആഹ്ലാദം ചില്ലറയായിരുന്നില്ല.

ഏതാനും മിനിറ്റുകൾക്കുശേഷം ഇതേപ്പറ്റിയുള്ള വിശദമായ വാർത്തകൾ ചാനലുകൾ വിളംബരം ചെയ്യാൻ തുടങ്ങി. അവസാനിക്കാത്ത വാർത്തകൾ. ആയുർവേദ ഡയറക്ടർ, തിരുവനന്തപുരം ആയുർവേദ കോളേജ് പ്രിൻസിപ്പൽ തുടങ്ങിയവരുമായുള്ള അഭിമുഖങ്ങൾ. ഏതു തരം ചികിത്സയും നൽകാനുള്ള പ്രാപ്തി കേരളത്തിനുണ്ടെന്നു ഡയറക്ടറും മറ്റും ചങ്കൂറ്റത്തോടെ പ്രഖ്യാപിക്കുന്നു.

വാർത്ത തീരുന്നില്ല. പിന്നെ ചാനൽ ചർച്ചകളായി. ചർച്ചയോടുചർച്ചകൾ. ചർച്ചയിൽ ഒരാളുടെ ആവശ്യം നെയ്മറെ മലബാർ മേഖലയിലേക്കു കൊണ്ടുവരണം!

ചുരുക്കത്തിൽ ഉച്ചമുതൽ പാതിരാത്രിവരെ ന്യൂസ് ചാനലുകളിൽ നെയ്മറും കേരളവും ആയുർവേദവും മാത്രമായിരുന്നു. പാലാ മഹാകവിയുടെ വരികൾ അന്വർത്ഥമാകുകയാണെന്നു തോന്നിപ്പോയി. "കേരളം വളരുന്നു, അന്യമാം ദേശങ്ങളിൽ." ഏതു കേരളീയന്റെ മനസ്സിലും ആഹ്ലാദം തിരതല്ലുന്ന ആയുർവേദ വാർത്ത.

പിറ്റേന്നത്തെ ദിനപ്പത്രങ്ങളിലും ഈ വാർത്ത അല്പം കാര്യമായിത്തന്നെ പ്രസിദ്ധീകരിച്ചിരുന്നു. പക്ഷേ, പിറ്റേന്നു ചാനലുകളിലൊന്നും ഒരു വരിപോലും ഇതേപ്പറ്റി എഴുതിയോ പറഞ്ഞോ കാണുകയോ കേൾക്കുകയോ ചെയ്തില്ല. ഇതെന്തു മറിമായം?

രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോഴാണു സംഗതിയുടെ കിടപ്പുവശം വ്യക്തമാകുന്നത്. നെയ്മർ പോയിട്ടു ബ്രസീലിലെ ഒരു നായക്കുട്ടിപോലും കേരളത്തിലേക്കു വരുന്നില്ല. ഇങ്ങനെ ഒരു സംഭവം നെയ്മറോ ബ്രസീൽകാരോ സ്വപ്നത്തിൽപോലും ചിന്തിച്ചിട്ടുമില്ല!

പക്ഷേ, പുകയില്ലാതെ തീയുണ്ടാകില്ലല്ലോ? അൽപം പുകഞ്ഞുവെന്നുള്ളത് ഒരു പുകയായി മാറിയെന്നുള്ളതു സത്യം. അതുകൊണ്ടാണല്ലോ ചാനലുകൾ അതിട്ട് ഊതിയൂതി തീനാളങ്ങളാക്കിയതും.

അവസാനം ഇതേ മാധ്യമങ്ങൾ തന്നെ ഇതിന്റെ ഉത്തരവാദിത്വം മുഖ്യമന്ത്രിയുടെ തലയിൽ വച്ചുചാർത്തി. അതിൽ വിഷണ്ണനായ ഉമ്മൻചാണ്ടി പരസ്യമായി തന്റെ നീരസം ഒരു പത്രസമ്മേളനത്തിൽ പുറത്തെടുക്കുകയും ചെയ്തു.

"സ്വന്തം ഇഷ്ടാനുസരണം നൽകുന്ന ബ്രേക്കിംഗ് ന്യൂസുകൾ തെറ്റായി മാറുമ്പോൾ അതിന്റെ പഴിയും എന്റെ തലയിൽ കെട്ടിവയ്ക്കരുത്." മുഖ്യമന്ത്രി തുറന്നുപറഞ്ഞു.

"ആരോ പറഞ്ഞറിഞ്ഞ വിവരമനുസരിച്ച് നെയ്മറെപ്പറ്റി വാർത്ത കൊടുത്തു. നെയ്മറോ ബ്രസീലുകാരോ ഇക്കാര്യം സ്വപ്നം കണ്ടിട്ടുപോലുമില്ലായിരുന്നു. അവസാനം മുഖ്യമന്ത്രിയുടെ ഓഫീസ് തെറ്റിദ്ധരിപ്പിച്ചുവെന്നായി. കാര്യങ്ങൾ അന്വേഷിച്ചു വാർത്തകൊടുക്കാത്തതിന്റെ ദുരന്തം." അദ്ദേഹം കൂട്ടിച്ചേർത്തു.

**മാധ്യമങ്ങളുടെ മരണപ്പാച്ചിൽ**

ഇതിവിടെ സൂചിപ്പിക്കാനൊരു പ്രത്യേക കാരണവും ഇല്ലാതില്ല. ദേശീയ പ്രക്ഷേപണദിനത്തോടുനുബന്ധിച്ച് ദൂരദർശൻ 'മാധ്യമങ്ങളുടെ മരണപ്പാച്ചിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ സംവാദത്തിൽ ഞാനും പങ്കെടുക്കുകയുണ്ടായി. മുതിർന്ന പത്രപ്രവർത്തകരായിരുന്നു ചർച്ചയിൽ. മാധ്യമങ്ങളുടെ ഇന്നത്തെ ലക്കും ലഗാനുമില്ലാത്ത ഇത്തരം വാർത്താപ്രചാരണപ്രക്രിയയിൽ ഭൂരിഭാഗം പേരും ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു.

നെഗറ്റീവ് പത്രപ്രവർത്തനത്തിന്റെ ശക്തി വർധിച്ചുവരികയാണെന്നുള്ളതായിരുന്നു എന്റെ പ്രധാന വാദമുഖം. കുറ്റാരോപിതരെയും കുറ്റം ചെയ്തവരെയുമൊക്കെ ആദ്യം പത്രങ്ങൾ തല്ലിത്തകർക്കും. കുറേ കഴിയുമ്പോൾ ഇതേ മാധ്യമങ്ങൾ ഇക്കൂട്ടരെ പൊക്കിയെടുത്ത് അതുവരെ പറ്റിപ്പിടിച്ചിട്ടുള്ള അഴുക്കുകളെല്ലാം സുഗന്ധസോപ്പിട്ടു തേച്ചുകഴുകി വൃത്തിയാക്കി പടിപടിയായി ഉയർത്തിക്കാട്ടുക. കുറേ കഴിയുമ്പോൾ അവരെ പരിശുദ്ധരായി പ്രഖ്യാപിച്ചെന്നും വരും.

മദനിയും സരിതാനായരും ധർമരാജനും അഫ്സൽഗുരുവും ചാൾസ് ശോഭരാജും ഒക്കെ ഇങ്ങനെ വാഴ്ത്തപ്പെട്ടവരാണ്. താഴ്ത്തപ്പെട്ടശേഷം വാഴ്ത്തപ്പെട്ടവർ! മദനിയും കുടുംബാംഗങ്ങളും പോകുന്ന വഴിയെല്ലാം ഇപ്പോൾ തത്സമയസംപ്രേഷണം! പണ്ടു മദനിയെ ഓടിച്ചിട്ട് ഇകഴ്ത്തുകയായിരുന്നു. സരിതാനായരാകട്ടെ ഇപ്പോൾ സെലിബ്രിറ്റിയും! സരിതയു

ടെയും ഐസ്ക്രീംഫെയിം റജീനയുടെയുമൊക്കെ വാക്കുകൾക്കുവേണ്ടി ചാനൽ ക്യാമറാമാന്മാർ കണ്ണോർത്തുനിൽക്കുന്നു. ഇത്തരം പുകഴ്ത്തലുകൾ വഴി ലഭിച്ച പ്രതിച്ഛായയുടെ പേരിൽ ഓട്ടോഗ്രാഫ് വാങ്ങാൻപോലും ആളുകൾ കാത്തുനിൽക്കുന്ന ദുരവസ്ഥ.

**ഇതാണ് പത്രപ്രവർത്തനമെന്നു വന്നാൽ?**

'വേദ്പ്രകാശ് വൈദിക്-ഹാഫിസ് സെയ്ദ്' കൂടിക്കാഴ്ചയെപ്പറ്റി ഞാൻ സംവാദത്തിൽ ശക്തമായി ഉന്നയിക്കുകയുണ്ടായി. എന്താണീ വിഷയം? ഇന്ത്യയുടെ ആജന്മശത്രുവാണു ഹാഫിസ് സെയ്ദെന്ന ഭീകരൻ. ബോംബെ ആക്രമണത്തിന്റെ പ്രേരകശക്തി. ഇന്ത്യയുടെ സാമ്പത്തിക സിരാകേന്ദ്രം തന്നെ തകർക്കാൻ പദ്ധതിയിട്ട സെയ്ദിനെയാണു പത്രപ്രവർത്തകനായ വേദപ്രകാശ് വൈദിക് പാകിസ്ഥാനിലെത്തി കണ്ടതും അഭിമുഖ സംഭാഷണം നടത്തിയതും.

പക്ഷേ, വൈദിക് ഈ അഭിമുഖം ഇന്നേവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഒരക്ഷരം പ്രക്ഷേപണം ചെയ്തിട്ടുമില്ല. ആകെ ഇരുവരും ഒപ്പമിരിക്കുന്ന ഒരു ഫോട്ടോ ഫേസ്ബുക്കിൽ ഇട്ടെന്നുമാത്രം. അതിന്റെ പേരിൽ, ദേശീയ ചാനലുകളും പത്രങ്ങളും നാലഞ്ചുദിവസം നിലക്കാത്ത ചർച്ചകളും വാർത്തകളും ഇട്ടലക്കുകയായിരുന്നു. വൈദിക് അങ്ങനെ സൂപ്പർതാരമായി.

ഫലമോ? നാലഞ്ചുദിവസം പാർലമെന്റിന്റെ ഇരുസഭകളും സ്തംഭിച്ചു. കേന്ദ്രസർക്കാരിന്റെ അറിവോടെയാണു വൈദിക്, സെയ്ദിനെ കണ്ടതെന്നായിരുന്നു ആരോപണം; മധ്യസ്ഥനെന്ന മട്ടിൽ.

പാകിസ്ഥാനിലെ ഇന്ത്യൻ എംബസി ഈ കൂടിക്കാഴ്ച ഒരുക്കിയതായിട്ടാണു ചാനൽ ചർച്ചകളിലെ അമിട്ടുകൾ. മേക്കപ്പണിഞ്ഞു രാഷ്ട്രീയ നേതാക്കളും പത്രപ്രവർത്തകരുമൊക്കെ ചാനലുകളിലിരുന്നു വൈദിക്കിന്റെ അത്ഭുതസിദ്ധികളെപ്പറ്റി ടൺ കണക്കിനുള്ള വാക്കുകൾ ഡൗൺലോഡ് ചെയ്തു പുറത്തുവിട്ടു.

കേന്ദ്രഗവൺമെന്റിന്റെ അറിവോടെയല്ല വൈദിക്കിന്റെ സന്ദർശനമെന്നു വിദേശകാര്യമന്ത്രിയും മറ്റു മന്ത്രിമാരും ആവർത്തിച്ചുപറഞ്ഞിട്ടും വാർത്തയിൽ അതൊന്നും കാര്യമായി ഒളിമിന്നിയില്ല. ഇന്ത്യയിലെ പാകിസ്ഥാൻ എംബസിയും പാകിസ്ഥാനിലെ ഇന്ത്യൻ എംബസിയും ഒന്നുപോലെ ആണയിട്ടു പറഞ്ഞു-ഇവരുടെ കൂടിക്കാഴ്ചയെപ്പറ്റി ഞങ്ങൾക്കൊരറിവുമില്ല. പക്ഷേ, ഈ രണ്ടു 'സത്യപ്രതിജ്ഞ'കളും മാധ്യമങ്ങളിൽ തിളങ്ങിയില്ല.

ഇതാണു പത്രപ്രവർത്തനമെന്നുവന്നാൽ? ഈ വിഷയത്തിൽ മാധ്യമങ്ങൾ കുറ്റവാളിയായി മുദ്രകുത്തിയ സർക്കാരിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിനു സരിതയ്ക്കും മദനിക്കും നൽകുന്ന വാർത്താപ്രാധാന്യത്തിന്റെ പതിനായിരത്തിലൊരു ഭാഗമെങ്കിലും നൽകേണ്ടതല്ലേ?

ഇനി എന്റെ ഒരു സംശയം. ഈ വേദ്പ്രകാശ് വൈദിക്, ഹാഫീസ് സെയ്ദിനെ കണ്ടെന്നുള്ളതിന് എന്താണ് യഥാർത്ഥ തെളിവ്? ഇരുവരും

അടുത്തടുത്തിരിക്കുന്ന ഒരു ഫോട്ടോ ഫേസ്ബുക്കിൽ വന്നതുകൊണ്ടു മാത്രം അതു സത്യമാകണമെന്നുണ്ടോ? ഈ കമ്പ്യൂട്ടർ യുഗത്തിൽ ആർക്കും ആരോടൊപ്പം ഇരിക്കുന്ന ഫോട്ടോകളും മോർഫ് ചെയ്തെടുക്കാൻ ഒരു വിഷമവുമില്ല.

പൊങ്ങച്ചം നടിക്കാനായി ഇങ്ങനെയൊരു നാടകം കളിച്ചുവെന്നു ചിന്തിക്കുന്നതിൽ കഴമ്പില്ലെന്നു പറയാനാകുമോ? ഒരു പത്രപ്രവർത്തകൻ കുപ്രസിദ്ധനായ ഒരു പ്രമാണിയുടെ വെറും ദർശനത്തിനായി മാത്രം പോകാറില്ലല്ലോ? അഭിമുഖ സംഭാഷണം നടത്തിയെങ്കിൽ അതു പ്രസിദ്ധീകരിക്കുമായിരുന്നില്ലേ? കാരണം, അഭിമുഖം എവിടെയെന്ന് എത്രയോ പേർ ഇതിനോടകം വൈജികിനോടു ചോദിച്ചുകഴിഞ്ഞിരിക്കുന്നു. പഠിച്ച കള്ളനെപ്പോലെ 'വൈദിക്' മൗനം പാലിക്കുകയാണ്, ഉത്തരം മുട്ടിയ മട്ടിൽ.

നേരറിയാനും അതു നേരെ ചൊവ്വേ മാലോകരെ അറിയിക്കാനുമുള്ള ധാർമിക ഉത്തരവാദിത്വമാണു മാധ്യമങ്ങൾക്കുള്ളത്. പക്ഷേ, ഇന്നാകട്ടെ നേരത്തെ അറിയിക്കാനുള്ള തത്രപ്പാടിൽ നേരിനു പാരവയ്ക്കുന്ന പ്രവണതവഴി മാധ്യമങ്ങളുടെ വിശ്വാസ്യതയ്ക്ക് ഊനം തട്ടിയിട്ടുണ്ടെന്നുള്ളതു സത്യം.

**കസ്റ്റഡിയിലെടുത്തു ക്വസ്റ്റ്യൻ ചെയ്യുന്ന ചാനൽ ആങ്കർമാർ**

കസ്റ്റഡിയിലെടുത്തു ക്വസ്റ്റ്യൻ ചെയ്യുന്ന മട്ടിൽ ചർച്ചയ്ക്കെത്തുന്നവരെ ചില ചാനൽ ആങ്കർമാർ തേജോവധം ചെയ്യുന്നതിനെപ്പറ്റിയും ചർച്ചാവിഷയമായി. എത്രയോ പ്രമാണികൾ ചർച്ചകളിൽനിന്നും ഇടയ്ക്കുവച്ചു വാക്ഔട്ട് നടത്തിയിരിക്കുന്നു. അർണബ്ഗോസ്വാമിമാരുടെയും തരുൺ ഥാപർമാരുടെയും വലയിൽപെടുന്നവരെ ഇരുത്തിപ്പൊരിക്കുകയാണ്. ഇതേ ജനുസിൽപെട്ടവർ മലയാളത്തിലും കുറവല്ല.

ദൂരദർശൻ 21 വർഷം മുമ്പ് ആദ്യമായി സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്ത എന്റെ അനുഭവം, ആങ്കർ പ്രത്യേകം ആരായുകയുണ്ടായി. അതു സംവാദത്തിൽ ഞാൻ വിവരിക്കുകയും ചെയ്തു. ഒരർത്ഥത്തിൽ അവകാശപ്പെട്ടാൽ, മലയാളത്തിലെ പ്രഥമ ചാനൽ ചർച്ചയിൽ പങ്കെടുത്തവരിൽ ഒരാൾ ഞാനാണ്. കാരണം, അക്കാലത്തു ദൂരദർശനിലെ ആദ്യത്തെ ചർച്ചയെന്നാൽ മലയാള ചാനലുകളിലെ ആദ്യത്തെ ചർച്ചയെന്നു വ്യക്തം.

പ്രഥമ ചർച്ചയിലെ ആങ്കർ പത്രപ്രവർത്തനമേഖലയിലെ അന്നത്തെ ഗ്ലാമർതാരം ലീലാമേനോനായിരുന്നു. കേരളത്തിലെതന്നെ ആദ്യത്തെ വനിതാ റിപ്പോർട്ടറായ, ഇന്ത്യൻ എക്സ്പ്രസിലെ പ്രിൻസിപ്പൽ കറസ്പോണ്ടന്റ്.

ചർച്ചയിൽ പങ്കെടുത്തവരാകട്ടെ, പി.ഗോവിന്ദപ്പിള്ള, ടി.എൻ. ജയചന്ദ്രൻ ഐ.എ.എസ്. എന്നിവരോടൊപ്പം ഞാനും. നേമത്തുള്ള നീലാ സിനിമാ സ്റ്റുഡിയോയിലായിരുന്നു റിക്കാർഡിംഗ്. മായംചേർക്കൽ, സ്ത്രീശാക്തീകരണമടക്കം മൂന്നു വിഷയങ്ങൾ. മൂന്ന് എപ്പിസോഡുകളായി

ഒറ്റ ദിവസം തന്നെ റിക്കാർഡ് ചെയ്തു മൂന്നുദിവസങ്ങളിലായി പ്രക്ഷേ പണം ചെയ്യുകയായിരുന്നു.

പ്രഥമചർച്ചയിൽ സംഘർഷമോ സംഘട്ടനമോ അല്ല, മറിച്ച് കാര്യ ങ്ങൾ വിശദമാക്കാനുള്ള ഇടപെടൽ മാത്രമായിരുന്നു ലബ്ധപ്രതിഷ്ഠയായ ലീലാമേനോനിൽനിന്നും ആങ്കറെന്ന നിലയിൽ ഉണ്ടായിട്ടുള്ളതും. ഇന്നാ കട്ടെ അവതാരകരുംചർച്ചയ്ക്കെത്തുന്നവരും തമ്മിൽ ഗുസ്തിയാണ്. ചർച്ച യിൽ പങ്കെടുക്കുന്നവർ തമ്മിൽ തമ്മിൽ പഞ്ചഗുസ്തിയും. (ചർച്ചയിൽ പങ്കെടുക്കുന്നവർക്ക് (ചാനലുകാർ വിളിച്ചുകൊണ്ടുവന്ന അതിഥികൾ) അഭിപ്രായസ്വാതന്ത്ര്യം നൽകാൻ ആങ്കർമർ തയാറല്ലെങ്കിൽ, ആങ്കർമാർക്കു തോന്നിയതു പറയാൻ നാം എന്തിന് അവർക്കു സ്വാതന്ത്ര്യം നൽകണം.)

# 10

# അനന്തരം മലയാളി സമൂഹം കൂട്ട ആത്മഹത്യ ചെയ്തു

ഇന്ന് നാം വാർത്താചാനലുകൾ കാണാൻ ഭയപ്പെടുന്നു; അവ ജനങ്ങളിൽ വെറുപ്പുളവാക്കുന്നു. ന്യൂസ് ചാനലുകളെ നാം പഴയകാലത്തെ മഞ്ഞപത്രങ്ങളെക്കാൾ തരംതാണവയെന്നു അനുഭവങ്ങളിലൂടെ മനസ്സിലാക്കുന്നു. 1960-70കളിൽ ഏറെ എതിർപ്പുകൾ നേരിടേണ്ടിവന്ന "തനിനിറം" പത്രത്തെ ഇന്നത്തെ വാർത്താചാനൽ പ്രവർത്തനശൈലികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ എത്രയോ അന്തസ്സുള്ള പത്രം.

വാർത്താചാനലുകളുടെ നിലവിലെ "ചന്തസ്വഭാവ"ത്തെപ്പറ്റിയും അവർക്ക് അങ്ങനെയല്ലാതെ പറ്റില്ല എന്നതിനെപ്പറ്റിയും 2007-ൽ തന്നെ ലേഖനമെഴുതിയ ബി.ആർ.പി ഭാസ്കർ ആ ലേഖനത്തിനു പേരിട്ടതുതന്നെ "അനന്തരം മലയാളിസമൂഹം കൂട്ട ആത്മഹത്യചെയ്തു" എന്നായിരുന്നു. 2007-ലെ മാധ്യമം മാസികയുടെ വാർഷികപതിപ്പിലദ്ദേഹം ഇങ്ങനെ എഴുതി.

ധാരാളം മാധ്യമങ്ങൾ മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്ന പ്രദേശമാണ് കേരളം. സ്വകാര്യ ടെലിവിഷന്റെ വരവ് മത്സരത്തിന്റെ വീറ് കൂട്ടി. പത്രങ്ങൾക്കിടയിലും ചാനലുകൾക്കിടയിലും പത്രങ്ങൾക്കുംചാനലുകൾക്കുമിടയിലും ഇപ്പോൾ കടുത്ത മത്സരമാണുള്ളത്.മത്സരത്തിലേർപ്പെട്ടിരിക്കുന്നവർ ഗുണമേന്മ കൂട്ടിയും വില കുറച്ചും ജനങ്ങളെ ആകർഷിക്കാൻ ശ്രമിക്കുമെന്നും അങ്ങനെ മത്സരം അവർക്കു പ്രയോജനകരമാകുമെന്നുമാണ് സിദ്ധാന്തം. എന്നാൽ മാധ്യമരംഗത്തെ അനുഭവം വ്യത്യസ്തമാണ്. മലയാള പത്രങ്ങൾക്ക് താരതമ്യേന വില കൂടുതലാണ് മലയാള ചാനലുകൾ സൗജന്യമായി വിതരണം ചെയ്യപ്പെടുന്നവയായതുകൊണ്ട് (കേബിൾ കമ്പനികൾ ചാനലുകൾക്ക് വരിസംഖ്യയിൽനിന്ന് വിഹിതം നൽകേണ്ടതില്ല) വില കുറയുന്ന പ്രശ്നമില്ല. പ്രേക്ഷകർക്ക് ഗുണമേന്മയുള്ള പരിപാടികളെക്കാൾ പ്രിയം ഗുണമേന്മ കുറഞ്ഞവയോടാണെന്ന്

ബന്ധപ്പെട്ടവർ വിശ്വസിക്കുന്നു. അങ്ങനെ സിദ്ധാന്തം പൂർണമായി പരാജയപ്പെടുന്നു.

വൻ പരസ്യക്കാരുടെ താൽപര്യത്തിന്റെ പ്രേരണയിൽ വലിച്ചുനീട്ടപ്പെട്ട പരമ്പരകൾ പ്രേക്ഷകർക്ക് വേഗം മടുത്തു. അത് ചാനൽ സാരഥികളെ പുതിയ പരിപാടികൾ തേടാൻ നിർബന്ധിച്ചു. ഗുണം കുറയുന്നതിനൊത്ത് ജനപ്രിയത കൂടുമെന്ന തത്ത്വം പിന്തുടർന്ന് അവർ ക്രമേണ താഴോട്ടിറങ്ങി. വിജ്ഞാനത്തിന് വിനോദത്തോളം ആകർഷണശക്തിയില്ലെന്ന വിശ്വാസത്തിൽ അവർ അതിനെ മെല്ലെ ഉപേക്ഷിച്ചു. തമാശപ്പരിപാടികളായി ഏറ്റവുമധികം പ്രേക്ഷകരുള്ള സായാഹ്നവേളയിലെ മുഖ്യ ഇനം. സ്വകാര്യ ചാനലുകൾ കൃത്രിമത്തിന് അവസരം നൽകുന്ന പ്രേക്ഷക കണക്കെടുപ്പ് സംവിധാനത്തിന്റെ സഹായത്തോടെ മേൽകൈ നേടുമെന്ന ഭയം പൊതുപ്രക്ഷേപണ സംവിധാനമായ ദൂരദർശനെയും വാണിജ്യടെലിവിഷന്റെ രീതികൾ സ്വീകരിക്കാൻ പ്രേരിപ്പിച്ചു.

അച്ചടിയുടെ കാലത്തുതന്നെ വമ്പിച്ച മാധ്യമസ്വാധീനം ഏറ്റുവാങ്ങിയ കേരളസമൂഹത്തെ ഇപ്പോൾ ദൃശ്യമാധ്യമങ്ങൾ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. വസ്തുനിഷ്ഠമായ പഠനങ്ങളുടെ അഭാവത്തിൽ മാറ്റങ്ങളുടെ സ്വഭാവം കൃത്യമായി തിട്ടപ്പെടുത്താനാവില്ല. മാധ്യമ സംഘടനകളോ അക്കാദമിക സ്ഥാപനങ്ങളോ അത്തരം പഠനങ്ങളിൽ താൽപര്യം കാട്ടുന്നില്ല. വ്യക്തിപരമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അനുമാനങ്ങൾ നടത്തുക മാത്രമാണ് ഈ സാഹചര്യത്തിൽ കരണീയമായുള്ളത്.

## വിഷയങ്ങളില്ലാത്ത ചർച്ചകൾ

നമ്മുടെ സ്ഥിതിഗതികൾ യാഥാർഥ്യബോധത്തോടെ വിലയിരുത്താതെയാണ് ചാനലുകൾ മറുനാടൻ രീതികൾ സ്വീകരിക്കുന്നത്. മൂന്നോ നാലോ പ്രധാന സംഭവങ്ങളെ ആസ്പദമാക്കി വാർത്താചാനലുകൾ നടത്തുന്ന ഒരു മണിക്കൂർ ചർച്ചകൾ ഇതിനുദാഹരണമാണ്. നീണ്ട ഗൗരവപൂർവമായ ചർച്ച ആവശ്യപ്പെടുന്ന സംഭവങ്ങൾ ഇവിടെ ദിവസവും ഉണ്ടാകുന്നില്ല. അതുകൊണ്ട് അത്തരം ചർച്ച ആവശ്യപ്പെടാത്ത വിഷയങ്ങളും ചാനലുകൾ ഏറ്റെടുക്കുന്നു. തെരഞ്ഞെടുത്ത വിഷയങ്ങളിൽ ആധികാരികമായി അഭിപ്രായം പറയാൻ കഴിയുന്നവരെ എപ്പോഴും കിട്ടിയെന്നിരിക്കില്ല. പണച്ചിലവ് കൂടാതെ വാർത്താസമയത്ത് കിട്ടുന്നവരെവെച്ച് ചർച്ച സംഘടിപ്പിക്കാൻ അവർ നിർബന്ധിതരാവുന്നു. നല്ലപോലെ കാര്യങ്ങൾ പറയാൻ കഴിയുന്നയാളെക്കാൾ ടി.വി.യിൽ ശോഭിക്കുന്നത് അവ നാടകീയമായി അവതരിപ്പിക്കാൻ കഴിവുള്ളയാളാണ്. അങ്ങെയുള്ളവർ പ്രകാശത്തിനു പകരം ചൂടു പരത്തുന്നു.പലപ്പോഴും ചർച്ചകൾ പ്രശ്നങ്ങൾക്ക് വ്യക്തത നൽകാതെ സങ്കീർണമാക്കുന്നു. പ്രധാന രാഷ്ട്രീയ കക്ഷികൾ ആശയങ്ങൾക്കു കൃത്യത നൽകാൻ കഴിയുന്നവരെ ഒഴിവാക്കിക്കൊണ്ട് പുകമറ സൃഷ്ടിക്കാനാവുന്നവരെ ചർച്ചകൾക്ക് നിയോഗിക്കുന്നു.

ഒരു വിവാദം എറിഞ്ഞുകൊടുത്താൽ കൊത്തുമെന്ന തിരിച്ചറിവാണ് മാധ്യമ സിൻഡിക്കേറ്റ് പോലുള്ള അസംബന്ധങ്ങൾ പ്രചരിപ്പിക്കാൻ

അവരെ പ്രേരിപ്പിക്കുന്നത്. പരസ്യക്കാരുടെ താൽപര്യം മാത്രമാണ് അതിനെ നയിക്കുന്നത്. അവർക്കായി പ്രേക്ഷകരെ ചാനലുകൾ മൊത്ത മായും സ്ത്രീകൾ, യുവാക്കൾ, കുട്ടികൾ എന്നിങ്ങനെ വേർതിരിച്ചു കൊണ്ടും നിരന്തരം 'മാനിപുലേറ്റ്' ചെയ്തുകൊണ്ടിരിക്കുന്നു. ചാനലു കൾ പറയുമ്പോൾ ചാടുന്ന കുഞ്ഞുരാമന്മാരും കുഞ്ഞുസീതമാരും അട ങ്ങുന്ന ഒരു എസ്.എം.സ് തലമുറ എത്തിയിരിക്കുന്നു.

മാധ്യമ 'മാനിപുലേഷൻ' നിത്യ യാഥാർത്ഥ്യമായി അംഗീകരിക്കാൻ നാം നിർബന്ധിതമാകുന്ന സാഹചര്യത്തിൽ ആ ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം സൂക്ഷ്മമായി രേഖപ്പെടുത്താൻ കഴിയുന്ന ഒരു മലയാള പദം വേണ്ടതല്ലേ എന്ന ചോദ്യം ഇവിടെ ഉയരുന്നു. വേണ്ടെന്നാണ് എന്റെ അഭി പ്രായം. മരണം, കാത്തുകിടക്കുന്ന ഒരു ഭാഷാസമൂഹം എന്തിന് പുതിയ വാക്കുകൾ തേടണം? നാം ഇന്നറിയുന്ന മലയാളം ഇല്ലാതിരുന്ന ഒരു ഭൂത കാലം കേരളത്തിനുണ്ടെന്ന് ചരിത്രം പറയുന്നു. ഈ മലയാളമില്ലാത്ത ഒരു ഭാവി കേരളത്തെ കാത്തിരിക്കുന്നു. മലയാളിസമൂഹത്തിന് എന്തു സംഭവിച്ചു എന്നന്വേഷിക്കുന്ന ഭാവി ഗവേഷകൻ ഇങ്ങനെ രേഖപ്പെടു ത്തിയേക്കാം. "...അനന്തരം മലയാളി സമൂഹം ടെലിവിഷം കഴിച്ച് കൂട്ട ആത്മഹത്യ ചെയ്തു." (ടെലിവിഷം എന്ന പ്രയോഗത്തിന് തമിഴ്നാട്ടിലെ പട്ടാളി മക്കൾ കക്ഷിനേതാവ് രാമദാസിനോട് കടപ്പാട്).

ഒരു മാധ്യമ നയം രൂപവത്കരിച്ച് നടപ്പാക്കുകയാണ് ആത്മഹത്യാ മുമ്പിലേക്കു നീങ്ങുന്ന സമൂഹത്തെ തിരികെ കൊണ്ടുവരാൻ പറ്റിയ മാർഗ്ഗ മെന്നു തോന്നുന്നില്ല. മാധ്യമ നയം എന്ന ആശയം സ്വീകരിച്ചാൽ അതു ണ്ടാക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ചുമതല ആരെയാണ് ഏൽപി ക്കുക? സർക്കാരിനെ ഏൽപ്പിച്ചാൽ അത് ഔദ്യോഗിക-രാഷ്ട്രീയ ഇട പെടലുകൾക്ക് ഇടയാക്കും. മാധ്യമപ്രവർത്തനത്തിന്റെ ഉന്നത മൂല്യങ്ങൾ പരസഹായം കൂടാതെ ഉയർത്തിപ്പിടിക്കാൻ മാധ്യമങ്ങൾക്കു കഴിയണം. ഉടമകളും ജീവനക്കാരും തൊഴിൽമൂല്യങ്ങൾ തിരിച്ചറിയുകയും അവ മാനി ക്കാൻ തയാറാവുകയും ചെയ്താൽ ഇതു സാധ്യമാകും. (ബി.ആർ. പി. ഭാസ്കർ. 9446505749)

# 11

# ചാനൽ പരിപാടികൾ ജനങ്ങളെ ബാധിക്കും

ചാനൽ പരിപാടികൾ ജനങ്ങളെ ബാധിക്കും എന്നു ചൂണ്ടിക്കാണിക്കുന്നത് ക്രിമിനോളജിസ്റ്റും അഭിഭാഷകനുമായ ഡോ. ജയിംസ് വടക്കുംചേരിയായിരുന്നു. 2014 മെയ് 4-ലെ കലാകൗമുദി ആഴ്ചപതിപ്പിലെ "പിടിക്കപ്പെടില്ലെന്ന് ടെക്കികൾ കരുതിയത് എന്തുകൊണ്ട് എന്ന ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി.

നമ്മുടെ നാട്ടിൽ കൊലപാതകങ്ങൾ അചിന്ത്യമാം വിധം വർദ്ധിക്കുന്നുവെന്നു കാണിക്കാൻ തെളിവുകളില്ല. കൊലപാതകങ്ങൾ കുറയുന്നതായി സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നുണ്ടെങ്കിലും പല കൊലപാതകങ്ങളും പൈശാചികമാണെന്നത് ആശങ്ക ഉണർത്തുന്നു. അത്തരത്തിലുള്ള ക്രൂരമായ രീതിയിൽ നടത്തുന്ന കൊലപാതകങ്ങളും ലൈംഗികാഭാസത്തരങ്ങളും ദൃശ്യ-ശ്രവ്യമാധ്യമങ്ങളിൽ നിത്യേന നാം കണ്ടുകൊണ്ടിരിക്കുന്നു. ക്രൂര കൊലപാതകങ്ങളെക്കുറിച്ച് ചാനലുകൾ ചർച്ച സംഘടിപ്പിക്കാറുണ്ട്. അത്തരം ചർച്ചകളിൽ ചിലർ കൊലപാതകങ്ങളെ നിസ്സാരവല്ക്കരിക്കുന്നതും സ്വാഭാവിക പ്രതികരണം എന്ന പ്രയോഗത്തിൽ ഒതുക്കിനിറുത്തുന്നതും കാണാവുന്നതാണ്. ചാനലുകളിൽ കാണിക്കുന്ന സിനിമകളും സീരിയലുകളും ക്രൂരമായ കൊലപാതകങ്ങളെ ആകർഷകമാക്കുന്നു. പശ്ചാത്തലസംഗീതവും പ്രകൃതിഭംഗിയും ഇടകലർത്തി കാണിക്കുന്ന ക്രൂര കൊലപാതകങ്ങളെ നിസംഗതയോടെ നോക്കിക്കാണാൻ പ്രേരകമാകുന്നു. എന്തൊക്കെ പറഞ്ഞാലും എങ്ങനെയൊക്കെ കൊലപാതകങ്ങളെയും വിവാഹജീവിതത്തിനിടയിലെ അവിഹിത ലൈംഗിക ബന്ധങ്ങളെയും ന്യായീകരിച്ചാലും അവ രണ്ടും മനുഷ്യർക്ക് സന്തോഷജീവിതം നയിക്കുന്നതിനോ സമാധാനമായി ജീവിക്കുന്നതിനോ ഇടവരുത്തുന്നില്ലെന്ന് അനുഭവസാക്ഷ്യം നമ്മെ കാണിച്ചുതരുന്നു.

**(ജയിംസ് വടക്കുംചേരി** 9447724369**)**

# 12

## വൻ കോർപറേറ്റുകൾ നിയന്ത്രിക്കാത്ത സ്വതന്ത്ര മാധ്യമം - നികേഷ് കുമാർ

വാർത്താചാനലുകളെയും മാധ്യമങ്ങളെയും നയിക്കുന്നതും നിയന്ത്രിക്കുന്നതും വൻ കോർപറേറ്റുകളാണെന്നും അതിനാൽതന്നെ വാർത്താ ചാനലുകളുടെ "സ്വതന്ത്ര"പ്രവർത്തനശൈലിയുടെ സത്യസന്ധത മലയാളിയെ അറിയിച്ചത് റിപ്പോർട്ടർ ചാനൽ സ്ഥാപകനായ നികേഷ്കുമാറായിരുന്നു. 5-4-2015-ലെ കലാകൗമുദിയിൽ നികേഷ്കുമാർ ഇങ്ങനെ എഴുതി.

ഒരു സ്വതന്ത്ര മാധ്യമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയിലാണ് റിപ്പോർട്ടർ തുടങ്ങുന്നത്. മാധ്യമപ്രവർത്തകർക്കു പൂർണ സ്വാതന്ത്ര്യം അനുവദിക്കുന്ന, സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളിൽ ഉത്തരവാദിത്വത്തോടെ പെരുമാറുന്ന ഒരു ടെലിവിഷൻ ചാനൽ. ഇന്ത്യാവിഷനാണ് കേരളത്തിലെ വാർത്താ സംസ്കാരത്തിന് വിപ്ലവകരമായ മാറ്റം കൊണ്ടുവന്നത്. മലയാളിയുടെ വാർത്താ ശീലത്തിൽ നിർണ്ണായകമായ മാറ്റം. വാഴപ്പിണ്ടി എടുത്തുകളഞ്ഞ് പകരം നട്ടെല്ലുവെച്ച മാധ്യമപ്രവർത്തനം.

ഇന്ത്യാവിഷൻ സൃഷ്ടിച്ച തലമുറയാണ് ഇന്ന് എല്ലാ വാർത്താ ചാനലുകളുടേയും മുന്നണി പോരാളികൾ. വാർത്തയോട് അതി കഠിനമായ പ്രേമമുള്ള, ഒരുത്തന്റെയും ചായ വാങ്ങിക്കുടിക്കാത്ത, രാഷ്ട്രീയക്കാരന്റെ മൂടുതാങ്ങികളല്ലാത്ത പുതിയ തലമുറ. ഈ പുതിയ വാർത്താ സംസ്കാരത്തെ ഒരു മൂവ്മെന്റ് ആയാണ് ഞാൻ കാണുന്നത്. നേരത്തെ പ്രവർത്തിച്ച ഇന്ത്യാവിഷനോ ഇപ്പോൾ പ്രവർത്തിക്കുന്ന റിപ്പോർട്ടറോ മാത്രമല്ല എന്റെ അഭിമാനം. വാർത്ത സത്യസന്ധമായി അവതരിപ്പിക്കുന്ന പുതിയ തലമുറയിൽപെട്ട ഒരാൾ ആണെന്നതിലാണ്.

റിപ്പോർട്ടറിന് സാമ്പത്തിക ഞെരുക്കമുണ്ട്, എന്നാൽ പ്രതിസന്ധിയില്ല. ഒന്നാമത്തെ വാർത്താ മാധ്യമമായി ഞങ്ങൾ മാറുകതന്നെ ചെയ്യും. പ്രിന്റ് 'ദൃശ്യത്തിലേക്ക് കൺവേർജ്' ചെയ്യുന്ന കാലത്തും ഞങ്ങൾ തന്നെയായിരിക്കും മുന്നിൽ. കേന്ദ്രബജറ്റിൽ കോർപ്പറേറ്റുകൾക്ക് അഞ്ചുശതമാനം നികുതി ഇളവും വൻ ആനുകൂല്യവും നൽകിയപ്പോൾ സ്വതന്ത്ര

ടെലിവിഷൻ ചാനലുകളുടെ സേവന നികുതി രണ്ടു ശതമാനം ഉയർത്തി 14 ആക്കി നിജപ്പെടുത്തി. വാർത്താ ചാനൽ ലാഭകരമായ ബിസിനസ് അല്ല. ലാഭമുണ്ടാക്കണമെന്ന് തോന്നുന്നവർ ജനറൽ എന്റർടെയിൻമെന്റ് ചാനലാണ് തുടങ്ങുക.

സൗത്ത് ഇന്ത്യൻ ബാങ്കിൽനിന്ന് 12 കോടി അടക്കം 15 കോടി രൂപ കടമെടുത്താണ് റിപ്പോർട്ടർ ചാനൽ തുടങ്ങിയത്. കുറേ പണം നിക്ഷേപ മായും സ്വീകരിച്ചു. സ്വാതന്ത്ര്യം നഷ്ടപ്പെടാതിരിക്കാനാണ് സ്വന്തം നിലയ്ക്ക് കടം എടുത്തത്. അങ്ങനെ ഒരു പരീക്ഷണം വിജയിക്കുന്നത് അപകടകരമാണെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? കാരുണ്യം ഇല്ലാതെ ജയിലിൽ അടയ്ക്കാൻ നോക്കുന്നത് ആരുടെ താൽപര്യമാണ്.

റിപ്പോർട്ടർ നികുതിവെട്ടിപ്പ് നടത്തിയിട്ടില്ല. നികുതി അടയ്ക്കുന്നതിനു കാലതാമസം വരുത്തിയെന്ന് വേണമെങ്കിൽ വാദത്തിന് സമ്മതിക്കാം. അതുപോലും ഹൈക്കോടതിയുടെ വിധിന്യായത്തിന് അനുസരിച്ചു മാത്രമേ പറ്റുമായിരുന്നുള്ളു. ഉപദ്രവിക്കണമെന്നല്ല പൂട്ടിക്കണമെന്നാണ് ഞങ്ങൾക്കെതിരെ അതിക്രമം കാട്ടിയവരുടെ ആഗ്രഹം.

ഇന്ത്യയിൽ എന്റെ അറിവിൽ സ്വന്തം നിലയിൽ പ്രവർത്തിക്കുന്ന ചാന ലൊന്നുപോലുമില്ല. ഏതെങ്കിലും വ്യവസായ ഗ്രൂപ്പിന്റെയോ മതത്തി ന്റെയോ പാർട്ടിയുടെയോ തണലിലാണേറെയും. ബഹുഭൂരിപക്ഷവും കോർപ്പറേറ്റുകൾ വിഴുങ്ങിക്കഴിഞ്ഞു. ഏഷ്യാനെറ്റിനെ സ്റ്റാർ ഏറ്റെടുത്തു. ബംഗാളിലെ മാ ടിവിയും സ്റ്റാറിനു പോയി. ഇ ടിവിയും ഐബിഎൻ ഗ്രൂപ്പും റിലയൻസിന്റേതാണ്. എൻഡിടിവിയെ ഉടൻ അദാനി വിഴുങ്ങുമെന്നാണ് അറിവ്.

കഴിഞ്ഞ ഏതാനും മാസങ്ങളായി എനിക്കും അനവധി അന്വേഷണ ങ്ങൾ വരുന്നുണ്ട്. ഷെയർ കൊടുത്തുകൂടെ. എന്തിനാണ് ഇങ്ങനെ കഷ്ട പ്പെടുന്നത്. രാഷ്ട്രീയത്തിലിറങ്ങുന്നതല്ലേ ഇതിനെക്കാൾ നല്ലത്. എന്റെ ഭാവിയിൽ തൽപരരായ സുഹൃത്തുക്കളായതിനാൽ അപ്പോഴെനിക്ക് സംശയം തോന്നിയില്ല. ഇപ്പോൾ ബോധ്യമാകുന്നു, സ്വന്തം നിലയ്ക്ക് നട ത്താൻ കഴിയില്ലയെന്ന് ബോധ്യപ്പെടുത്തുന്നതിനുള്ള സമ്മർദ്ദമാണിത്.

വിറ്റ് ഓടണം. അതിനു തയാറുണ്ടോ എന്നതാണ് എന്റെയും മാനേ ജ്മെന്റിന്റെയും മുമ്പിലുള്ള ചോദ്യം. എന്റെ സഹപ്രവർത്തകരെ കോർപ്പ റേറ്റിനു വിറ്റ് ഞാനെങ്ങോട്ടും പോകില്ല. അങ്ങനെ ഒരു സമ്പാദ്യമെനിക്കു വേണ്ട. തുലയ്ക്കാൻ ഇറങ്ങിയവർ അതു ചെയ്യട്ടെ. അതിനെ പ്രതിരോധി ക്കാനുള്ള ചങ്കൂറ്റമൊക്കെ എനിക്കുണ്ട്.

# 13

## സീരിയൽ സീയിങ് ഇൻജൂറിയസ് ടു ഹെൽത്ത്!

വളരെ ലളിതവും എന്നാൽ ഏറെ ഗൗരവമുള്ളതുമായ ഒരു തലക്കെട്ടാണ് 2016 മെയ് 2-ാം തീയതി പുറത്തിറക്കിയ മാധ്യമം ആഴ്ചപതിപ്പിലെ "ഒടുക്കം" എന്ന കോളത്തിന്റെ തലക്കെട്ട് അതിങ്ങനെയായിരുന്നു. "സീരിയൽ സീയിങ് ഇൻജൂറിയസ് ടു ഹെൽത്ത്." സഞ്ജയൻ അതിങ്ങനെ വിശദീകരിക്കുന്നു.

'ഇൻക്രഡിബിൾ ഇന്ത്യ' എന്ന ഇന്ത്യയുടെ വിനോദസഞ്ചാര വികസന കാംപെയ്നിന്റെ ബ്രാൻഡ് അംബാസിഡർ സ്ഥാനത്തേക്ക് പറഞ്ഞുവെച്ച അമിതാഭ് ബച്ചനെ തൽക്കാലം അവിടേക്ക് നിയമിക്കില്ലെന്നു കേൾക്കുന്നു. കാരണമായി പറഞ്ഞുകേൾക്കുന്നത് കഴിഞ്ഞ ആഴ്ച പുറത്തായ പഠനരേഖകളനുസരിച്ച് ബച്ചനും മരുമകൾ ഐശ്വര്യാറായിക്കും വിദേശത്ത് കള്ളപ്പണനിക്ഷേപം എന്ന വാർത്ത പ്രചരിച്ചതാണത്രെ. കളങ്കിതനായ ഒരു വ്യക്തി പ്രതിനിധാനം ചെയ്യുന്നതുമൂലം ശോഭനമാകേണ്ട ഒരു സംരംഭം നിറംകെട്ടുപോകരുതെന്ന ഉദ്ദേശ്യമേ ഈ വിലക്കിനുള്ളൂ. അതൊരു കുറ്റകൃത്യമൊന്നുമല്ല.

പക്ഷേ, ഇവിടെ ഒരു സംശയം ഉയരുന്നുണ്ട്. ഈ അളവുകോൽ നേരെ തിരിച്ചും അളക്കാൻ ഉപയോഗിച്ചുകൂടേ? സമൂഹത്തിൽ നിലനിൽക്കുന്ന പല കാര്യങ്ങളും വ്യക്തിക്ക് കളങ്കം വരുത്തുന്നതാകുമെങ്കിൽ അതും നിരോധിക്കേണ്ടതല്ലേ? നിരോധിക്കുന്നുണ്ടല്ലോ, കുറ്റകൃത്യങ്ങളെ തരംതിരിക്കാൻ ഉപയോഗിക്കുന്നത് ആ അളവുകോലല്ലേ എന്നാവും മറുപടി. മദ്യപാനം, പുകവലി തുടങ്ങിയവ വ്യക്തികളെ ദോഷകരമായി ബാധിക്കുന്നതിനാൽ സിഗരറ്റ് പാക്കറ്റിലും ബിവറേജ് ക്യൂവിനു മുന്നിലും സിനിമാ സ്ക്രീനിൽവരെയും മുന്നറിയിപ്പ് എഴുതിക്കാണിക്കുന്നുണ്ട്. സമ്മതിച്ചു. പക്ഷേ, കണ്ടുവരുന്ന മുന്നറിയിപ്പുകളെല്ലാം മനുഷ്യന്റെ ശരീരത്തെയും അതിന്റെ ആരോഗ്യത്തെയും ബാധിക്കുന്നവ മാത്രമാണ്. മനുഷ്യൻ എന്നത് ശരീരം മാത്രമാണോ?

“ചിത്തമാം വിലയ വൈരി കീഴമർന്നതിൽ തീർന്ന–യമി തന്നെ ഭാഗ്യവാൻ’ എന്ന് കുമാരനാശെക്കൊണ്ട് പാടിച്ചത് മനുഷ്യന്റെ മനസ്സ് അവന്റെ ശത്രുവിനെപ്പോലെ പ്രവർത്തിക്കുന്ന സന്ദർഭങ്ങൾ അവന്റെ ജീവിതത്തിൽ ഉണ്ടാകുമെന്നു കണ്ടതുകൊണ്ടാണ്. കഴിഞ്ഞദിവസം വിധി പ്രസ്താവിച്ച ആറ്റിങ്ങൽ കൊലപാതകക്കേസിലെ പ്രതി അനുശാന്തിക്ക് അമ്മയെയും മകളെയും കൊല്ലാൻ കാമുകന് ഒത്താശ ചെയ്തുകൊടുത്ത സ്ത്രീ എന്ന നിലയിൽ ഒരിറ്റു സഹാതാപംപോലും ഒരിടത്തുനിന്നും ലഭിച്ചതായി കണ്ടില്ല. മാത്രവുമല്ല ഉയർന്ന വിദ്യാഭ്യാസവും ഹൈടെക് ജോലികളുമുള്ള തലമുറയിൽ കണ്ടുവരുന്ന കുടുംബശൈഥില്യത്തെക്കുറിച്ചും നടമാടുന്ന അവിഹിതബന്ധങ്ങളെക്കുറിച്ചും പലരും ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. സത്യത്തിൽ ഇതൊരു പുതിയ കാര്യമല്ല.

ദേവേന്ദ്രന് ഗൗതമപത്നിയെ കണ്ടപ്പോൾ പരാശരൻ മത്സ്യഗന്ധിയോടൊപ്പം വഞ്ചിയിലിരുന്നപ്പോൾ തോന്നിയവയെന്ന പേരിൽ വ്യാസമഹർഷി മനുഷ്യമനസ്സിന്റെ ദൗർബല്യങ്ങളെക്കൂടി സൂചിപ്പിച്ചാണ് തന്റെ കൃതികൾ സമ്പൂർണ്ണമാക്കിയത്. അതുകൊണ്ടാണ് വ്യാസോച്ഛിഷ്ടം ഇദം സർവം എന്ന് പറഞ്ഞുപോരുന്നത്.

വ്യാസൻ പറഞ്ഞുകഴിഞ്ഞതിന്റെ ബാക്കിയേ ലോകത്തുള്ള സകല കലാസൃഷ്ടികളിലും ഉള്ളൂ എന്നർഥം. എന്നാൽ, ഇത്തരം അധമവികാരങ്ങളെ സകലതിനെയും വിമലീകരിക്കുന്ന സന്ദേശമാണ് വ്യാസ കൃതികളുടെ ശ്രേഷ്ഠത.

ഈ കോണിലൂടെ നമ്മുടെ മുഖ്യധാരാമാധ്യമങ്ങൾ മനുഷ്യജീവിതഗന്ധികൾ എന്ന അവകാശവാദത്തോടെ പ്രക്ഷേപണം ചെയ്യുന്ന കലാസൃഷ്ടികൾ നിരീക്ഷിച്ചാൽ, നമ്മുടെ സ്ത്രീ മനസ്സുകളെയും കുടുംബസദസ്സുകളെയും ടെലിവിഷൻ സീരിയലുകൾ വിമലീകരിക്കുന്നോ അതോ മലിനീകരിക്കുന്നോ? ആറ്റിങ്ങൽ കൊലപാതകം ടെലിവിഷൻ സീരിയൽ കണ്ടിട്ടുണ്ടായതാണെന്നല്ല പറഞ്ഞുവരുന്നത്. പക്ഷേ, നമ്മുടെ സീരിയലുകളിലെ കഥാപാത്രങ്ങൾ പ്രദർശിപ്പിക്കുന്ന പക, വിദ്വേഷം, ജാരബന്ധങ്ങൾ, അവിഹിത ബന്ധ കഥകൾ, വെല്ലുവിളികൾ, പ്രതികാരം തുടങ്ങിയവ സമൂഹത്തിൽ ചെലുത്തുന്ന ചീത്ത സ്വാധീനം ഇനിയും പഠനവിധേയമാക്കിയിട്ടില്ല.

കുറഞ്ഞപക്ഷം അത്തരം കഥാസന്ദർഭങ്ങളും സംഭാഷണങ്ങളും വരുമ്പോൾ ടെലിവിഷൻ സ്ക്രീനിൽ ഇത് മനുഷ്യന് ആപത്ത് എന്ന സാംസ്കാരികമായ മുന്നറിയിപ്പ് എഴുതിക്കാണിക്കുകയെങ്കിലും ചെയ്യണം. തമാശയോ വിഡ്ഢിത്തമോ ആയി തോന്നാം. പക്ഷേ, അങ്ങനെ ചെയ്തില്ലെങ്കിൽ ഭാവിയിൽ അവിഹിതബന്ധം കൊതുകുശല്യത്തിനപ്പുറം ഗൗരവമുള്ളതാണെന്ന് വരുംതലമുറയ്ക്കു തോന്നാനിടയില്ല. ജാഗ്രതൈ!

# 14

# പ്രസ് ക്ലബ്ബിൽ ബാർ നടത്തിയാൽ എന്താ കഴപ്പം?

പത്രക്കാർ ധിക്കാരികളാണോ എന്നെനിക്കറിയില്ല. അവർ നിയമം പാലിക്കുന്നവരാണോ? എന്ന ചോദ്യത്തിനുത്തരം പറയാൻ പറ്റുന്ന ആളല്ല ഞാൻ.

എന്നാൽ ഒരു പത്രക്കാരന് എത്രമാത്രം ധിക്കാരിയാകാമെന്നതിന്റെ തെളിവാണ് കലാകൗമുദിയുടെ 2016 ജൂലൈ 24-ലെ എബ്രഹാം മാത്യു എന്ന പത്രപ്രവർത്തകന്റെ നെല്ലും പതിരും പംക്തിയിലെ "പോലീസുകാർക്കെന്താ ഈ വീട്ടിൽ കാര്യം?" എന്ന തലക്കെട്ടിലെ ലേഖനം അതിങ്ങനെ പോകുന്നു.

**നെല്ലും പതിരും**

ലഹരിവിരുദ്ധ പ്രതിജ്ഞയെടുപ്പിന്റെ ലഹരിയിലാണ് കേരളം. എക്സൈസ് കമ്മീഷണർ മുതൽ ഗാർഡുവരെയുള്ളവർ ലഹരിക്കെതിരെ പ്രാണത്യാഗം ചെയ്യാൻ തയാറായി നിൽക്കുന്നു. ഇസ്ലാമിക് സ്റ്റേറ്റിനെതിരെ (ഐ എസ്) ബോധവത്ക്കരണം നടത്തി ഒടുവിൽ പലരും എന്നാൽ ഒരു കൈ നോക്കിയിട്ടുതന്നെ കാര്യം എന്നും പറഞ്ഞ് കൂറുമാറുന്ന അതേ നിലയാണ് ലഹരിവിരുദ്ധ സുവിശേഷത്തിലും സംഭവിക്കുന്നത്.

എക്സൈസ്, പോലീസ് വിപ്ലവകാരികൾ ഇടയ്ക്കിടെ മുഴക്കുന്ന ലഹരിഭീഷണിവിരുദ്ധ മുദ്രാവാക്യങ്ങൾ വിരുദ്ധഫലം ഉണ്ടാക്കുന്നതിന് നിരവധി കാരണങ്ങളുണ്ട്. പകൽ ലഹരിവിരുദ്ധരും രാത്രി രണ്ടടിച്ച് തലകുനിക്കുന്നവരുമാണ് ചില ബോധവത്ക്കരണ ഉദ്യോഗസ്ഥന്മാരെന്ന് കുട്ടികൾക്കുപോലും അറിയാം. പൊലീസ് ക്ലബ്ബുകളിലും ഫൈവ് സ്റ്റാർ ഹോട്ടലുകളിലെ സ്വകാര്യ ആസ്ഥാനങ്ങളിലും ഐ എ എസ്, ഐപിഎസ് സംഘങ്ങളുടെ വേദികളിലും കുപ്പി പൊട്ടിച്ചിട്ട് പകൽ കെട്ടിറങ്ങുമ്പോൾ ഇറങ്ങിവന്ന് കുട്ടികളെ ഉപദേശിക്കാൻ ഇവർക്ക് നാണമില്ലേയെന്ന് കുട്ടികൾ രഹസ്യമായി ചോദിക്കും.

വീഞ്ഞ് കലഹക്കാരനും മദ്യം പരിഹാസിയുമാണെന്നു പറഞ്ഞ ക്രിസ്തുവും ചെത്തരുത്, കുടിക്കരുത്, വിൽക്കരുത് എന്നു നിർദ്ദേശിച്ച ഗുരുദേവനും പറഞ്ഞിട്ട് നടക്കാത്ത കാര്യം വടക്കെ ഇന്ത്യൻ പൊലീസ് ഏമാൻ സംസ്കാരത്തിന്റെ ലഹരി കേരളത്തിൽ പതയ്ക്കാൻ നോക്കുന്ന വർ വിചാരിച്ചാൽ നടക്കുമോ? ഇവരുടെ എല്ലാ ചേഷ്ടകളും കുട്ടികൾ വിലയിരുത്തിയിട്ടുണ്ടെന്ന് മറക്കരുത്.

തിരുവനന്തപുരം പ്രസ് ക്ലബ്ബിലെ മാധ്യമപ്രവർത്തകർ ക്ലബ്ബിനുള്ളി ലിരുന്ന് മദ്യപിക്കുന്നുണ്ടോ എന്ന സാർവ്വദേശീയ പ്രശ്നമാണ് എക്സൈസ് കമ്മീഷണരെ കുഴക്കുന്നത്. ഇക്കാര്യമോർത്ത് കുറെ ദിവ സങ്ങളായി പുള്ളിക്ക് ഉറക്കമില്ല. ഒരിടത്ത് ചാരം മറ്റൊരിടത്ത് പുക. ഈ നാടിനെന്തുപറ്റി? ഇങ്ങനെ ചിന്തിച്ചുകിടന്നാൽ ഉറങ്ങാൻ പറ്റുമോ? ഉടൻ കൽപ്പന; ജേണലിസ്റ്റുകൾ അവരുടെ ക്ലബ്ബിനുള്ളിലിരുന്നു മദ്യപിക്കരുത്. അങ്ങനെയെങ്കിൽ കേരളത്തിലെ പൊലീസ് ക്ലബ്ബുകളിൽ കള്ളും കുടിച്ച് തെറീം വിളിച്ച് ആരൊക്കെ ബഹളമുണ്ടാക്കുന്നുവെന്ന് ഇനിമുതൽ ജനം തിരിച്ചറിയട്ടെ. ഐ.പി.എസ്, ഐ.എ.എസ് ലോബിയിൽപ്പെട്ട ചിലർ ഫിറ്റായി കോവളത്ത് കൂത്താടാറുള്ളത് ഇനിമുതൽ ജനം ലൈവായി കാണ ട്ടെ. മദ്യപാനികളായ ചില എക്സൈസ് ഉദ്യോഗസ്ഥർ ബോധവത്ക്കര ണത്തിനിറങ്ങിത്തിരിക്കുന്നതിനെ ജനം ചെറുക്കട്ടെ. സാധാരണക്കാരനായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മാതൃകാ പൊതുപ്രവർത്ത കനാണ് എക്സൈസ് വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ. മാധ്യമ പരി ലാളനയ്ക്കുവേണ്ടി മാത്രമാണോ ബോധവത്ക്കരണയജ്ഞങ്ങൾ എന്നു മന്ത്രി നിരീക്ഷിക്കട്ടെ. ബോധവത്ക്കരണക്കാർ അതിനു പറ്റിയവർ തന്നെയോ എന്ന് മന്ത്രിക്ക് പരിശോധിക്കാവുന്നതേയുള്ളു.

ചിലപ്പോൾ നാളെ മുതൽ മറ്റൊരു ഉത്തരവിന് സാധ്യതയുണ്ട്. ജേർണ ലിസ്റ്റുകൾ നാളെ മുതൽ ബീഫ് കഴിക്കരുതെന്നാവാം അത്. തൃശ്ശൂരിലെ കെ.എ.പി. ബറ്റാലിയനിൽ പരീക്ഷിച്ചുവിജയിച്ച ബീഫ് നിരോധന ത്തിൽനിന്നും ഊർജ്ജം കൊണ്ട ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗ സ്ഥർ കേരളത്തിലുണ്ടല്ലോ.

പ്രസ് ക്ലബ്ബ് ഒരു സമ്പൂർണ്ണ മദ്യശാലയല്ല. ക്ലബ്ബിൽ കൂടുന്നവരിൽ കുടിക്കുന്നവരും കുടിക്കാത്തവരുമുണ്ട്. ജേർണലിസ്റ്റുകളുടെ സ്വകാര്യത സംരക്ഷിക്കുന്ന ആസ്ഥാനം എന്ന പരിഗണന പതിറ്റാണ്ടുകളായി ക്ലബ്ബ് നിലനിർത്തുന്നു. പൊലീസ് ഉദ്യോഗസ്ഥർക്ക് പൊലീസ് ക്ലബ്ബിലിരുന്നു മദ്യപിക്കാമെങ്കിൽ ജേർണലിസ്റ്റുകൾക്ക് അവരുടെ ക്ലബ്ബിൽ എന്തുകൊ ണ്ടാവില്ല?

എക്സൈസുകാർക്കും ഐ.എ.എസുകാർക്കും ഐ.പി.എസുകാർക്കു മൊക്കെ മദ്യപിക്കാൻ രഹസ്യകേന്ദ്രങ്ങൾ വേറെയും തലസ്ഥാനത്തുണ്ട്.

പതിറ്റാണ്ടുകളായുള്ള മാധ്യമ സംസ്കാരത്തിന്റെ ഭാഗമാണ് പ്രസ്ക്ല ബ്ബിലെ അനൗദ്യോഗിക കൂടിച്ചേരലുകൾ. വിരുദ്ധ നിലപാടുകളും കാഴ്ച പ്പാടുകളുമുള്ള മാധ്യമങ്ങളിലെ പ്രതിനിധികൾ ഒരേ മേശയ്ക്കു ചുറ്റും

പരസ്പരം മനസ്സിലാക്കാനും ബന്ധം പുതുക്കാനും വിശേഷങ്ങൾ പങ്കു വയ്ക്കാനുമുള്ള പൊതുവേദിയാണത്.

മഹാരഥന്മാരായ മുൻഗാമികൾ തുടങ്ങിവച്ച ശീലം. മദ്യമുണ്ടെങ്കിലേ കൂടിക്കാഴ്ചകൾ ഫലവത്താകൂ എന്നില്ല; മദ്യം വേണ്ടവർക്കും വേണ്ടാത്തവർക്കും തുല്യാവകാശം വേണമെന്നേയുള്ളൂ. ക്ലബ്ബിന്റെ സ്വകാര്യതയിലേക്ക് എന്തിന് മറ്റുള്ളവരെ ഒളിഞ്ഞുനോക്കാൻ അനുവദിക്കണം? പൊലീസുകാർക്കെന്താ ഈ വീട്ടിൽ കാര്യം?

"പീഡിതനായ പ്ലീഡർ" എന്ന തലക്കെട്ടിൽ 31-7-2016-ലെ കലാകൗമുദിയിൽ എബ്രാഹം മാത്യു എഴുതിയതിങ്ങനെ:

ഹൈക്കോടതിയിലെ ഗവ. പ്ലീഡർ ധനേഷ് മാത്യു മാഞ്ഞൂരാൻ വഴിയെപോയ ഒരു യുവതിയെ കയറിപ്പിടിച്ച് നിയമോപദേശം നൽകാൻ ശ്രമച്ചിട്ടുണ്ടോ എന്നറിയില്ല. ഏതായാലും അങ്ങനെ ഒരു കേസ് പൊലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് സ്റ്റേ ചെയ്യാൻ ഹൈക്കോടതി വിസമ്മതിക്കുകയും ചെയ്തു. കോടതി മുമ്പാതെ വരുന്ന ഏതൊരു കേസും റിപ്പോർട്ടുചെയ്യുന്നപോലെ മാധ്യമ പ്രതിനിധികൾ ഈ കേസ് റിപ്പോർട്ട് ചെയ്തു.

വഴിയെപോയ ഒരു പെൺകുട്ടിയെ, സർക്കാർ പ്ലീഡർ ധനേഷ് മാത്യു മാഞ്ഞൂരാൻ കയറിപ്പിടിച്ചിട്ടില്ല എന്നു വിശ്വസിക്കുന്ന ഒരു വിഭാഗം അഭിഭാഷകർ ഹൈക്കോടതിയെ കലാപഭൂമിയാക്കി. മാധ്യമപ്രവർത്തകരെ മർദ്ദിച്ചു. വനിതാ ജേർണലിസ്റ്റുകളെ തെറിയഭിഷേകം നടത്തി. കഴുകാത്ത കറുത്ത കോട്ടിൽനിന്നുയരുന്ന ദുർഗന്ധത്തെ വെല്ലുന്ന പുളിച്ച തെറിവിളിച്ചു. കോടതിമുറിയിൽ കമാന്നു മിണ്ടാൻ ശേഷിയില്ലാത്ത കുനിഞ്ഞിരിപ്പു ശീലക്കാർ കേട്ടാൽ അറയ്ക്കുന്ന സ്വന്തം തെറിസമ്പത്ത് നാട്ടുകാർക്കു വിതറി. പൊലീസ് സഹായത്തോടെ മാധ്യമ പ്രവർത്തകർക്ക് കോടതി നടപടി റിപ്പോർട്ട് ചെയ്യേണ്ടിവന്നു. പൊലീസ് സഹായത്തോടെതന്നെ പുറത്തിറങ്ങേണ്ടിയും വന്നു.

ഈ കലാപത്തിന് കാരണമെന്ത്? ധനേഷ് മാത്യു മാഞ്ഞൂരാൻ പെണ്ണിനെ കയറിപ്പിടിച്ചു എന്ന ആരോപണവും കേസ്സും റിപ്പോർട്ട് ചെയ്തുവെന്നതാണ് വാർത്താ ലേഖകർ ചെയ്ത കുറ്റം. പിന്നെ എങ്ങനെ റിപ്പോർട്ട് ചെയ്യണമായിരുന്നു?

ഗവൺമെന്റ് പ്ലീഡർ ധനേഷ് മാത്യു മാഞ്ഞൂരാൻ റോഡരികിൽ ഭംഗിയുള്ള ഒരു പൂമ്പാറ്റയെ കണ്ട് ആകൃഷ്ടനായി, അതിന്റെ നേർക്ക് വികാരവായ്പോടെ കൈനീട്ടുകയാണുണ്ടായത്. പൊടുന്നനെ പൂമ്പാറ്റ പറന്നു മാറുകയും തൽസ്ഥാനത്ത് ഒരു യുവതി പ്രത്യക്ഷമാകുകയും ചെയ്തു. പൂമ്പാറ്റയും പുൽച്ചാടിയും വഴിപോക്കനും ഈശ്വരന്റെ ഒരേ സൃഷ്ടികളാണെന്ന അപാരമായ പ്രപഞ്ചിക വിക്ഷണത്തിൽ, സർക്കാർ പ്ലീഡർ ഒരു നിമിഷം സർക്കാരിനെപ്പോലും മറന്നു. തന്നെ ഉദ്ദീപിപ്പിച്ച പ്രപഞ്ച ദർശനത്തിന്റെ പൊരുൾ പ്ലീഡർക്ക് പിന്നീടാണു മനസ്സിലായത്. വിവാദ വാർത്ത ഏതാണ്ട് ഇതേവിധം റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിൽ ഹൈക്കോടതിയിലെ ഒരു വിഭാഗം അഭിഭാഷകർ സംതൃപ്തരാകുമായിരുന്നു.

ഡൽഹി കോടതിയിൽ കനയ്യകുമാറിനെ ഹാജരാക്കിയ ദിവസം കണ്ട അഭിഭാഷക അഴിഞ്ഞാട്ടത്തിന്റെ കൊച്ചി മെട്രോ പതിപ്പാണ് കഴിഞ്ഞദിവസം കണ്ടത്. അഭിഭാഷകസമൂഹത്തിന് അപമാനമുണ്ടാക്കുന്ന ഒരുവിഭാഗം ക്രിമിനലുകളാണ് കറുത്ത കോട്ടിന് കാൽക്കാശിനു വിലയില്ലാതാക്കുന്നത്. ഉയർന്ന നിലവാരവും സംസ്കാരവുമുള്ള അഭിഭാഷക സമൂഹം ഇത്തരം ക്രിമിനലുകളെ അടിച്ചു പുറത്താക്കണം.

സർക്കാർ പ്ലീഡർ യുവതിയെ കയറിപ്പിടിച്ചു എന്ന കേസ് എന്താ വാർത്തയല്ലേ? തങ്ങൾക്കിഷ്ടമില്ലാത്ത വാർത്ത മൂടിവയ്ക്കണം എന്ന ക്രിമിനൽ പരിപ്പ് കേരളത്തിലെ വെള്ളത്തിൽ വേവില്ല. പ്ലീഡർ പിടിച്ചാലും പ്ലംബർ പിടിച്ചാലും വാർത്ത വാർത്തയാണ്. (പത്രക്കാരൻ പിടിച്ചാൽമാത്രം അവർ വാർത്ത കൊടുക്കില്ല).

കേരളത്തിലെ എത്രയോ രാഷ്ട്രീയ നേതാക്കൾ അറിഞ്ഞും അറിയാതെയും കേസ്സിൽ പ്രതിയാകുന്നു. അവ മാധ്യമങ്ങൾ ഒരു ദാക്ഷിണ്യവുമില്ലാതെ വാർത്തയാക്കാറുണ്ട്. സദാ മൊബൈൽ നോക്കി വെള്ളമിറക്കി ജീവിച്ച ഒരു സ്ത്രീയുമായി കേരളത്തിലെ ചില മന്ത്രിമാരും എം.എൽ.എ മാരും എത്ര തവണ സംസാരിച്ചുവെന്നതിന്റെ കണക്കുകൾ ഹൈക്കോടതിയിൽനിന്ന് മാധ്യമങ്ങൾ ലൈവായി റിപ്പോർട്ടുചെയ്തിരുന്നു. ജനം കേട്ട് തരിച്ചിരുന്നു. മന്ത്രിക്കും എം.എൽ.എയ്ക്കുമില്ലാത്ത എന്തു പരിഗണനയാണ് പ്ലീഡർക്കു വേണ്ടത്. സർ, നിയമത്തിനു മുന്നിൽ പ്ലീഡറും പ്ലംബറും ഒന്നല്ലേ? പൂമ്പാറ്റയും പൽച്ചാടിയും ഒന്നല്ലേ? (മാധ്യമപ്രവർത്തകരും അങ്ങനെതന്നെയല്ലെ!).

ഇതുകേട്ടാൽ തോന്നും മാധ്യമങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങിയാണ് സർക്കാർ പ്ലീഡർ ഈ കേസ്സിൽപ്പെട്ടതെന്ന്; റോഡരുകിൽ പൂമ്പാറ്റയെ പിടിക്കുന്ന മാതൃക സൃഷ്ടിക്കാൻ എന്താ പ്ലീഡർമാർക്ക് സർക്കാർ എന്തെങ്കിലും അസൈൻമെന്റ് നൽകിയിട്ടുണ്ടോ?

നാളെ മുതൽ കോടതി വാർത്തകളിൽനിന്നും വക്കീലന്മാരുടെ പേരുകൾ മാധ്യമങ്ങൾ ഒഴിവാക്കുന്നു എന്നു സങ്കല്പിക്കുക, ദൃശ്യങ്ങൾ നൽകേണ്ടന്നും തീരുമാനിക്കുന്നു. വക്കീൽ പുലികൾ പ്യൂപ്പയാകാൻ ഒരു നിമിഷം മതി. എന്നാൽ മാധ്യമ ധർമ്മം ഈവിധമാകില്ല. കറുത്ത കോട്ട് കക്ഷത്തിൽ തിരുകി പുളിച്ച തെറിയിൽ തെന്നിവീഴുന്ന ഒരു വിഭാഗവുമായി മത്സരിക്കേണ്ടവരല്ല സാമൂഹ്യ പ്രതിബദ്ധതയുള്ള പത്രപ്രവർത്തകർ. (എബ്രാഹം മാത്യുവിനും മുഴുവൻ മാധ്യമപ്രവർത്തകർക്കും തെറ്റി. കഴിഞ്ഞ 2 വർഷമായി ഈ ഉമ്മാക്കി പത്രക്കാർ എനിക്കെതിരെ പ്രയോഗിച്ചതാണ്. ഒന്നും സംഭവിച്ചില്ല. ഒരു പുലിയും പ്യൂപ്പയായില്ല. പുളിച്ച തെറിയിൽ തെന്നിവീഴുന്ന വിഭാഗം ആരാണെന്നു മനസ്സിലായില്ലെ?)

വനിതാ മാധ്യമ പ്രവർത്തകരെ തടഞ്ഞുവച്ച് അപമാനിക്കാൻ ശ്രമിക്കുകയും അസഭ്യം വിളിക്കുകയും ചെയ്ത അഭിഭാഷകർക്കെതിരെ സ്ത്രീപീഡനത്തിനു കേസ്സെടുക്കണം. തൊഴിൽ സ്വാതന്ത്ര്യം തടസ്സപ്പെടുത്തി മർദ്ദിച്ചവർക്കെതിരെ കേസ്സെടുക്കണം. വ്യാജ കറസ്പോണ്ടൻസ് കോഴ്സ് എൽഎൽബികളേയും ഒറിജിനൽ എൽഎൽബികളേയും ജനം

തിരിച്ചറിയട്ടെ. ഒരു വക്കീലിന് ഇഷ്ടമില്ലാത്ത വാർത്ത വന്നാൽ മറ്റ് വക്കീലന്മാർ തെറിവിളിച്ച് മർദ്ദിക്കും. അങ്ങനെയെങ്കിൽ നിയമസഭയിൽ കൂർക്കം വലിക്കുന്ന എംഎൽഎയെക്കുറിച്ച് എങ്ങനെ വാർത്ത കൊടുക്കും? ഉറക്കം എന്റെ ജന്മാവകാശമാണ്. അതു ഞാൻ കാത്തുസൂക്ഷിക്കുമെന്നു പറഞ്ഞ് ഇവർ മാധ്യമങ്ങൾക്കെതിരെ അവകാശലംഘനത്തിനു നോട്ടീസ് നൽകുന്ന കാലം വിദൂരമല്ല. (നിങ്ങളെപ്പറ്റിയും ജനങ്ങൾ അറിയട്ടെ, വിദ്യാഭ്യാസ യോഗ്യതകളൊക്കെ ഒന്നു പുറത്തുവിട്).

# 15

# ഭീകരാക്രമണം ചാനലുകാർക്ക് ഉത്സവം

വാർത്താ ചാനൽ പ്രവർത്തനങ്ങളെപ്പറ്റി 2015 ഡിസംബർ 6-ാം തീയതിയിലെ കലാകൗമുദി മാസികയിൽ കെ. കുഞ്ഞികൃഷ്ണൻ ടെലികാസ്റ്റ് എന്ന പംക്തിയിൽ “നമ്മുടെ ചാനലുകൾ പഠിക്കുമോ” എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം ഈ സംഘട്ടന കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. പ്രത്യേകിച്ച് വാർത്താചാനൽ പ്രവർത്തകർക്കും അവരെ നിയന്ത്രിക്കുന്ന മുതലാളിമാർക്കും.

**നമ്മുടെ ചാനലുകൾ പഠിക്കുമോ?**

ലോകത്തിലെ ഏറ്റവും മനോഹരമായ നഗരങ്ങളിലൊന്നാണ് പാരീസ്. ഇക്കഴിഞ്ഞ നവംബർ 13-ാം തീയതി സമീപകാലത്തെ ഏറ്റവും പ്രാകൃതമായ ഭീകരാക്രമണത്തിനിരയായി. സ്റ്റേഡ് ദി ഫ്രാൻസിലും ബറ്റാക്ലാൻ തിയേറ്ററിലും ഹോട്ടലിലും ബാറുകളിലും മറ്റുമായി 130 പേർ മരിച്ചു. ആക്രമണം നടന്നത് നഗരകേന്ദ്രത്തിൽ നാലുമൈൽ ചുറ്റളവിൽ. ലോകത്തിലെ മുഖ്യ വാർത്താടെലിവിഷൻ ചാനലുകളെല്ലാം ഭീകരാക്രമണത്തിന്റെ തൽസമയപ്രക്ഷേപണം നടത്തിക്കൊണ്ടിരുന്നു. ഇന്ത്യയിലെ മുഖ്യ ഇംഗ്ലീഷ് ചാനലുകൾ, ടൈംസ് നൗ, എൻഡി ടിവി, സി എൻ എൻ, ഫ്രാൻസ്24. അൽജസീറ, ആർച്ചി (റഷ്യൻ ടിവി) തുടങ്ങിയവയും തൽസമയ ദൃശ്യങ്ങൾ കാണിച്ചു. അവയുമായി സഹകരിച്ചാണ് ഇന്ത്യൻ ചാനലുകൾ ദൃശ്യങ്ങൾ (അവയുടെ സ്വന്തം ക്യാമറ ടീമുകൾ എത്തുന്നതുവരെ) പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നത്.

പാരീസ് ആക്രമണത്തിന്റെ വാർത്ത ‘പൊട്ടിത്തെറിച്ചതു’ മുതൽ വളരെക്കാലം ടെലിവിഷനിൽ ജോലി ചെയ്തിരുന്നതിനാലും മാധ്യമത്തോടുള്ള താൽപര്യം കൊണ്ടും ഞാൻ അന്തർദ്ദേശീയ ചാനലുകളിലെ വാർത്താ സംപ്രേഷണം മണിക്കൂറികളോളം ഉറങ്ങാതെ കണ്ടുകൊണ്ടിരുന്നു. ബിബിസി, സി.എൻ.എൻ, അൽജസീറ, റഷ്യൻ ടിവി എന്നിവയായിരുന്നു കേബിൾ ടെലിവിഷനിൽ കിട്ടിയത്. ഫ്രാൻസിലെ ഇംഗ്ലീഷ് ചാനലായ ഫ്രാൻസ് 24-ൽ നിന്നുള്ള ദൃശ്യങ്ങൾ, ഐപാഡിലൂടെ വെബ്ബിലും

കിട്ടിയിരുന്നു. ഭീകരതാണ്ഡവം ലോകത്തെയും ഫ്രാൻസിനെയും ഞെട്ടിച്ചുകളഞ്ഞതിനാൽ വാർത്തകൾ അനുനിമിഷം മാറിവന്നുകൊണ്ടിരുന്നു. തൽസമയദൃശ്യങ്ങളുടെ നിലവാരം പ്രശംസനീയമായിരുന്നു. റിപ്പോർട്ടിംഗും വാക്കുകളുടെ അവതരണവും ശബ്ദവിന്യാസവും അഭിനന്ദനീയമായിരുന്നു.

2001 സെപ്റ്റംർ 11-ാം തീയതി അമേരിക്കയിൽ നടന്ന ചാവേർ അക്രമണത്തിന്റെ ദൃശ്യങ്ങളും റിപ്പോർട്ടുകളും ഓർമ്മയിൽ പച്ചപിടിച്ചുനിൽപ്പുണ്ടായിരുന്നു. മാത്രവുമല്ല, 2008 നവംബർ 26-ാം തീയതി ബോംബെയിൽ നടന്ന ഭീകരാക്രമണത്തെത്തുടർന്ന് ഇന്ത്യൻ ഇംഗ്ലീഷ് ചാനലുകൾ നടത്തിയ റിപ്പോർട്ടിംഗ് ദേശീയ സുരക്ഷയെ അപകടത്തിലാക്കിയെന്ന് സുപ്രീം കോടതി തന്നെ വിലയിരുത്തിയ സംപ്രേഷണവും പാരീസാക്രമണത്തിന്റെ ദൃശ്യങ്ങളുമായി തുലനം ചെയ്യാൻ കഴിഞ്ഞു. ഏതു നിമിഷവും ദൃശ്യങ്ങൾ ബീഭത്സതയിലേക്കു നീങ്ങാമെന്നു തോന്നിയെങ്കിലും ഒന്നും ഉണ്ടായില്ല. ബീഭത്സതയോ അറപ്പോ മടുപ്പോ വെറുപ്പോ സൂചിപ്പിക്കുന്ന ദൃശ്യങ്ങളോ ഒന്നും ഒരു അന്തർദേശീയ ചാനലും സംപ്രേഷണം ചെയ്തില്ല. നിരന്നുകിടക്കുന്ന മൃതദേഹങ്ങളുടെയോ ചോരയൊലിക്കുന്നവരുടെയോ പരിക്കേറ്റ് അംഗഭംഗം സംഭവിച്ചതിന്റെയോ സമീപദൃശ്യങ്ങളൊന്നും തത്സമയം കാണിച്ചിരുന്നില്ല. പക്ഷേ, ഭീകരാക്രമണത്തിന്റെ ഘോരത ദൃശ്യങ്ങളിലും റിപ്പോർട്ടിംഗിലും അവതരണത്തിലും പ്രകടമായിരുന്നു. ലോകത്തിന്റെ ഞെട്ടൽ വളരെ സമഗ്രമായി റിപ്പോർട്ടുകൾ പ്രകടമാക്കി. റിപ്പോർട്ടർമാർ സമചിത്തത വെടിയാതെ ശബ്ദപ്രഘോഷങ്ങളോ ആക്ഷേപകരമായി അലറിവിളിക്കുകയോ ചെയ്യാതെ തന്നെ തങ്ങളുടെ കൃത്യം നിർവഹിച്ചു. മാത്രവുമല്ല, വാർത്തയുടെ സ്രോതസ്സുകളിൽനിന്നെല്ലാം തത്സമയം സംപ്രേഷണം നടത്തുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങളും വളരെ പെട്ടെന്നുതന്നെ നടന്നുവെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കി. വൈകാരികവിക്ഷോഭങ്ങളോ അവതാരകരുടെ ആംഗ്യപ്രകടനങ്ങളോ അലറലുകളോ വാർത്താവിതരണത്തിലുണ്ടായില്ല. തങ്ങൾ ഇത്ര സ്ഥലങ്ങളിൽ വാർത്താസംഘത്തെ നിയോഗിച്ചിട്ടുണ്ടെന്ന് മുൻപ് പറഞ്ഞ ആഗോളടെലിവിഷൻ ശൃംഖലകളൊന്നും ഉദ്ഘോഷിച്ചില്ല. അത് അവരുടെ ദൃശ്യങ്ങൾ പ്രകടമാക്കി. ഇരുപത്തൊമ്പത് രാജ്യങ്ങളിൽനിന്നുള്ളവരാണ് പാരീസിൽ ആക്രമണത്തിൽ മരിച്ചത്. അതിനാൽ ടെലിവിഷൻ ചാനലുകൾ വസ്തുനിഷ്ഠതയും സത്യസന്ധതയും പ്രകടിപ്പിച്ചതിൽ അത്ഭുതമില്ല. ഇടയ്ക്കവർ പരസ്യങ്ങൾ കാണിച്ചില്ല!

### വിശ്വാസ്യത

ഇന്ത്യൻ ഇംഗ്ലീഷ് ചാനലുകൾ ആദ്യം അന്തർദേശീയ ചാനലുകളിൽനിന്നുള്ള ദൃശ്യങ്ങളായിരുന്നു പ്രക്ഷേപണം ചെയ്തിരുന്നത്. പിറ്റേദിവസമാകുമ്പോഴത്തേക്കും ക്യാമറാസംഘങ്ങൾ പാരീസിലെത്തി. ദൃശ്യങ്ങളെക്കാൾ കൂടുതൽ സ്ക്രീനിൽ നിറഞ്ഞുനിന്നത് സ്ക്രപ്പറുകളും... സ്കോളുകളും ഇൻലെകളും തങ്ങൾ ഇന്ത്യയിൽനിന്നുള്ള ആദ്യത്തെ സംഘമെന്നും ഇത്ര സ്ഥലങ്ങളിൽ ക്യാമറാസംഘത്തെ വിന്യസിച്ചിട്ടുണ്ടെ

ന്നുമുള്ള അവകാശവാദങ്ങൾ അനാവശ്യമായിരുന്നു. ഭാഗ്യവശാൽ റിപ്പോർട്ടർമാർ അംഗവിക്ഷേപങ്ങളോ ശബ്ദഘോഷങ്ങളോ നടത്തിയില്ല. പാരീസിലെ ഇന്ത്യൻ എംബസിയിലെ മണീഷ് പ്രഭാതിന്റെ ഫ്രാൻസിലെ ഇന്ത്യക്കാരെല്ലാം സുരക്ഷിതരാണെന്ന പ്രസ്താവന എല്ലാ ചാനലുകളും ആവർത്തിച്ചു. ആക്രമണം കഴിഞ്ഞ് ഏതാനും മണിക്കൂറുകൾക്കുള്ളിൽ അങ്ങനെയൊരവകാശവാദം പക്വമല്ലായിരുന്നു. മാത്രമല്ല, ലോകം ഞെട്ടിത്തരിച്ച ആക്രമണങ്ങളുടെ വാർത്താ ദൃശ്യങ്ങൾക്കിടയിൽ കഴിയുന്നത്ര പരസ്യങ്ങൾ കാണിക്കാനുള്ള കച്ചവടമനഃസ്ഥിതിയും ഇന്ത്യൻ ടെലിവിഷൻ ചാനലുകൾ കാണിച്ചു. ലോകം കരഞ്ഞാലെന്ത്, ദുഃഖിക്കുകയോ ഞെട്ടുകയോ ചെയ്താലെന്ത്, തങ്ങൾക്ക് കച്ചവടം നടത്തണം എന്ന സ്ഥിതിയിലേക്ക് സ്വകാര്യവാർത്താചാനലുകൾ അധഃപതിച്ചിരിക്കുന്നു. വെള്ളിയാഴ്ച രാത്രി പാരീസ് അക്രമണം കഴിഞ്ഞതിന്റെ ദൃശ്യങ്ങൾക്കുശേഷം, ശനിയാഴ്ച രാവിലെ പാരീസിൽനിന്ന് ദൃശ്യങ്ങൾ വന്നുകൊണ്ടിരിക്കുമ്പോൾതന്നെ ഇന്ത്യൻ ഇംഗ്ലീഷ് ചാനലുകൾ ബോംബെ ആക്രമണത്തെക്കുറിച്ചാണ് ചർച്ചകൾ നടത്തിയത്. പാരീസ് ആക്രമണകാരികളുടെ ആശയപരമായ ക്രൂരതയെക്കുറിച്ചോ, അക്രമണത്തിനിരയായവരെക്കുറിച്ചോ, സുരക്ഷാവീഴ്ചകളുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യങ്ങളെക്കുറിച്ചോ ഫ്രാൻസും ലോകവും പഠിക്കേണ്ട പാഠങ്ങളെക്കുറിച്ചോ വേണ്ടിയിരുന്നു വിദഗ്ദ്ധരുടെ വാചാടോപങ്ങൾ, ഇന്ത്യൻ വാർത്താചാനലുകൾ അതീവഗുരുതരമായ വീഴ്ചകളോടെ പ്രക്ഷേപണം ചെയ്ത ബോംബെ ഭീകരാക്രമണത്തെക്കുറിച്ചായി! വെറുതെയാണോ ഇന്ത്യൻ മുഖ്യധാരാമാധ്യമങ്ങളുടെ വിശ്വാസ്യത 18–40 വയസ്സ് പ്രായമുള്ളവരിൽ 80 ശതമാനം കുറവാണെന്നു കണ്ടെത്തിയത്. ഇ–മെയിലിലൂടെയും ഫെയ്സ് ബുക്കിലൂടെയും മറ്റും 'ഇന്ത്യൻ ഐറിസ്' നടത്തിയ സർവ്വെയിലാണ് മുഖ്യധാരാമാധ്യമങ്ങളുടെ–പത്രങ്ങളും ടെലിവിഷൻ ചാനലുകളും– വിശ്വാസ്യത ഇത്രയും സന്നിഗ്ദ്ധമാണെന്നറിയുന്നത്. സർവ്വേയിൽ പങ്കെടുത്തവരിൽ 87 ശതമാനം ഇപ്പോഴത്തെ മുഖ്യധാരാ മാധ്യമങ്ങൾ പക്ഷപാതങ്ങളുള്ളവരാണെന്നും വസ്തുനിഷ്ഠമല്ലെന്നും വിലയിരുത്തുന്നു; വെറും 7 ശതമാനം മാത്രമാണ് മുഖ്യധാരാമാധ്യമങ്ങൾ നീതിപൂർവ്വമായി പ്രവർത്തിക്കുന്നുവെന്നു കരുതുന്നത്. തീർന്നില്ല ഇലക്ട്രോണിക് മാധ്യമങ്ങൾ  വിശ്വാസ്യയോഗ്യമാണെന്ന് വെറും 4 ശതമാനമേ കരുതുന്നുള്ളൂ. വാർത്താ ടെലിവിഷൻ ചാനലുകളിലെ പ്രൈം ടൈം ചർച്ചകൾ 70 ശതമാനം പേരും കാണുന്നത് അലങ്കോലപ്രകടനങ്ങളാണ്. 23 ശതമാനം പ്രേക്ഷകർ അവയെ വിലയിരുത്തുന്നത് വിനോദക്കാഴ്ചകളായാണ്! വെറും 7 ശതമാനം ആണ് ഈ വാക്തർക്കങ്ങളിൽ എന്തെങ്കിലും മൂല്യമുണ്ടെന്നു കരുതുന്നത്. സർവ്വെയിൽ മലയാളവാർത്താചാനലുകളും പെടുത്തിയിരുന്നെങ്കിൽ ഇവയുടെ വിശ്വാസ്യതയും നീതിയും വസ്തുനിഷ്ഠതയും എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലൊ.

**അമേരിക്കൻ ഭീകരാക്രമണപ്രക്ഷേപണം**

2001 സെപ്റ്റംബർ 11–ാം തീയതി നടന്ന ഭീകരാക്രമണത്തിന്റെ ടെലി

വിഷൻ കവറേജ് പാരീസിലെ ആക്രമണദൃശ്യങ്ങളിൽനിന്നും വ്യത്യസ്ത മായത് എങ്ങനെ? ബോംബെ ആക്രമണത്തിന്റെ രാജ്യസുരക്ഷയെ അപ കടപ്പെടുത്തിയ ദൃശ്യങ്ങളിൽനിന്നും എങ്ങനെയാണവ വ്യത്യസ്തമായത്? അമേരിക്കൻ ഭീകരാക്രമണ കവറേജിനെക്കുറിച്ചുള്ള പഠനങ്ങൾ സൂചി പ്പിക്കുന്നത് പൊതുവേ അവ നിഷ്പക്ഷത, നീതി, വിവേകം, സമതുലന ത, വസ്തുനിഷ്ഠത എന്നിവയിൽ ബഹുദൂരം പിന്നിലായിരുന്നുവെന്നാണ്. അറബികൾക്കും മുസ്ലിമുകൾക്കുമെതിരെ വെറുപ്പും പ്രതികാരവും വമി പ്പിക്കുന്ന രീതിയിലായിരുന്നുവെന്നതാണ്. അമേരിക്കൻ കോർപ്പറേറ്റ് മാധ്യ മങ്ങൾ പ്രസിഡന്റ് ജോർജ് ഡബ്ല്യു ബുഷിന്റെ അമേരിക്കൻ ദേശസ്നേ ഹവ്യവഹാരങ്ങളെയും നയങ്ങളെയും സർവ്വവിധേനയും യുക്തിരഹിത മായി പിൻതുണയ്ക്കുകയായിരുന്നു. അവ അമേരിക്കൻ ജനതയുടെ അവ ബോധത്തെത്തന്നെ നാടകീയമായി മാറ്റിമറിച്ചു. ഭരണതലത്തിലും സ്ഥാപ നങ്ങളിലും വ്യവസായങ്ങളിലും രാഷ്ട്രീയക്കാരും മാധ്യമങ്ങളും ഭയജന കമായ കാര്യപരിപാടികളും പ്രത്യയശാസ്ത്രവും നടപ്പാക്കാൻ 9/11 ഉപ യോഗിച്ചുവെന്നാണ് കവറേജിനെക്കുറിച്ചുള്ള മാധ്യമഗവേഷണം വ്യക്ത മാക്കിയത്. അമേരിക്ക "സുരക്ഷാവാചാടോപങ്ങളി"ൽ മുഴുകി. ജോലി സ്ഥലങ്ങളിലും ആൾക്കൂട്ടങ്ങളിലും സാമൂഹ്യകേന്ദ്രങ്ങളിലും ഇലക്ട്രോ ണിക് നിരീക്ഷണസംവിധാനങ്ങൾ നിലവിൽവന്നു. ഭീകരാക്രമണത്തിന്റെ ആസൂത്രകർതന്നെ ഉദ്ദേശിച്ച രീതിയിലുള്ള മാധ്യമശ്രദ്ധ അവർ നേടി. അമേരിക്കയുടെ അപ്രമാദിത്വം തകർന്നടിഞ്ഞു. ലോകത്തിന്റെ ഏതു കോണിലും അക്രമം അഴിച്ചുവിടുമെന്ന അവരുടെ അഹന്ത ശക്തമായി. ലോകത്തെങ്ങുമുള്ള പ്രേക്ഷകരിൽ ഭയം സൃഷ്ടിക്കാൻ മാധ്യമങ്ങളിലൂടെ കഴിഞ്ഞതിൽ ഭീകരർ സൃഷ്ടിച്ച 'ഭയാഖ്യാനം' അവരുടെ മാർഗ്ഗങ്ങളിൽ പ്രധാനമായിരുന്നു. 9/11-നു ശേഷവും ഒട്ടേറെ ഭീകരാക്രമണങ്ങൾ നട ന്നു. അവയുടെയെല്ലാം ടെലിവിഷൻ കവറേജ് വസ്തുനിഷ്ഠമോ സമതു ലിതമോ ആയിരുന്നില്ല. അവ നേടിയ മാധ്യമ ശ്രദ്ധ പരോക്ഷമായി ഭീക രർക്ക് പ്രയോജനകരമായി. കുറ്റവാളികളുടെ ദൃശ്യങ്ങൾ ഭീകരപ്രസ്ഥാന ങ്ങളോട് അനുകമ്പയുള്ളവർക്കും അവരെ ചേർക്കുന്നവർക്കും പരോക്ഷ മായി ഉപകരിച്ചു.

**മുംബൈയിലെ കവറേജ്**

ബോംബെ ഭീകരാക്രമണത്തിന്റെ ടെലിവിഷൻ വാർത്താകവറേജിനെ ക്കുറിച്ച് സുപ്രീംകോടതി പറഞ്ഞ വിധിയുടെ ഉള്ളടക്കം ശ്രദ്ധേയമാണ്. 2008 നവംബർ 26-ാം തീയതി രാജ്യത്തെയും ലോകത്തെയും നടുക്കിയ ഭീകരാക്രമണത്തിന്റെ ദൃശ്യങ്ങൾ തത്സമയം പ്രേക്ഷകരിലെത്തിക്കാൻ ഇന്ത്യൻ വാർത്താചാനലുകൾ കടുത്ത മത്സരം നടത്തുകയായിരുന്നു. രാജ്യ ത്തിന്റെ സുരക്ഷയോ ഭീകരാക്രമണത്തെ അടിച്ചമർത്താൻസുരക്ഷാ ഏജൻസികളുടെ പ്രവർത്തനം തകരാറിലാവുന്നതോ അവർക്കൊരു പ്രശ്നമേ ആയിരുന്നില്ല. അവർക്ക് ഭീകരാക്രമണം ഉത്സവം പോലെയാ യിരുന്നു. അജ്മൽ കസബിന്റെ വധശിക്ഷ ശരിവച്ചുകൊണ്ട് 2012 ആഗസ്റ്റ് 29-ാം തീയതി ജസ്റ്റിസ് അഫ്താബ് ആലം, ജസ്റ്റിസ് സി.കെ. പ്രസാദ്

എന്നിവരുടെ വിധിയിലെ പ്രസക്തഭാഗങ്ങൾ മാധ്യമപ്രവർത്തകരെയും മാധ്യമമുതലാളിമാരെയും ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. വീണ്ടുവിചാരമില്ലാത്ത കവറേജ് ഭീകരർക്ക് സുരക്ഷാസൈനികരിൽനിന്ന് ഒളിഞ്ഞുനിൽക്കാനുള്ള സാഹചര്യം സൃഷ്ടിച്ചു; അവരുടെ കൃത്യമായ സ്ഥാനത്തെക്കുറിച്ചോ, അവരുടെ കൈയിലുള്ള ആയുധങ്ങളെയോ സ്ഫോടകവസ്തുക്കളെക്കുറിച്ചോ വെടിക്കോപ്പുകളെപ്പറ്റിയോ സുരക്ഷാസൈനികർക്ക് പൂർണ്ണമായ അറിവില്ലാതാക്കാൻ ഇത് (ടെലിവിഷൻ കവറേജ്) സഹായിച്ചു. മാത്രവുമല്ല, സുരക്ഷാസൈനികരുടെ നീക്കങ്ങളും ആയുധങ്ങളുടെ പൂർണ്ണവിവരങ്ങളും സ്ഥാനങ്ങളും ടെലിവിഷൻ കവറേജിലൂടെ കൃത്യമായി അറിയാനും അതനുസരിച്ച് തന്ത്രം മെനയാനും ടെലിവിഷൻ ദൃശ്യങ്ങൾ വീക്ഷിക്കുന്ന ഭീകരാക്രമണം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ രാജ്യാതിർത്തിക്കപ്പുറമുള്ളവർക്ക് (ശത്രുക്കൾ) കഴിഞ്ഞു. ടെലിവിഷൻ കവറേജ് യാതൊരു നിയന്ത്രണവും കരുതലുമില്ലാത്തതായിരുന്നതിനാൽ സുരക്ഷാ സൈനികരുടെ നടപടികൾ അത്യന്തം അപകടകരവും ക്ലേശം നിറഞ്ഞതും സാഹസികവുമായിവുമായിത്തീർന്നുവെന്ന് കോടതി പ്രസ്താവിച്ചു. മുംബെ ഭീകരാക്രമണം ഈ രീതിയിൽ കവർ ചെയ്തിരുന്ന ടെലിവിഷൻ ചാനലുകൾ രാജ്യതാത്പര്യങ്ങൾക്കോ സാമൂഹ്യപ്രേരണകൾക്കോ വിലകൽപ്പിച്ചില്ല. പ്രത്യുത അവരുടെ വ്യാപാരതാത്പര്യങ്ങൾക്കുവേണ്ടി രാജ്യസുരക്ഷ അവതാളത്തിലാക്കി. ഇത്തരം സന്നിഗ്ദ്ധാഘട്ടങ്ങളിലാണ് ഒരു സ്ഥാപനത്തിന്റെ വിശ്വാസ്യത നിലനിൽക്കുന്നത്. ഭീകരാക്രമണങ്ങളുടെ കവറേജിലൂടെ മുഖ്യധാരാ ഇലക്ട്രോണിക് മാധ്യമങ്ങൾ സ്വയം നിയന്ത്രണമേർപ്പെടുത്തുമെന്ന ചിന്താഗതിയെ കുഴപ്പത്തിലാക്കിയിരിക്കുന്നു.

സുപ്രീം കോടതി തന്നെ കവറേജിന്റെ ദൃശ്യങ്ങളെക്കുറിച്ചും നിരീക്ഷിച്ചിട്ടുണ്ട്. തുടക്കം മുതൽ അവസാനം വരെ ഭീകരമായ രക്തം പുരണ്ട ദൃശ്യങ്ങളുടെ വിശദാംശങ്ങളാണ് തുടർച്ചയായി പ്രദർശിപ്പിച്ചുകൊണ്ടിരുന്നത്. ഓരോ ചാനലും അതിൽ മത്സരിക്കുകയായിരുന്നു. ഓരോ മിനുട്ടിലും നടക്കുന്ന സംഭവങ്ങളും പ്രത്യാഘാതങ്ങളെപ്പറ്റി ചിന്തിക്കാതെ സുരക്ഷാസൈനികരുടെ കൃത്യമായ സ്ഥാനങ്ങളും ഓരോ മിനുട്ടിലും നടക്കുന്ന നീക്കങ്ങളും പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു.

### ബീഭത്സദൃശ്യങ്ങൾ

ഭീകരദൃശ്യങ്ങൾ ടെലിവിഷനിൽ കാണിക്കുന്നതിന് അലിഖിതമായ നിയന്ത്രണങ്ങൾ എല്ലാ ചാനലുകളും നിഷ്കർഷിക്കേണ്ടതുണ്ട്. നിയമാവലികൾ ഇത്തരം ദൃശ്യങ്ങളെക്കുറിച്ചുള്ള നിയന്ത്രണത്തിനുവേണ്ടി ഉണ്ടെങ്കിലും അവ കരുതിക്കൂട്ടിയോ അല്ലാതെയോ ലംഘിക്കപ്പെടുന്നതിന്റെ ദൃശ്യങ്ങൾ നമ്മുടെ ചാനലുകളിൽ നിത്യസംഭവങ്ങളാണ്. സ്വകാര്യചാനലുകളുടെ പ്രക്ഷേപണത്തിന് അനുമതി വാങ്ങുമ്പോൾ പ്രക്ഷേപണധർമ്മസംഹിത (ബ്രോഡ്കാസ്റ്റിംഗ് കോഡ്) പിന്തുടരുമെന്ന് ഉറപ്പുനൽകാറുണ്ട്. അതു വളരെ അടിസ്ഥാനപരമായ നിയമാവലിയാണ്. വ്യക്തികളെ പേരെടുത്തു പറഞ്ഞ് വിമർശിക്കരുത് എന്നത് അടിസ്ഥാനതത്വങ്ങളിലൊന്നാ

ണ്. അതു പാലിക്കുകയാണെങ്കിൽ നമ്മുടെ എത്ര വാർത്താചാനലു കൾക്കും വിനോദചാനലുകൾക്കും നിലനിൽപ്പുണ്ടാവും.

ദൃശ്യങ്ങളുടെ കാര്യത്തിലും നിയതമായ മാർഗ്ഗരേഖകളുണ്ട്. അപക ടങ്ങളുടെയും മറ്റും ദൃശ്യങ്ങൾ കാണിക്കുന്നതിലും നമ്മുടെ വാർത്താചാ നലുകൾ പ്രകടിപ്പിക്കുന്ന ശുഷ്കാന്തി ജുഗുപ്സാവഹമാണ്. നമ്മുടെ ചാന ലുകളിലെ പ്രൈം ടൈം ചർച്ചകൾ സാമാന്യമര്യാദയുടെയും പ്രക്ഷേപ ണമാന്യതയുടെയും ലംഘനത്തിന്റെ തന്നെ എല്ലാ സീമകളെയും ഇല്ലാ താക്കുന്നവാചികാതിസാരമായിത്തീർന്നിരിക്കുന്നു. ചാനലുകളുടെ പ്രക്ഷേ പണത്തിന്റെ ഉള്ളടക്കം നിരീക്ഷിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സംവിധാനം വേണമെന്ന് നിയമമുണ്ട്. പക്ഷേ, നിയമം പ്രായോഗികമായി നടപ്പിലാക്കിയാൽ എന്തു സംഭവിക്കും ചാനലുകൾക്കെ ന്നത് ആലോചനാവിഷയമാണ്. പണമുണ്ടാക്കാൻവേണ്ടി മാത്രം എന്തും കാണിക്കുന്ന ചാനലുകൾക്ക് നിയമം നടപ്പിലാക്കിയാൽ പരിരക്ഷയുണ്ടാ വില്ല. ഉറപ്പ്. നിരീക്ഷകസമിതികൾ മാധ്യമരംഗത്തെ വിദഗ്ദ്ധരല്ലാതെ രാഷ്ട്രീയക്കാരെക്കൊണ്ട് നിറച്ചതിനാലാകണം നിരീക്ഷണസംവിധാനം അഥവാ ഉണ്ടെന്നുതന്നെ ആർക്കും തോന്നാത്തത്.

വാർത്താചാനലുകളിലെ ദൃശ്യങ്ങളുടെ കാര്യമെടുക്കുക. ദൃശ്യങ്ങ ളുടെ രീതിയെയും ഉള്ളടക്കത്തെയും കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ഒരു സൂചകപ്രസിദ്ധീകരണം ഒരു ചാനലിലും ഉള്ളാതായി അറി വില്ല. ഭീതിദവും ഭീകരവുമായ ദൃശ്യങ്ങളെക്കുറിച്ച് ബിബിസി പോലുള്ള അന്തർദ്ദേശീയ ചാനലുകൾക്ക് നിയതമായ മാർഗ്ഗരേഖകളുണ്ട്. ഭീകരത വേഗത്തിലും സൂക്ഷ്മമായും പൂർണ്ണമായും ഉത്തരവാദിത്വത്തോടെയും റിപ്പോർട്ടുചെയ്യണം. അലക്ഷ്യമായി ഉപയോഗിക്കുന്ന വാക്കുകളും വില യിരുത്തലുകളും വൈകാരികമായ വിലയിരുത്തലുകളും വിശ്വാസ്യതയെ ബാധിക്കും എന്നാണ് ബിബിസിയുടെ മാനദണ്ഡം. മൃതദേഹങ്ങൾ പ്രദർശി പ്പിക്കുന്നതിനെക്കുറിച്ചും അവ പ്രദർശിപ്പിക്കുകവഴി മരിച്ച വ്യക്തിക്കും ബന്ധുക്കൾക്കും ഉണ്ടാകാവുന്ന അനാദരവിനെപ്പറ്റി പ്രത്യേക പരാമർശ മുണ്ട്. പാരിസ് ആക്രമണത്തിന്റെ തീക്ഷ്ണത കുറഞ്ഞ് പ്രക്ഷേപണം മറ്റ് മേഖലകളിലായപ്പോൾ ഫെയ്സ് ബുക്കിൽ വന്ന പോസ്റ്റിംഗ് ഉദ്ധരി ക്കട്ടെ:

"പാരിസ് ആക്രമണത്തിന്റെ കവറേജ് ശ്രദ്ധിച്ചുവോ? മൃതശരീരങ്ങളോ രക്തച്ചൊരിച്ചിലോ കാണാൻ കഴിഞ്ഞുവോ? പ്രതിപക്ഷപ്പാർട്ടിയുടെ അഭി പ്രായപ്രകടനങ്ങൾ കേട്ടുവോ? ഇരകളുടെ വായിലൂടെ മാധ്യമപ്രവർത്ത കരുടെ വാക്കുകൾ കേട്ടുവോ? നമ്മുടെ മാധ്യമങ്ങൾ നൈതികതയും അച്ച ടക്കവും പഠിക്കേണ്ട സമയം." കെ. കുഞ്ഞികൃഷ്ണൻ: 9447794455

പ്രശസ്ത മാധ്യമപ്രവർത്തകനായ കുഞ്ഞുകൃഷ്ണൻ ചൂണ്ടിക്കാട്ടിയ മാർഗ്ഗരേഖകളും BBC മാർഗ്ഗനിർദ്ദേശങ്ങളൊന്നും വാർത്താചാനലുകൾ സ്വയം നടപ്പിലാക്കിയില്ലെങ്കിൽ അതൊക്കെ നിയമങ്ങളായി നടപ്പിലാക്ക ണം.

# 16

# മാധ്യമക്കോമാളികൾ

നിരവധിപേർക്കെതിരെ അടിസ്ഥാനമില്ലാതെ മാധ്യമങ്ങൾ വ്യക്തി ഹത്യ നടത്തിയപ്പോൾ മൗനം പാലിച്ച ചില മാധ്യമങ്ങൾ വി.എസ്. അച്യുതാനന്ദനെതിരെ ചില പരാമർശങ്ങൾ വന്നപ്പോൾ അതു കവർ സ്റ്റോറിയാക്കി. അച്യുതാനന്ദന്റെ മകന്റെ അഴിമതി വിജിലൻസ് കഴിഞ്ഞ 5 വർഷമായി കോൾഡ് സ്റ്റോറേജിലാക്കി. അതിന്റെ അന്വേഷണം ത്വരിതപ്പെടുത്താൻ അച്യുതാനന്ദൻ കൈവിരലനക്കിയില്ല. 26 ലക്ഷം രൂപാ മാത്രം തിരഞ്ഞെടുപ്പിനു ചിലവഴിക്കാവുന്ന ഈ തിരഞ്ഞെടുപ്പിൽ അച്ച്യുതാനന്ദൻ അടക്കം അഴിമതിക്കെതിരെ കുരിശുയുദ്ധം നടത്തുന്നവർ എത്രകോടി ചിലവഴിച്ചു? "മാധ്യമക്കോമാളികൾ" എന്നായിരുന്നു 1/5/2016ലെ കലാകൗമുദി ആഴ്ചപതിപ്പിന്റെ കവർസ്റ്റോറിയുടെ ടൈററിൽ. അതിൽ എസ്. ജയചന്ദ്രൻനായർ ഇങ്ങനെ എഴുതിയിരിക്കുന്നു:

ജനങ്ങൾക്കിഷ്ടപ്പെട്ടവരെ വാക്കുകൾകൊണ്ട് പ്രഹരിച്ചും ഭർത്സിച്ചും മാധ്യമങ്ങൾ നടത്തുന്ന കോമാളിത്തരങ്ങൾ കണ്ടും കേട്ടും ശബ്ദമില്ലാത്തവർ രസിക്കുകയല്ല. അവജ്ഞയോടെ അതൊക്കെ നിരാകരിക്കുകയാണ് ചെയ്യുന്നത്. ഇത് എന്നാണ് നാം തിരിച്ചറിയുന്നത്?

'പംക്തികാര'ന്മാരെന്ന നിലയ്ക്ക് സി. നാരായണപിള്ളയും കെ.ആർ. ചുമ്മാറും പത്രപ്രവർത്തനരംഗം അടക്കിവാണിരുന്ന ഒരു കാലമുണ്ടായിരുന്നു. അവർ എഴുതുന്നതെന്തും വായനക്കാർ ആസ്വദിക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു. ഒരല്പം പരിഹാസം കലർന്ന ഫലിതത്തോടെ കെ.ആർ. ചുമ്മാർ എഴുതിയിരുന്ന പ്രതിവാരക്കുറിപ്പിൽ ഒരു പ്രാവശ്യം ഏലത്തോട്ടവും ഏലക്കൃഷിയും കടന്നുവന്നു. വനംവകുപ്പു മന്ത്രിയായിരുന്ന അടിയോടിയുടെ രാഷ്ട്രീയജീവിതത്തിനു തിരശ്ശീലയിട്ട 'വനസ്വത്തപഹരണം' എന്ന അന്വേഷണാത്മകമായ റിപ്പോർട്ടായിരുന്നു കാരണം. അടിക്കാടുകൾ വെട്ടിനശിപ്പിച്ച് ഏലക്കൃഷിയുടെ തകർച്ചയിലേക്ക് നയിച്ചേക്കാവുന്ന ഔദ്യോഗികരേഖകൾ ഉദ്ധരിച്ച് തയ്യാറാക്കിയതായിരുന്നു ആ റിപ്പോർട്ട്. അത് സൃഷ്ടിച്ച പ്രതിസന്ധിയെ അടിയോടിയുടെ രാജിയിലൂടെ

കരുണാകരൻ ഗവണ്മെന്റ് അതിജീവിക്കാൻ ശ്രമിക്കുന്നതിനിടയിലായിരുന്നു ഒരു ഏലച്ചെടിയുടെ ചിത്രവുമായി ചുമ്മാർ കുറിപ്പെഴുതുന്നത്. വിവാദവിഷയമായ റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന ഏലത്തോട്ടത്തിലെ ചെടിയുടെ ചിത്രമാണ് കുറിപ്പിനൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആ പ്രദേശത്ത് "ഏലച്ചെടികൾ സസുഖം വളരുന്നുണ്ടെന്നും" ചുമ്മാർ രേഖപ്പെടുത്തിയിരുന്നു. എന്നാൽ അതുകൊണ്ടൊന്നും യാഥാർത്ഥ്യത്തെ തമസ്കരിക്കാനായില്ല. അടിയോടിക്ക് വനംവകുപ്പു നഷ്ടപ്പെട്ടു. അധികാരത്തിൽനിന്നൊഴിഞ്ഞുപോകുന്നത് പ്രതിരോധിക്കാനായി ജസ്റ്റിസ് അടിയോടിയെ അന്വേഷണക്കമ്മീഷനായി നിയമിച്ചു. എന്നിട്ടും ആ ഭരണകൂടത്തെ നിലനിർത്തേണ്ടത് സ്വന്തം ബാദ്ധ്യതയാണെന്ന് വിശ്വസിച്ച പത്രസ്ഥാപനത്തിന്റെ പ്രതിനിധിയോ വക്താവോ ആകുകയായിരുന്നു അപ്പോൾ ചുമ്മാർ. അങ്ങനെ ചെയ്തപ്പോൾ അദ്ദേഹവും അദ്ദേഹം പ്രതിനിധാനം ചെയ്ത പത്രസ്ഥാപനവും സ്വയം പരിഹാസ്യരായത് ചരിത്രം.

ഇപ്പോൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള വിലകുറഞ്ഞ ചില വിവാദങ്ങളാണ് പഴയകാലത്തെ ആ സംഭവം ഓർമ്മിക്കാൻ കാരണമായത്. വർഷങ്ങൾ കൊഴിഞ്ഞുവീഴുകയും വ്യക്തികൾ രംഗത്തുനിന്ന് നിഷ്ക്രമിക്കുകയും ചെയ്യുമ്പോഴും നിക്ഷിപ്തതാത്പര്യങ്ങൾ പഴയതുപോലെ അഭംഗുരം തുടരുകയാണെന്നാണ് ഈ വിവാദങ്ങൾ വ്യക്തമാക്കുന്നത്. വി.എസ്. അച്യുതാനന്ദനെ എതിർക്കുന്ന പിണറായി വിജയനും പിണറായിയെ എതിർക്കുന്ന വിഎസ്സും പത്രക്കാർ വിശേഷിപ്പിക്കാറുള്ളതുപോലെ എന്നും എപ്പോഴും 'ഹോട്ട് കോപ്പി'യാണ്. സത്യമാണെങ്കിലും അല്ലെങ്കിലും അവരെ കഥാപാത്രങ്ങളാക്കി റിപ്പോർട്ടുകൾ സൃഷ്ടിക്കുകയെന്നത് ഒരു വിഭാഗത്തിന്റെ നിലനില്പിന് ആവശ്യമായിവന്നിരിക്കുകയാണ്. അങ്ങനെ ചെയ്യുമ്പോൾ പലപ്പോഴും ആ റിപ്പോർട്ടുകൾ ചുമ്മാറിന്റെ ഏലച്ചെടികളായി സ്വയം പരിഹാസ്യരൂപങ്ങളായി മാറുകയാണ്. അതുവഴി അവ നിർമ്മിക്കുന്നവർ സ്വന്തം നിലയിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു എന്നതാണ് യാഥാർത്ഥ്യം.

മുമ്പൊരു തിരഞ്ഞെടുപ്പിൽ ഇടതുകക്ഷികൾ തോറ്റ് തുന്നം പാടുമോയെന്നറിയാൻ പാഴൂരിൽ പോകേണ്ട യാതൊരാവശ്യവുമില്ലെന്ന് കേരളത്തിലെ മിക്കവാറും എല്ലാ ദിനപത്രങ്ങളും കട്ടായമായി വിധിയെഴുതിയിരുന്നു. എന്നാൽ ആ വിധിയെഴുത്തിനെ മലയാളികൾ തിരുത്തി. ഈ വിധം പ്രമാദമായ വീഴ്ച സംഭവിക്കാനുള്ള കാരണത്തെപ്പറ്റി അപ്പോൾ ഒരു വിദഗ്ദ്ധസംഘം അന്വേഷിച്ചിരുന്നു. അതിൽ അവർ കണ്ടെത്തിയ യാഥാർത്ഥ്യം എക്കാലത്തേയും സത്യമായി നിലനിൽക്കുന്നു. ലക്ഷക്കണത്തിനു പ്രതികൾ അച്ചടിച്ചുവിൽക്കുന്നുണ്ടെങ്കിലും വായനക്കാരിൽ അഭിപ്രായം രൂപീകരിക്കുന്നതിലോ സ്വാധീനിക്കുന്നതിലോ ദിനപത്രങ്ങൾ പങ്കൊന്നും വഹിക്കുന്നില്ലെന്നായിരുന്നു ആ കണ്ടെത്തൽ.

ചായയോടൊപ്പം ദിനപത്രവും മലയാളിക്ക് ഒഴിച്ചുകൂടാനാവാത്ത ദുശീലം ആണെങ്കിലും പണ്ട് പട്ടം താണുപിള്ള വിശേഷിപ്പിച്ചതുപോലെ അവ മഷിപുരട്ടിക്കടലാസു മാത്രമായി തരംതാഴാറുണ്ട്. പലരും ഒന്നിൽപ്പരം ദിനപത്രങ്ങളുടെ വരിക്കാരാവാനുള്ള കാരണം ഇതാണ്. ഒരെണ്ണം കഥ

വായിച്ച് രസിക്കാനും മറ്റൊന്ന് വാർത്ത അറിയാനും. അടുത്തകാലത്ത് ദിനപത്രങ്ങളുടെ സ്ഥാനം കൈയേറിയ ദൃശ്യമാധ്യമങ്ങളുടെ കഥയും ഇതു തന്നെയാണ്. ഒന്നിൽപ്പരം ചാനലുകൾ. അതു മാറ്റിമാറ്റി നോക്കി രസിക്കുന്ന മലയാളികൾ. കോട്ടും സൂട്ടും ധരിച്ച് വാക്കുകൾ ചലച്ചരച്ച് ഛർദ്ദിക്കുന്ന സുന്ദരന്മാരും സുന്ദരികളുമായ ആധുനികരായ ആ മാധ്യമപ്രവർത്തകർക്കുപോലും അറിയില്ല അവർ ആരുടെ ഉപകരണങ്ങളാണെന്ന് (അവരുടെ നിരയിൽ ഒരു കറുത്ത നിറക്കാരനെയന്നല്ല തവിട്ടു തൊലിക്കാരനെപ്പോലും കാണാൻ കഴിയാത്തതെന്തുകൊണ്ടാണ്?) പലപ്പോഴും അവർ ഒരു 'മീഡിയ'മായാണ് പ്രവർത്തിക്കുന്നത്.

കാഴ്ചക്കാർ കരുതുന്നതുപോലെ മാധ്യമ പ്രവർത്തനം നിർദ്ദോഷമല്ലെന്നു തെളിഞ്ഞിട്ടുള്ള നിരവധി സംഭവങ്ങളുണ്ട്. ഒരുകാലത്ത് ബർഖാ ദത്തിന്റെ നിരീക്ഷണങ്ങൾ പല സംഭവങ്ങളുടെയും അവസാനവാക്കായി പലരും വിശ്വസിച്ചിരുന്നു. എന്നാൽ റാഡിയാടേപ്പിലെ രഹസ്യങ്ങൾ പുറത്തുവന്നതോടെയാണ് ബർഖാ ദത്ത് ഒരു മീഡിയമായിരുന്നുവെന്ന് അറിയുന്നത്. അതുപോലെ അറിയപ്പെടാത്ത എത്രയോ ബർഖാ ദത്തുകൾ. (മാധ്യമചക്രവർത്തിയായ റൂപർച്ച് മർഡോക്കിന്റെ ലണ്ടനിലെ ഒരു പ്രസിദ്ധീകരണം അടച്ചുപൂട്ടിയ കഥയും ഇവിടെ ഓർമ്മിക്കാം). ഈ സംഭവങ്ങൾ ഒരുകാര്യം തെളിയിച്ചിട്ടുണ്ട്. നിഷ്പക്ഷമെന്നും വസ്തുനിഷ്ഠമെന്നുമുള്ള വാക്കുകൾ അലങ്കാരത്തിനുള്ള ആഭരണങ്ങൾ മാത്രമാണെന്ന വസ്തുത.

അച്ചടി-ദൃശ്യമാദ്ധ്യമങ്ങളുടെ കട പൂട്ടിക്കുമെന്ന വാശിയിലാണല്ലോ സോഷ്യൽ മീഡിയകൾ. കാലദേശാതിർത്തികളെ അപ്രസക്തമോ അസാധുവോ ആക്കും വിധം അതു ശക്തമായിരിക്കുന്നു. വെറുതെ ചെലവഴിക്കാൻ ഒരുപാട് 'സമയം കൈവശമുള്ളവരുടെ മുഖ്യാഹാരമായിരിക്കുകയാണ് മീഡിയകളിലൂടെയുള്ള വിനിമയങ്ങൾ. പരദൂഷണവും ഒരല്പം ഉറക്കറരഹസ്യങ്ങളും പങ്കുവച്ച് വീട്ടമ്മമാർ വിശ്രമസമയം പ്രയോജനപ്പെടുത്തിയിരുന്ന കാലത്തെ ഓർമ്മിപ്പിക്കുന്നതാണ് ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയകളിൽ പ്രത്യക്ഷപ്പെടുന്ന കുറിമാനങ്ങൾ. ഇന്ത്യയിലെ ഇംഗ്ലീഷ് ഭാഷാ ദിനപത്രങ്ങളിലെ 'പേജ് മൂന്നി'നെ നിസ്സാരമാക്കുന്നവയാണ് ഈ കുറിമാനങ്ങൾ. അവ രസിച്ചു വായിക്കുക മാത്രമല്ല ഉരുളയ്ക്കുപ്പേരി പോലെ മറുപടികൾ പോസ്റ്റ്ചെയ്ത് ധിഷണാസാമർത്ഥ്യവും പ്രതിഭയും പ്രദർശിപ്പിക്കുന്നവരാണ് മധ്യവർഗ്ഗക്കാർ. എന്നാൽ അവരുടേതല്ല ഈ ലോകമെന്ന് അവർക്കു മനസ്സിലാവാൻ ഇനിയും കാലം കുറെ വേണ്ടിവരും. ഒരു പ്രത്യേക ജാതിയിൽ ജനിച്ചുവെന്ന അപരാധത്തിന്മേൽ ആത്മഹത്യ ചെയ്യേണ്ടിവന്ന രോഹത് മരണക്കുറിപ്പിൽ എഴുതിയതുപോലെ 'നക്ഷത്രധൂളികൾകൊണ്ട് നിർമ്മിച്ച മഹത്തായ സൃഷ്ടിയാണ് മനുഷ്യൻ' എന്ന യാഥാർത്ഥ്യം അവർ തിരിച്ചറിഞ്ഞെന്നുവരില്ല.

ജനങ്ങൾക്കിഷ്ടപ്പെട്ടവരെ വാക്കുകൾകൊണ്ട് പ്രഹരിച്ചും ഭർത്സിച്ചും മാധ്യമങ്ങൾ നടത്തുന്ന കോമാളിത്തരങ്ങൾ കണ്ടും കേട്ടും ശബ്ദമില്ലാത്തവർ രസിക്കുകയല്ല. അവജ്ഞയോടെ അതൊക്കെ നിരാകരിക്കുകയാണ് ചെയ്യുന്നത് എന്നാണ് ഇതു നാം തിരിച്ചറിയുന്നത്.

# 17

## മാധ്യമങ്ങൾക്കു പെരുമാറ്റച്ചട്ടം പറ്റില്ല

**- ശശികുമാർ**

മാധ്യമങ്ങൾക്കു പെരുമാറ്റച്ചട്ടം നടപ്പിലാക്കാനുള്ള പ്രസ് കൗൺസിൽ നീക്കം അനുവദിക്കാൻ കഴിയില്ലെന്ന് 2011-ൽ തന്നെ മാധ്യമ പ്രവർത്തകനായ ശശികുമാർ ചൂണ്ടിക്കാട്ടിയിരുന്നു. "മാധ്യമ സ്വാതന്ത്ര്യത്തിനുള്ള ഭീഷണി" എന്ന സെമിനാറിൽ ഈ മേഖലയുമായി ബന്ധപ്പെട്ട പ്രശസ്തരുടെ അഭിപ്രായങ്ങളിങ്ങനെ: (മനോരമ 17-11-2011)

മാധ്യമവിമർശനം സ്വാഗതം ചെയ്യുമ്പോൾതന്നെ മാധ്യമസ്വാതന്ത്ര്യം എവിടെവരെ എന്ന ചർച്ചകൂടി ഉയർന്നുവരണമെന്നു മന്ത്രി കെ.സി. ജോസഫ്. മാധ്യമസ്വാതന്ത്ര്യത്തിനു വിലങ്ങിടാനുള്ള ഏതു നീക്കത്തെയും പല്ലും നഖവും ഉപയോഗിച്ചു മാധ്യമങ്ങളും പൗരസമൂഹവും എതിർക്കണമെന്നു പ്രശസ്ത മാധ്യമപ്രവർത്തകനായ ശശികുമാർ.

ദേശീയ മാധ്യമദിനത്തോടനുബന്ധിച്ച് പ്രസ് അക്കാദമി സംഘടിപ്പിച്ച 'മാധ്യമസ്വാതന്ത്ര്യത്തിനുള്ള ഭീഷണികൾ-യാഥാർത്ഥവും സാങ്കൽപ്പികവും' സെമിനാറായിരുന്ന വേദി.

ഭരിക്കുന്നവരുടെ സൗകര്യത്തിന് അനുസൃതമായി മാധ്യമങ്ങൾ നീങ്ങണമെന്ന ചിന്താഗതിയൊന്നും കേരളത്തെപ്പോലുള്ള സംസ്ഥാനത്തു വിലപ്പോവില്ലെന്നത് ഉൾക്കൊള്ളുമ്പോൾതന്നെ തങ്ങളുടെ വിശ്വാസ്യതയെക്കുറിച്ചു മാധ്യമങ്ങളും ആത്മപരിശോധന നടത്തണമെന്ന് ഉദ്ഘാടകനായ മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. അച്ചടി മാധ്യമങ്ങളെ അപേക്ഷിച്ച് ഇലക്ട്രോണിക് മാധ്യമങ്ങൾക്കു വിശ്വാസ്യത വൻതോതിൽ നഷ്ടമായി വരുന്നു. കാടിളക്കിവരുന്ന വാർത്തകൾ അടുത്ത മിനിറ്റിൽ ഇല്ലാതാകുന്നു. കേരളത്തിന്റെ പദ്ധതിരേഖയെക്കുറിച്ച് എം.പിമാരോടും എം.എൽ.എമാരോടും അഭിപ്രായം ചോദിച്ച പരിപാടി റിപ്പോർട്ട് ചെയ്യാനെത്തിയതു വിരലിലെണ്ണാവുന്നവരാണ്. പൂജപ്പുരയിലെ ജയിലിനു മുന്നിലെ ആഘോഷം പകർത്തുകയായിരുന്നു അപ്പോൾ അവരെല്ലാം.

മാധ്യമങ്ങൾക്കു പെരുമാറ്റച്ചട്ടം നടപ്പാക്കാനുള്ള പ്രസ് കൗൺസിലിന്റെ നീക്കം അനുവദിക്കാൻ കഴിയില്ലെന്ന് ശശികുമാർ അഭിപ്രായപ്പെട്ടു. നിയന്ത്രണത്തോടെയുള്ള മാധ്യമപ്രവർത്തനം അസാധ്യമാണ്. മാധ്യമസ്വാതന്ത്ര്യം ജനങ്ങൾ നൽകിയ അധികാരമാണ്.

അതേസമയം വീഴ്ചകൾ പരിശോധിക്കാനും തിരുത്താനും മാധ്യമങ്ങളും ശ്രദ്ധിക്കണം. കളങ്കിതനായ തോമസ് എന്നാണ് കേന്ദ്ര വിജിലൻസ് കമ്മീഷണറായിരുന്ന പി.ജെ. തോമസിനെ ഒരു ചാനൽ തുടർച്ചയായി വിശേഷിപ്പിച്ചുകൊണ്ടിരുന്നത്. അദ്ദേഹത്തെപ്പോലെ ഒരു ഉദ്യോഗസ്ഥനെ അങ്ങനെ വിശേഷിപ്പിക്കാനും കുടുംബത്തെപ്പോലും മോശമായി ചിത്രീകരിക്കുന്നതിലേക്കു വഴിവയ്ക്കാനും എന്ത് അധികാരമാണ് മാധ്യമങ്ങൾക്കുള്ളത്? പൊതുവിൽ സംഭവിക്കുന്ന ഈ നിലവാരത്തകർച്ചയാകും ഒരു ചെറിയ വീഴ്ച്ചയ്ക്ക് 100 കോടി പിഴ വിധിക്കുന്നതിലേക്കു കോടതിയെ വരെ എത്തിച്ചത്. പത്രവിതരണം തടസ്സപ്പെടുത്തുന്നത് ഏറ്റവും ഒടുവിലുണ്ടായിരിക്കുന്ന ഭീഷണിയാണെന്നും ശശികുമാർ പറഞ്ഞു.

ഭൂരിഭാഗം ഏജന്റുമാരും വിതരണത്തിനായി നിലകൊള്ളുമ്പോൾ ചില ബാഹ്യശക്തികൾ അവരെ സ്വാധീനിക്കാനും വിതരണം തടസ്സപ്പെടുത്താനും ശ്രമിക്കുന്നതാണ് ഉത്തരകേരളത്തിൽ ഈയിടെ കണ്ടതെന്ന് മലയാളമനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ് ചൂണ്ടിക്കാട്ടി.

ചാനൽ യുഗത്തിന് അനുസൃതമായി നിയമസഭാ ചട്ടങ്ങളിൽ മാറ്റംവരണം. സഭ്യേതരമായ ഒരു പ്രയോഗം രണ്ടു മണിക്കൂറോളം ചാനലുകളിൽ നിറഞ്ഞശേഷം പിന്നീട് രേഖയിൽനിന്നു നീക്കി അച്ചടിമാധ്യമങ്ങളെ പ്രസിദ്ധീകരിക്കുന്നതിൽനിന്നു വിലക്കിയിട്ട് എന്തു കാര്യമെന്നും അദ്ദേഹം ചോദിച്ചു.

# 18
# ചാനൽ ചർച്ചകൾ സീരിയലുകളേക്കാൾ അപകടം:

**– ജസ്റ്റീസ് കെ.ടി. ശങ്കരൻ**

"കോടതിക്കു വിലപറയുമ്പോൾ" എന്ന ലേഖനത്തിൽ കലാകൗമുദി ആഴ്ചപ്പതിപ്പിലെ "നിയമകാര്യ ലേഖകൻ" വടയാർ സുനിൽ 19-6-2016 -ൽ എഴുതിയത് കേരള ഹൈക്കോടതിയിലെ ഏറ്റവും ആദരണീയരായ ജഡ്ജിമാരിൽ ഒരാളാണ് ജസ്റ്റീസ് കെ.ടി. ശങ്കരൻ എന്നായിരുന്നു. കെ. ടി. ശങ്കരന്റെ സ്വഭാവവിശേഷത്തെപ്പറ്റി എഴുതാൻ പത്രക്കാരന്റെ വാക്കുകൾ ഒന്നും വേണ്ട. എങ്കിലും എഴുതിയ സ്ഥിതിക്ക് ഒന്നു പറഞ്ഞെന്നു മാത്രം.

ആ ആദരണീയനായ ജസ്റ്റീസ് കെ.ടി. ശങ്കരൻ 25-12-2015-ൽ പറഞ്ഞത് "ചാനൽ ചർച്ചകൾ സീരിയലുകളെക്കാൾ അപകടകരം" എന്നായിരുന്നു. അതിന്റെ ദീപികപത്രത്തിലെ വിശദാംശങ്ങളിങ്ങനെ:

വൈകുന്നേരങ്ങളിൽ ദൃശ്യമാധ്യമങ്ങൾ നടത്തുന്ന ചില ചർച്ചകൾ സീരിയലുകളെക്കാൾ മോശം സന്ദേശമാണു ജനത്തിനു നൽകുന്നതെന്നു കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് കെ.ടി. ശങ്കരൻ. ടിവി ചാനൽ ചർച്ചകൾ ഒരുതരത്തിൽ പുലഭ്യം പറച്ചിലാണ്. തനിക്കു ദൃശ്യമാധ്യമങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കയാണെന്നും എറണാകുളം കരയോഗത്തിന്റെ നവതിയാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'മാധ്യമങ്ങളുടെ വിശ്വാസ്യത' എന്ന സെമിനാർ ഉദ്ഘാടനം ചെയ്ത അദ്ദേഹം പറഞ്ഞു.

വാർത്തയിലെ സത്യം തേടി പൊതുജനം അലയേണ്ട അവസ്ഥയാണിന്ന്. മാധ്യമങ്ങൾ പലതും നേടുകയും ജനത്തിനു വസ്തുതകൾ നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ദിവസം മുഴുവൻ ജനങ്ങളെ വാർത്തയുടെ ലോകത്തു നിർത്താനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്.

എന്നാൽ, സത്യം പലപ്പോഴും തമസ്കരിക്കപ്പെടുന്നു. കോടതിവാർത്തകൾ റിപ്പോർട്ട് ചെയ്യുമ്പോഴാണു ചാനലുകൾക്കു കൂടുതലും പിഴവുകൾ സംഭവിക്കുന്നത്. കോടതിയുടെ ചില അഭിപ്രായങ്ങൾ സർക്കാരിനെതിരായ തിരിച്ചടികളായി ചിത്രീകരിക്കാൻ ചാനലുകൾ മത്സരിക്കുന്നു. കോടതി വാർത്തകൾ പഠിച്ചു റിപ്പോർട്ട് ചെയ്യാനോ ചാനൽ ചർച്ചയ്ക്കു വിധേയമാക്കാനോ മാധ്യമപ്രവർത്തകർ ശ്രദ്ധിക്കാറില്ല. ചാനൽ അവതാരകർ കാരങ്ങൾ മനസ്സിലാക്കാതെ ചർച്ചകളിൽ ബഹളം കൂട്ടുകയാണ്. പല ചാനൽ മേധാവികളുടെയും അജണ്ടകളാകാം ചർച്ചകളിൽ പലപ്പോഴും പ്രതിഫലിക്കുന്നത്. ജനം അറിയേണ്ട ദേശീയ പ്രാധാന്യമുള്ള വാർത്തകൾ രാഷ്ട്രീയ താത്പര്യങ്ങളിൽ മുങ്ങിപ്പോകുന്നതു ദൗർഭാഗ്യകരമാണ്.

മാധ്യമ വിചാരണ കൂടുന്നതു പലപ്പോഴും സ്വാതന്ത്ര്യത്തിന്റെ സീമകൾ ലംഘിക്കുന്നതായി തോന്നാറുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നു വ്യത്യസ്തമായി മാധ്യമ സ്വാതന്ത്ര്യം ഏറ്റവും കൂടുതൽ ഇന്ത്യയിലാണ്. ഇതു തെറ്റായ രീതിയിൽ ഉപയോഗിക്കുന്നതു നീതിയല്ല.

പലരും മാധ്യമവിചാരണയ്ക്കു വിധേയരായി പ്രവർത്തന മേഖലയിൽനിന്ന് ഒഴിവാക്കപ്പെടുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. നെഗറ്റീവ് വാർത്തകൾക്കു പിന്നാലെ പായുമ്പോൾ നല്ല വാർത്തകൾ മാധ്യമപ്രവർത്തകരുടെ ശ്രദ്ധയിൽ എത്താറില്ല. മാധ്യമങ്ങൾ ആത്മപരിശോധനയ്ക്കു വിധേയരാകേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# 19

# എന്തും വിളിച്ചുപറയലാകരുത് റിപ്പോർട്ടിംഗ്:

**- ജസ്റ്റീസ് കെമാൽ പാഷ**

കോടതി റിപ്പോർട്ടിംഗിനെപ്പറ്റി ഏറെ ഗൗരവത്തോടെ ഈ വിഷയത്തെ നേരിട്ടത് ജസ്റ്റീസ് കെമാൽ പാഷയായിരുന്നു. 13-12-2015-ൽ അദ്ദേഹം പറഞ്ഞത് "എന്തും വിളിച്ചുപറയലാകരുത് റിപ്പോർട്ടിംഗ്" എന്നായിരുന്നു. ഫ്രീഡം, ലിബർട്ടി എന്നീ പദങ്ങളുടെ അർത്ഥം മനസ്സിലാക്കണമെന്നു കൂടി അദ്ദേഹം ഉപദേശിച്ചു. ദീപിക ദിനപത്രത്തിൽ വന്ന അതിന്റെ പ്രസക്തഭാഗങ്ങളിങ്ങനെ:

**എന്തും വിളിച്ചുപറയലാകരുത് റിപ്പോർട്ടിംഗ്: - ജസ്റ്റീസ് കെമാൽ പാഷ**

കച്ചവടതന്ത്രം മനസ്സിൽവച്ച് എന്തെങ്കിലും വിളിച്ചുപറയലാകരുത് വാർത്ത റിപ്പോർട്ടിംഗ് എന്നു ഹൈക്കോടതി ജസ്റ്റീസ് ബി. കെമാൽ പാഷ.

കോടതി റിപ്പോർട്ടിംഗ് സംബന്ധിച്ച് എറണാകുളം പ്രസ് ക്ലബ് സംഘടിപ്പിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

**ഉറപ്പില്ലാത്ത കാര്യങ്ങൾ വിളിച്ചുപറയലാകരുത് റിപ്പോർട്ടിംഗ്.**

നിയമസംവിധാനത്തിനു കോട്ടം തട്ടാതെയും ജനങ്ങൾക്ക് അതിലുള്ള വിശ്വാസം നഷ്ടപ്പെടാതെയും വേണം കോടതി വാർത്തകൾ കൈകാര്യം ചെയ്യാൻ. തുറന്ന കോടതിയിലെ പരാമർശങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിൽ തെറ്റില്ല. എന്നാൽ, എന്തൊക്കെ പറയാം എന്ന കാര്യത്തിൽ മാധ്യമങ്ങൾക്കു സ്വയം നിയന്ത്രണം വേണം.

തുറന്ന കോടതിയിൽ പറയുന്ന കാര്യങ്ങളൊക്കെ സമൂഹത്തിന്റെ മുന്നിൽ എത്തണം എന്നു കരുതുന്നയാളാണ് താൻ. എന്നാൽ, കോടതിയിൽ നടത്തുന്ന പരാമർശങ്ങളിൽ കേസിൽ പ്രസക്തമല്ലാത്ത കാര്യങ്ങൾ റിപ്പോർട്ടുചെയ്യുന്നതു കരുതലോടെ വേണം. കാരണം, കേസിൽ പ്രസ

ക്തമല്ലാത്ത കാര്യങ്ങൾ വിധിന്യായത്തിൽ ഉണ്ടാവില്ല. അതു റിപ്പോർട്ടു ചെയ്യുന്നയാളെ കൂടുതൽ കുഴപ്പത്തിലേക്കു കൊണ്ടുചെന്നെത്തിച്ചേക്കാം. മാനനഷ്ടക്കേസ്,. കോടതിയലക്ഷ്യം പോലുള്ള വ്യവഹാരങ്ങൾക്കും വഴി വച്ചേക്കാം.

കരുതലും നിയന്ത്രണവും എങ്ങനെ വേണമെന്ന കാര്യം മാധ്യമ ങ്ങൾതന്നെ തീരുമാനിക്കണം.

**ജഡ്ജി എന്ന നിലയിൽ താൻ തുറന്ന കോടതിയിൽ പറയുന്ന കാര്യങ്ങൾ വിധിന്യായത്തിലും ഉണ്ടാകും. അതുകൊണ്ടുതന്നെ താൻ നടത്തുന്ന പരാമർശങ്ങൾ റിപ്പോർട്ടു ചെയ്യുന്നതു പ്രശ്നമാകില്ല. എന്നാൽ, എല്ലായിടത്തും എല്ലായ്പ്പോഴും അതുതന്നെയാവണമെന്നില്ല സാഹചര്യം.**

കോടതി നടത്തുന്ന നിരീക്ഷണങ്ങളെല്ലാം കണ്ടെത്തലുകളല്ല. കോട തിക്കു കേസ് കേൾക്കുന്നതിനിടെ ഒരുപാടു സംശയങ്ങൾ വരാം. അതൊക്കെ വാദിക്കുന്നയാളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്കു പല പരാമർശങ്ങളും നടത്തിയെന്നും വരാം. അതൊക്കെ കണ്ടെത്തലായി റിപ്പോർട്ടിംഗ് നടത്തുമ്പോൾ സ്വന്തം അഭിപ്രായങ്ങൾ അതിലേക്കു ലേഖ കർ കയറ്റുകയും ചെയ്യരുത്.

ചലച്ചിത്രങ്ങൾക്കെന്നപോലെ ടെലിവിഷൻ സീരിയലുകൾക്കു സെൻസറിംഗ് വേണം. സമൂഹത്തിൽ പല അപചയങ്ങൾക്കും ടെലിവി ഷൻ സീരിയലുകൾ കാരണമാകുന്നതായി ആക്ഷേപമുണ്ടെന്നും ജസ്റ്റീസ് കെമാൽ പാഷ പറഞ്ഞു.

### ഫ്രീഡം, ലിബർട്ടി എന്നീ പദങ്ങളുടെ അർത്ഥം മനസ്സിലാക്കണം

മാധ്യമങ്ങൾക്കുള്ള സ്വാതന്ത്ര്യത്തെ മനസ്സലാക്കാൻ ഫ്രീഡം, ലിബർട്ടി എന്നീ പദങ്ങളുടെ അർത്ഥം മനസ്സിലാക്കണമെന്നു ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ബി. കെമാൽ പാഷ.

ഫ്രീഡം എന്നാൽ സ്വാതന്ത്ര്യം. എന്നാൽ, ലിബർട്ടി ഉപാധികളില്ലാത്ത സ്വാതന്ത്ര്യമല്ല. നിയന്ത്രണങ്ങൾക്കു വിധേയമായിട്ടുള്ള സ്വാതന്ത്ര്യമാണു ലിബർട്ടി. റെഗുലേറ്റഡ് ഫ്രീഡം എന്നാണതിനെ നിർവ്വചിച്ചിരിക്കുക. മാധ്യ മങ്ങൾക്കുള്ളതു കേവല സ്വാതന്ത്ര്യമല്ല, ലിബർട്ടിയാണ്. അതു മനസ്സി ലാക്കിവേണം റിപ്പോർട്ടിംഗ് നടത്താൻ.

**ബോധ്യമില്ലാത്ത കാര്യങ്ങളും പറയാൻ കൊള്ളാത്ത കാര്യങ്ങളും പറയരുത്.** ഉയർന്ന ധാർമികബോധം റിപ്പോർട്ടിംഗിൽ കാത്തുസൂക്ഷിക്ക ണം.

മാധ്യമവിചാരണ എന്നു പറയുന്നതിനൊന്നും ഞാൻ എതിരല്ല. ചുറ്റു പാടും നടക്കുന്ന കാര്യങ്ങളും ആളുകൾ ചിന്തിക്കുന്നതുമൊക്കെ ജഡ്ജി മാരും മനസ്സിലാക്കിയിരിക്കണം.

**സത്യത്തിൽ ആരാണ് ഭരിക്കുന്നതെന്നു ചോദിച്ചാൽ, ഇന്നത്തെ സാഹചര്യത്തിൽ മീഡിയ ആണെന്നു പറയേണ്ടിവരും.** അത്രയുണ്ട്

മാധ്യമങ്ങളുടെ പ്രാധാന്യം. എന്നാൽ, മീഡിയ എല്ലാ കാര്യങ്ങളും ലൈവ് ആയി കാണിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടം മുംബൈയിലെ ഭീക രാക്രമണസമയത്ത് ലോകം കണ്ടതാണ്.

**കോടതിവിധിയെ വിമർശനങ്ങൾക്കു വിധേയമാക്കാം. എന്നാൽ, ജഡ്ജിയെ വിമർശനത്തിനു പാത്രമാക്കരുത്. ജഡ്ജിക്കു തന്റെ ഭാഗം വിശദീകരിക്കാൻ അവസരം ഇല്ലെന്നുതന്നെ കാരണം. ഒരുവിഷയ ത്തിൽ സുപ്രീം കോടതി അവസാന വിധി പറഞ്ഞുകഴിഞ്ഞാൽ അക്കാ ര്യത്തിൽ അന്തിമതീരുമാനമായി. കാരണം, മറ്റു കോടതികൾക്കില്ലാത്ത അവസാന തീർപ്പ് കല്പിക്കാനുള്ള അധികാരം (പ്ലീനറി പവർ) സുപ്രീം കോടതിക്കുണ്ട്. മാധ്യമങ്ങൾതമ്മിലുള്ള മത്സരമാണു മറ്റൊരു പ്രധാന പ്രശ്നം.**

വേറൊരാൾ ചെയ്യുമെന്നു കരുതി റിപ്പോർട്ട് ചെയ്യാൻ പറ്റാത്ത കാര്യ ങ്ങൾ ചെയ്തു സ്വയം കുഴിതോണ്ടാതിരിക്കാൻ ഓരോ മാധ്യമപ്രവർത്ത കനും ശ്രദ്ധിക്കണം. അനാരോഗ്യകരമായ മത്സരം ഒഴിവാക്കിയാൽ തന്നെ നല്ല പങ്കു പ്രശ്നങ്ങളും തീരും.

# 20

# കിട്ടിയ വിവരങ്ങൾ കോർത്തുവച്ചെഴുതുന്ന തല്ല മാധ്യമ പ്രവർത്തനം

ആധുനിക കാലഘട്ടത്തിലെ "എഴുതാനറിയേണ്ടാത്ത" "പറയാൻ മാത്രം അറിയാവുന്നവർ" അല്ല യഥാർത്ഥ മാധ്യമപ്രവർത്തകർ. അരുൺ ഷൂറിയെ ഒന്നും അനുകരിക്കാനായില്ലെങ്കിലും കേരളത്തിലെ മാധ്യമപ്ര വർത്തകർക്ക് അനുകരണീയ മാതൃകയാണ് അന്തരിച്ച പ്രഫുൽ ബിദ്വാ യ്. അദ്ദേഹത്തെക്കുറിച്ച് 6-7-2015-ലെ മാധ്യമം ആഴ്ചപ്പതിപ്പിൽ വന്ന വിശദാംശങ്ങളിങ്ങനെ:

ഒരു യഥാർത്ഥ ജേർണലിസ്റ്റ് എങ്ങനെയുള്ള വ്യക്തിയായിരിക്കണം എന്നതിനെപ്പറ്റിയും ഒരു പത്രപ്രവർത്തകനെപ്പറ്റി മറ്റൊരു പത്രപ്രവർത്ത കൻ എഴുതിയ വരികളും ഈ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്.

**പത്രപ്രവർത്തകനായ പണ്ഡിതൻ,**
**ആക്ടിവിസ്റ്റായ പത്രപ്രവർത്തകൻ**

ഇന്ത്യൻ മാധ്യമരംഗത്തെ തീരാനഷ്ടമാണ് പ്രഫുൽ ബിദ്വായ്. വർത്ത മാന ഇന്ത്യനവസ്ഥയിൽ, സ്വാതന്ത്ര്യവും ജനാധിപത്യവും മനുഷ്യാവകാ ശവും മുമ്പെന്നത്തെക്കാളും ഭീഷണി നേരിടുന്ന ഈ കാലത്ത് ബിദ്വായി യുടെ വാക്കും ഇടപെടലുകളും നമുക്ക് ആവശ്യമായിരുന്നു. പ്രതിബദ്ധ തയും മനുഷ്യസ്നേഹവും കണിശമായ രാഷ്ട്രീയ നേരും പുലർത്തിയ ബിദ്വായ് ഇനി ഇല്ല.

2015-ന്റെ തുടക്കത്തിൽ കിട്ടിയ നവവത്സരാശംസകളിൽ ഒന്ന് പ്രഫുൽ ബിദ്വായിയുടേതായിരുന്നു. മുമ്പ് ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെ ടുത്തിവന്ന അദ്ദേഹത്തിന്റെ കോളം ഏതാനും മാസത്തെ ഇടവേളക്കു ശേഷം മാധ്യമം ദിനപത്രത്തിൽ ചേർക്കുന്നതു സംബന്ധിച്ച് ധാരണ ആയി ക്കഴിഞ്ഞിരുന്നു.

ഇന്ത്യയിലെ ഏറ്റവും മികച്ച കോളമിസ്റ്റുകളിലൊരാളായ ബിദ്വായിക്ക്, പ്രതിഫലത്തുകയെപ്പറ്റി വലിയ നിർബന്ധങ്ങളൊന്നുമുണ്ടായിരുന്നില്ല. മുടക്കമില്ലാത്ത പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വേണം, അത്യാവശ്യം സ്റ്റാഫിനുവേണ്ട ചെലവ് കാണണം, ലൈബ്രറിയും പുസ്തകങ്ങളും ആനുകാലികങ്ങളും മറ്റും അത്യാവശ്യം, പിന്നെ ഗവേഷണത്തിനും പഠനത്തിനുമൊക്കെയായി സഞ്ചരിക്കാനുള്ള പണവും വേണം. ഇത്രയേ അദ്ദേഹം ആവശ്യപ്പെട്ടുള്ളൂ. പലരും പ്രതിഫലം അയച്ചുകൊടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടും അദ്ദേഹം കോളം സ്ഥിരമായി അയയ്ക്കും. തന്റെ ആശയങ്ങൾ കഴിയുന്നത്ര വായനക്കാരിലെത്തിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് താൽപര്യം. ഏറ്റവും മികച്ച ആ കോളമിസ്റ്റിന് തലക്കനം എന്നൊന്നുണ്ടായിരുന്നേയില്ല.

ജോലിയോടുള്ള ആത്മാർത്ഥതയിലും മാതൃകയായിരുന്നു ബിദ്വായ്. തിങ്കളാഴ്ച പ്രസിദ്ധപ്പെടുത്താനുള്ള ലേഖനം വെള്ളിയാഴ്ച ഉച്ചയ്ക്ക് രണ്ടുമണിയോടെ ഇ–മെയിലിൽ എത്തിയിരിക്കും. കൃത്യമായ വലുപ്പത്തിൽ, ശക്തമായ നിലപാടുകളോടെ, ലളിതവും മൂർച്ചയുള്ളതുമായ ഭാഷയിൽ. മുടക്കമുണ്ടായാൽ മുൻകൂട്ടി അറിയിച്ചിരിക്കും. ഈ നിഷ്ഠതന്നെയും തൊഴിലിനോടും ആദർശത്തോടുമുള്ള പ്രതിബദ്ധതയുടെ മാത്രം സൃഷ്ടിയായിരുന്നു.

നാലു പതിറ്റാണ്ട് കടന്ന ആ പത്രപ്രവർത്തനത്തിന്റെ തുടക്കം ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്‌ലിയിലാണ് – 1972–ൽ. പിന്നീട് ബിസിനസ് ഇന്ത്യ, ഫിനാൻഷ്യൽ എക്സ്പ്രസ് എന്നിവയിൽ പ്രവർത്തിച്ചു. 1981 മുതൽ 1993 വരെ ടൈംസ് ഓഫ് ഇന്ത്യയിൽ. പിന്നീട് ഫ്രീലാൻസ് ജേണലിസ്റ്റായി, ഇന്ത്യയിലും വിദേശങ്ങളിലുമായി അനേകം പത്രങ്ങളിലും ആനുകാലികങ്ങളിലും അദ്ദേഹത്തിന്റെ കോളം പ്രകാശിതമായി.

കിട്ടിയ വിവരങ്ങൾ കോർത്തുവെച്ചെഴുതുന്ന ജേണലിസമായിരുന്നില്ല ബിദ്വായിയുടേത്. മറിച്ച്, ഓരോ വിഷയത്തിന്റെയും വിവിധ വശങ്ങൾ ആഴത്തിൽ അന്വേഷിച്ചന്വേഷിച്ച് പുറത്തുകൊണ്ടുവന്നു അദ്ദേഹം. ഫറാ നഖ്‌വി ഒരനുഭവം വിവരിക്കുന്നതിങ്ങനെ:

മുസ്ലിമായതുകൊണ്ട് മുംബെയിൽ അപ്പാർട്ട്മെന്റിൽനിന്ന് ബഹിഷ്കൃതയായ മിസ്ബാഹ് ഖാദിരിയുടെ അനുഭവം കേട്ട ഉടനെ അദ്ദേഹം ഫറായെ വിളിച്ചു; വിശദ വിവരങ്ങളും ഫറായുടെ നിരീക്ഷണങ്ങളും ശേഖരിച്ചു. തുടർന്ന് മറ്റൊരു ചോദ്യം കൂടി ചോദിച്ചു: കുന്ദു കമ്മിറ്റിയുടെ ശിപാർശകളെന്തെല്ലാമെന്ന്.

സച്ചാർ സമിതി ശിപാർശകൾക്കു പിന്നാലെ യു.പി.എ സർക്കാർ നിയോഗിച്ചതാണ് കുന്ദു കമ്മിറ്റി. അതിൽ അംഗമായിരുന്നു ഫറാ. കമ്മിറ്റി ശിപാർശകൾ സമർപ്പിച്ചുകഴിഞ്ഞപ്പോഴേക്കും സർക്കാർ മാറി; കേന്ദ്ര സർക്കാറാകട്ടെ അവ പുകഴ്ത്തിവച്ചു. വിവരങ്ങൾ നേരിട്ടറിയാനാണ് ഫറായെ വിളിച്ചത്. ഊഹങ്ങളും കേട്ടുകേൾവികളും കുറെയുണ്ടെങ്കിലും അതു പോരാ. നല്ല ജേണലിസ്റ്റ്, വിവരങ്ങൾ മൂലസ്രോതസ്സിൽനിന്നു മാത്രമെടുക്കുന്ന ഗവേഷകൻ കൂടിയാണെന്ന് ബിദ്വായ് ഇങ്ങനെ പലകുറി തെളിയിച്ചിട്ടുണ്ട്.

# 21

## ഗുണ്ടാവിളയാട്ടം! മാധ്യമപ്രവർത്തകരുടെ!

യാതൊരു നിയന്ത്രണവുമില്ലാതെ "വായിൽ തോന്നിയത് കോതക്കു പാട്ട്" എന്ന നിലയിൽ പ്രവർത്തിക്കുകയാണ് ദൃശ്യമാധ്യമങ്ങൾ എന്നെഴുതിയത് ബി.ആർ.പി. ഭാസ്കർ തന്നെയാണ്.

31-7-2016-ലെ കലാകൗമുദി മാസികയിൽ ഗുണ്ടാവിളയാട്ടം എന്ന തലക്കെട്ടിലെ അദ്ദേഹത്തിന്റെ ലേഖനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

ദുർബലമായ നിയന്ത്രണസംവിധാനം മാത്രമാണ് മാധ്യമരംഗത്തുള്ളത്. അതുതന്നെയും അച്ചടി മാധ്യമങ്ങൾക്കു മാത്രമാണ് ബാധകം. അടിയന്തിരാവസ്ഥയ്ക്കുശേഷം മാധ്യമങ്ങൾക്കുമേൽ നിയന്ത്രണം ഏർപ്പെടുത്താൻ നടത്തിയ നീക്കങ്ങൾ വലിയ എതിർപ്പു വിളിച്ചുവരുത്തിയതിനാൽ ഉപേക്ഷിക്കാൻ കേന്ദ്രം നിർബന്ധിതമായി. ഇന്ന് ദൃശ്യമാധ്യമങ്ങൾക്കുമേൽ ഒരു നിയന്ത്രണവുമില്ലാത്ത ലോകത്തെ ഏക രാജ്യം ഇന്ത്യയാണെന്നു തോന്നുന്നു. കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്തുന്നത് ഒഴിവാക്കാനായി ദൃശ്യമാധ്യമങ്ങൾ ഏർപ്പെടുത്തിയ സ്വയം നിയന്ത്രണ സംവിധാനം ഒട്ടും ഫലപ്രദമല്ല.

കൊച്ചിയിൽ മാധ്യമപ്രവർത്തകർ ആക്രമിക്കപ്പെട്ടശേഷം മാധ്യമങ്ങൾക്ക് അർഹിക്കുന്നത് കിട്ടിയെന്ന തരത്തിലുള്ള ചില പ്രതികരണങ്ങൾ നവമാധ്യമങ്ങളിൽ കാണുകയുണ്ടായി. സാമ്പ്രദായിക മാധ്യമങ്ങളിൽ അഭിപ്രായപ്രകടനം നടത്താൻ അവസരം ലഭിക്കാത്തവർ ഫേസ്ബുക്കിലും മറ്റും അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കാറുണ്ട്. അവിടെ നടക്കുന്ന അഭിപ്രായപ്രകടനങ്ങൾ സൂചിന്തിതമാകണമെന്നില്ല. എങ്കിലും അവിടെ പ്രതിഫലിക്കുന്ന വികാരം മനസ്സിലാക്കി ആത്മപരിശോധന നടത്താൻ മാധ്യമപ്രവർത്തകർ തയാറാകണം. സത്യസന്ധമായ ആത്മപരിശോധനയും അടിയന്തിരമായ തിരുത്തലും ആവശ്യപ്പെടുന്ന പല പ്രവണതകളും മലയാള മാധ്യമരംഗത്ത് കാണാനുണ്ട്.

(**ബി.ആർ.പി. ഭാസ്കർ** - 9446505749)

# 22

## നമ്മുടെ മാധ്യമങ്ങൾക്കുകൊമ്പുണ്ടോ?

“പത്രം” എന്ന പ്രത്യേക പതിപ്പിൽ മാധ്യമം ആഴ്ചപ്പതിപ്പ് (നമ്മുടെ മാധ്യമങ്ങൾക്കു കൊമ്പുണ്ടോ) (11-5-2015) ഇങ്ങനെ എഴുതി:

നമ്മുടെ പത്രങ്ങളെയും ഈച്ച പൊതിയുകയാണ്. പത്രഭാഷ മയക്കുമരുന്നല്ല "വായനക്കാർക്കു വേണ്ടതാണ് ഞങ്ങൾ കൊടുക്കാറുള്ളതെ”ന്ന് ചില പത്രാധിപന്മാരും പത്രപ്രവർത്തകരും പറയുന്നതു കേൾക്കാം. മയക്കുമരുന്ന് വിൽപ്പനക്കാരും അതാണു പറയുന്നത്. ആവശ്യമുള്ളവർക്കു മാത്രമാണ് മയക്കുമരുന്ന് നൽകുന്നത്. പത്രഭാഷ മയക്കുമരുന്നല്ല. അതു വിൽക്കുന്നവർ മയക്കുമരുന്നു കച്ചവടക്കാരന്റെ ഭാഷ പയറ്റുകയല്ല വേണ്ടത്.

നമ്മുടെ മാധ്യമങ്ങൾക്ക് കൊമ്പുണ്ടോ എന്നുള്ള ഒരു ചോദ്യം ചോദിക്കാൻ സമയമായിരിക്കുന്നു. ഒരാത്മവിചാരണക്ക് പത്രമാധ്യമങ്ങൾ സ്വയം തയാറാകേണ്ടതുണ്ട്.

# 23

# പരസ്യപ്പണം കിട്ടാൻ മാധ്യമങ്ങൾ ഇനി എന്തെല്ലാം വിൽക്കണം?

മാധ്യമത്തിന്റെ 2015 മേയ് 11-ലെ പത്രം പ്രത്യേക പതിപ്പിൽ എൻ. പി. രാജേന്ദ്രൻ എഴുതിയതിങ്ങനെ:

ഈയിടെ അന്തരിച്ച പ്രശ്സ്ത എഡിറ്ററും ഗ്രന്ഥകാരനുമായ വിനോദ് മേത്തയുടെ ഒടുവിലത്തെ പുസ്തകത്തിൽ - എഡിറ്റർ അൺപ്ലഗ്ഡ് - ഒരുപാടു കാര്യങ്ങൾ തുറന്നെഴുതിയിട്ടുണ്ട്. അതിലൊരു കാര്യം അദ്ദേഹം സ്ഥാപക എഡിറ്ററായിരുന്ന ഔട്ട്ലുക്കുമായി ബന്ധപ്പെട്ടതാണ്. നീണ്ട കാലം സ്ഥാപന ഉടമസ്ഥരുമായി നല്ല സൗഹൃദത്തിൽ പ്രവർത്തിച്ചു പോന്നു വിനോദ് മേത്ത. മേത്ത തന്റെ ആദ്യ പുസ്തകമായ 'ലഖ്നൗ ബോയി'യിൽ രഹേജയെ വിശേഷിപ്പിക്കുന്നത് 'ഉടമസ്ഥന്മാർക്കിടയിലെ രാജകുമാരൻ' എന്നായിരുന്നു. ഈ രാജകുമാരനും ഒടുവിലായപ്പോൾ അദ്ദേഹത്തെ എഡിറ്റർ ചുമതലകളിൽനിന്നു മാറ്റി, എഡിറ്റോറിയൽ ചെയർമാൻ എന്ന വിചിത്ര പദവിയിലേക്കു തട്ടേണ്ടിവന്നു. ഉടമസ്ഥർ വേറെ ആരെങ്കിലും ആയിരുന്നെങ്കിൽ വിനോദ് മേത്ത സ്ഥാപനത്തിനു പുറത്താകുമായിരുന്നു! കാരണം, അത്ര വലിയ ക്രൂരതയാണ് അദ്ദേഹം ആ സ്ഥാപനത്തോടു ചെയ്തത്. കോടാനുകോടിയുടെ പരസ്യനഷ്ടം. ഏതു മാനേജ്മെന്റ് സഹിക്കുമത്?

ഇന്ത്യൻ രാഷ്ടീയത്തെയും മാധ്യമലോകത്തെയും കോർപറേറ്റ് ലോകത്തെയുമെല്ലാം പിടിച്ചുകുലുക്കിയ സ്ഫോടനാത്മകമായ ഒരു വാർത്ത പ്രസിദ്ധീകരിക്കാൻ ധൈര്യപ്പെട്ടതിനാണ് വിനോദ് മേത്ത എന്ന വലിയ എഡിറ്റർക്ക് ഇങ്ങനെ സംഭവിച്ചതെന്ന് ഇന്നു നമുക്കറിയാം. നീര റാഡിയ ടേപ്പുകൾ എന്ന വാർത്താപരമ്പരയിലൂടെ ഭരണാധികാരികളുടെയും രാഷ്ട്രീയക്കാരുടെയും മാത്രമല്ല ദൃശ്യമാധ്യമരംഗത്തെ പല ഗ്ലാമർതാരങ്ങളുടെയും തനിരൂപം പുറത്തുവന്നു. നീര റാഡിയ എന്ന കോർപറേറ്റ് ലോബിയിസ്റ്റ് എങ്ങനെയാണ് ദേശീയ നയങ്ങളെപ്പോലും സ്വാധീനിച്ചു

പോന്നതെന്നും ചാനലുകളിൽ ധാർമ്മികതയുടെ തീപ്പൊരി ചിതറിക്കാറുള്ള വ്യക്തികൾ എങ്ങനെയെല്ലാമാണ് അവർക്ക്, സഹായികളായതെന്നും വെളിവാക്കുന്ന ടേപ്പുകൾ വിനോദ് മേത്ത എന്ന എഡിറ്റർ പ്രസിദ്ധപ്പെടുത്തുന്നത് അതു വലിയ പ്രത്യാഘാതം ഉണ്ടാക്കും എന്നറിഞ്ഞുകൊണ്ടു തന്നെയാവണം.

പക്ഷേ, തുറന്നുകാട്ടപ്പെട്ടവരിൽ ഒരാൾ ഇന്ത്യയിലെ വലിയ കോർപറേറ്റുകളിൽ ഒന്നായ ടാറ്റ ആയിരുന്നു. ബർക്ക ദത്തിന്റെയും മറ്റും പേരുകളാണ് മാധ്യമങ്ങളിൽ കൂടുതൽ ചർച്ചചെയ്യപ്പെട്ടതെങ്കിലും യഥാർത്ഥത്തിൽ ഈ സ്റ്റിങ് ഓപ്പറേഷനിൽ ഒന്നാം പ്രതിസ്ഥാനത്തുണ്ടായിരുന്നത് രത്തൻ ടാറ്റ ആയിരുന്നു. മീര റാഡിയ ടേപ്പുകൾ പ്രസിദ്ധീകരിക്കുന്നത് തടയാൻ കോടതിയിൽ പോയത് ടാറ്റയാണ്. അത്രയ്ക്കുണ്ടായിരുന്നു അവർക്ക് അതിൽ താൽപര്യം. നീര റാഡിയ ആണ് രത്തൻ ടാറ്റ ഗ്രൂപ്പിന്റെ പബ്ലിക് റിലേഷൻസ് ചുമതലകൾ വഹിച്ചിരുന്നത്. അനുമോദിക്കപ്പെടേണ്ടതല്ല, ശിക്ഷിക്കപ്പെടേണ്ടതാണ് വിനോദ് മേത്തയുടെ ധീര പത്രപ്രവർത്തനം എന്ന് ടാറ്റാക്ക് ഉറപ്പുണ്ടായിരുന്നു. അവർ തിരുത്തുകൊടുപ്പിക്കാനോ നഷ്ടപരിഹാരത്തിനു കേസ് കൊടുക്കാനോ ഒന്നും മുതിർന്നില്ല. ഔട്ട്ലുക്ക് മാധ്യമവുമായുള്ള എല്ലാ ബന്ധവും അവർ ഉപേക്ഷിച്ചു. പത്രസ്വാതന്ത്ര്യം തകർത്തു എന്നൊന്നും അവരെക്കുറിച്ച് പറയാൻ പറ്റില്ലല്ലോ. എന്തു വാർത്ത കൊടുക്കണം എന്ന് തീരുമാനിക്കാൻ പത്രാധിപർക്കു സ്വാതന്ത്ര്യം ഉള്ളതുപോലെ ആർക്ക് പരസ്യം കൊടുക്കണം എന്നു തീരുമാനിക്കാനുള്ള അധികാരം കോർപറേറ്റ് ഉടമകൾക്കും ഉണ്ടല്ലോ. ഔട്ട്ലുക്കിന്റെ പരസ്യ നഷ്ടം വർഷംതോറും അഞ്ചുകോടിയിലേറെയാണ്. അതു തുടരുകയാണ്.

മറ്റൊരു മാധ്യപ്രവർത്തകൻ അടുത്തകാലത്ത് എഴുതിയ ഒരു പുസ്തകത്തിലൂടെക്കൂടി ഒന്നു കണ്ണോടിക്കാം. രജ്ദീപ് സർദേശായിയുടെ '2014 ദ ഇലക്ഷൻ ദാറ്റ് ചെയ്ഞ്ച്ഡ് ഇന്ത്യ' എന്ന പുസ്തകത്തിൽ അദ്ദേഹം സി.എൻ.എൻ.ഐ.ബി.എൻ ചാനലിന്റെ എഡിറ്റർ സ്ഥാനത്തുനിന്ന് രാജിവെക്കേണ്ടിവന്ന സാഹചര്യത്തിന്റെ പശ്ചാത്തലം വിവരിച്ചിട്ടുണ്ട്. ഇതിൽ പരസ്യവരുമാനമല്ല പ്രശ്നം. ഇന്ത്യാ സർക്കാർ ഗ്യാസ് വില വർദ്ധിപ്പിച്ചതുവഴി റിലയൻസ് കമ്പനിക്ക് 54,000 കോടി രൂപ ലാഭമുണ്ടായെന്നും ഇത് ജനങ്ങൾക്കുണ്ടായ നഷ്ടമാണെന്നുമുള്ള കെജ്രിവാളിന്റെ നിലപാട് അദ്ദേഹത്തെ റിലയൻസ് കമ്പനിയുടെ ഒന്നാം നമ്പർ ശത്രുവാക്കിയിരുന്നു. കെജ്രിവാളുമായി അഭിമുഖം നടത്താനുള്ള തീരുമാനത്തിൽനിന്ന് രജ്ദീപിനെ പിന്തിരിപ്പിക്കാൻ റിലയൻസ് ആകാവുന്നതെല്ലാം ചെയ്തതാണ്. സി.എൻ.എൻ.ഐ.ബി.എൻ ഉടമസ്ഥതയിൽ അപ്പോൾതന്നെ റിലയൻസിന് ഓഹരി ഉണ്ടായിരുന്നു. വാർത്ത നിയന്ത്രിക്കാനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ രജ്ദീപ് അവരുടെ ഹിറ്റ്ലിസ്റ്റിലായി. അധികം കഴിയുന്നതിനു മുമ്പ് രജ്ദീപിന്റെ ചാനൽ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളുടെ മാതൃസ്ഥാപനമായ നെറ്റ്‌വർക്ക് 18-ന്റെ ഭൂരിപക്ഷം ഓഹരികൾ റിലയൻസ് വിലയ്ക്കു വാങ്ങി. 4000 കോടി രൂപയാണ് റിലയൻസ് ഇതിനു മുടക്കിയത്. കഴിഞ്ഞ വർഷം മേയിൽ ഇത് സംഭവിച്ചതോടെ ഇന്ത്യയിലെ ഏറ്റവും

വലിയ മാധ്യമസ്ഥാപനം റിലയൻസിന്റെ നിയന്ത്രണത്തിലായി. ബെന്ന്റ് കോൾമാൻ ആൻഡ് കമ്പനിയെക്കാൾ, റൂപർട്ട് മർഡോക്കിന്റെ സ്റ്റാർ ഗ്രൂപ്പിനെക്കാൾ വലിയ മാധ്യമ സ്ഥാപനം. രജ്ദീപും ഭാര്യയും വൈകാതെ ചാനൽ വിട്ടുപോയി.

ലോകത്തെമ്പാടും വൻ കോർപറേറ്റ് സ്ഥാപനങ്ങളും പ്രതിഭാശാലികളായ എഡിറ്റർമാരും ഇന്ന് ഏതാണ്ട് ഒരേ പക്ഷത്താണ്, ഒരേ ആശയങ്ങളുടെയും താൽപര്യങ്ങളുടെയും സംരക്ഷകരാണ്. ആഗോളീകരണ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരകർകൂടിയായ പ്രമുഖ ബുദ്ധിജീവികളും എഡിറ്റർമാരും കോളമിസ്റ്റുകളും തങ്ങളുടെ സേവനത്തിനു വാങ്ങുന്ന പ്രതിഫലത്തിന്റെ കണക്കുകൾ, ന്യൂയോർക് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഫെയർനസ് ആൻഡ് അക്കുറസി ഇൻ റിപ്പോർട്ടിങ് ഇൻകോർപറേറ്റഡ്' (ഫെയർ) എന്ന മാധ്യമനിരീക്ഷണ സ്ഥാപനം ഈയിടെ വെളിപ്പെടുത്തുകയുണ്ടായി. പ്രശസ്ത സാമ്പത്തികകാര്യ വിദഗ്ദ്ധനും ഗ്രന്ഥകാരനുമായ തോമസ് ഫ്രീഡ്മാൻ, എൻ.ബി.സി.യുടെ മീറ്റ് ദ പ്രസ് പ്രോഗ്രാം അവതരിപ്പിക്കുന്ന ഡേവിഡ് ഗ്രഗോറി, ടൈമിന്റെയും വാഷിങ്ടൺ പോസ്റ്റിന്റെയും കോളമിസ്റ്റുകൂടിയായ പ്രശസ്ത ചിന്തകൻ ഫരീദ് സഖറിയ തുടങ്ങിയ നിരവധിപേരുടെ വരുമാനക്കണക്കുകൾ അവർ പ്രസിദ്ധീകരിക്കുകയുണ്ടായി. 99 ശതമാനം ജനം നേടുന്നതിലേറെ വരുമാനം കൈയടക്കുന്ന ഒരു ശതമാനത്തിൽ ഈ മാധ്യമ പ്രവർത്തകരും ഉൾപ്പെടുന്നു എന്നതുകൊണ്ടുതന്നെയാണ് അമേരിക്കയിലെ 99 ശതമാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി നടന്ന വാൾസ്ട്രീറ്റ് പ്രക്ഷോഭത്തെ ഈ എഡിറ്റർമാരും ടെലിവിഷൻ ബുദ്ധിജീവികളും പുച്ഛിച്ചുതള്ളിയത്. പത്തുകോടി രൂപ വാർഷികശമ്പളം പറ്റുന്ന എഡിറ്റർമാർ ഇന്ത്യയിലുണ്ട് എന്ന വെളിപ്പെടുത്തലും ഈയിടെയുണ്ടായി. ഇതിന്റെയൊന്നും അർത്ഥമന്വേഷിച്ച് നാമെങ്ങും പോകേണ്ടതില്ല.

അഴിമതിക്കാരായ കോർപറേറ്റുകളെയും രാഷ്ടീയക്കാരെയും ഉദ്യോഗസ്ഥരെയും തുറന്നുകാട്ടാൻ മാധ്യമപ്രവർത്തകരാണ് സാധാരണ സ്റ്റിങ് ഓപറേഷനുകൾ സംഘടിപ്പിക്കാറുള്ളത്. ആദ്യമായി മാധ്യമപ്രവർത്തകരെ തുറന്നുകാട്ടാൻ കോർപറേറ്റുകൾ സ്റ്റിങ് നടത്തുന്നതും നാം കണ്ടു. ജിൻഡാൽ സ്റ്റീൽ ആൻഡ് പവർ ലിമിറ്റഡിന്റെ ഉടമ നവീൻ ജിൻഡാൽ ആണ് സ്റ്റിങ് നടത്തിയത്. സ്വന്തം ചാനലിന് പരസ്യം കിട്ടാൻവേണ്ടി എന്തും ചെയ്യും എന്നതാണ് ഇപ്പോഴത്തെ ചാനൽ അവസ്ഥ. ബ്ലാക്മെയിലിങ്ങിനെക്കാൾ എത്ര മാന്യമാണ് കോർപറേറ്റുകൾ പറയുന്നത് അതേപടി റിപ്പോർട്ട് ചെയ്ത് പ്രതിഫലം വാങ്ങുന്നത്!

മാധ്യമങ്ങളും വൻവ്യവസായങ്ങൾതന്നെയാണ് എന്ന യാഥാർഥ്യം നമുക്കു മുന്നിൽ തെളിഞ്ഞുവരുകയാണ്. സർക്കാർ സ്ഥാപനങ്ങളിലെ അഴിമതിയും നിയമലംഘനവും പുറത്തുകൊണ്ടുവരാൻ ശൗര്യം കാട്ടുന്ന മാധ്യമങ്ങളൊന്നും സ്വകാര്യമേഖലയിലെ അഴിമതിക്കെതിരെ ചെറുവിരൽ അനക്കുകയില്ല. മാധ്യമങ്ങളും അതുപോലൊരു സ്വകാര്യവ്യവസായം മാത്രമാണല്ലോ. മാധ്യമപ്രവർത്തകരും മാധ്യമസ്ഥാപനത്തിലെ ധനകാര്യവി

ഭാഗവും രണ്ട് 'ഇരുമ്പറ'കളിൽ പരസ്പരം ബന്ധപ്പെടാതെ പ്രവർത്തിക്കണമെന്നതാണ് പഴയ പത്രപ്രവർത്തക തത്ത്വം. ഈ തത്ത്വം കാലഹരണപ്പെട്ടു എന്ന സൂചന പല ഭാഗങ്ങളിൽനിന്നും വരുന്നു. പത്രാധിപരുടെയും പത്രപ്രവർത്തകരുടെയും പ്രഫഷണൽ ചുമതലകളിൽ ഉടമസ്ഥർ ഇടപെടാൻ പാടില്ലെന്നത് സ്വതന്ത്ര പത്രപ്രവർത്തനം തുടങ്ങിയ കാലം മുതൽ അംഗീകരിക്കപ്പെട്ട സുപ്രധാന തത്ത്വമാണ്. ഉടമസ്ഥർ പത്രാധിപത്യം വഹിച്ചാലും പരസ്യം കിട്ടാനോ മറ്റേതെങ്കിലും തരത്തിൽ സാമ്പത്തികനേട്ടമുണ്ടാക്കാനോ വാർത്തയിൽ മാറ്റം വരുത്തുക അചിന്ത്യമായിരുന്നു ജനാധിപത്യ ലോകത്ത്. ബ്രിട്ടീഷ് പത്രങ്ങളും എഡിറ്റർമാരുമാണ് ഇതേറെ വാശിയോടെ ഉയർത്തിപ്പിടിച്ചിരുന്നത്. പത്രത്തിന്റെ വിശ്വാസ്യത ഉയർത്തിപ്പിടിക്കുന്നതിന് ഈ 'ചാരിത്രശുദ്ധി' നിർബന്ധവുമായിരുന്നു. അടുത്തായി ബ്രിട്ടനിൽനിന്നു വരുന്ന വാർത്തകൾ ഈ ധാരണകളെ തകർക്കുന്നു. ഡെയ്‌ലി ടെലഗ്രാഫ് പത്രത്തിലെ പ്രമുഖനായ ജേണലിസ്റ്റ് പീറ്റർ ഓബോൺ രാജിവെച്ചതിനെക്കുറിച്ച് മാധ്യമം ദിനപത്രത്തിൽ (ടെലിഗ്രാഫിൽ സംഭവിച്ചത്... മാർച്ച് 10) വിവരിച്ചതാണ്. ഇന്ത്യ ചില കാര്യങ്ങളിൽ ബ്രിട്ടനെക്കാൾ മുന്നോട്ടുപോയിട്ടുണ്ട്. സ്വതന്ത്ര പത്രപ്രവർത്തനം പരിപോഷിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ ചിലതെല്ലാം ഇന്ത്യയിൽ നടന്നിട്ടുണ്ട്. 1955-ലെ വർക്കിങ് ജേണലിസ്റ്റ് ആൻഡ് അതർ ന്യൂസ്പേപ്പർ എംപ്ലോയീസ് ആക്ടും 1867-ലെ ദ പ്രസ് ആൻഡ് രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ടിൽ വരുത്തിയ മാറ്റങ്ങളുംപഴയകാല മാധ്യമപ്രവർത്തനത്തിന്റെ ചില മൂല്യങ്ങൾ നിലനിർത്താൻ പ്രയോജനപ്പെട്ടിട്ടുണ്ട്. ഡെയ്‌ലി ടെലഗ്രാഫിൽ ചെയ്തതുപോലെ എഡിറ്റർ എന്ന പോസ്റ്റ് ഇല്ലാതാക്കി ഹെഡ് ഓഫ് കണ്ടന്റ് തസ്തികയിൽ ആളെ നിയമിക്കാൻ ഇന്ത്യയിൽ പറ്റില്ല. തത്ത്വത്തിൽ മാത്രമല്ല, നിയമപരമായും ഉള്ളടക്കം തീരുമാനിക്കുന്നതിനുള്ള അധികാരം എഡിറ്റർക്കാണ്. പക്ഷേ, ചില പത്രങ്ങളെങ്കിലും ചെയ്ത് തെളിയിച്ചിട്ടുള്ളതുപോലെ പരസ്യം മാനേജരെ എഡിറ്റർ തസ്തികയിൽ നിയമിക്കാം. പത്രപ്രവർത്തനത്തിന്റെ ഹരിശ്രീ അറിയാത്ത ആൾക്കും എഡിറ്ററായി അഭിനയിക്കാം. സ്ഥാപനം വളരുന്നതിന്റെ അനുപാതത്തിലാണ് മാധ്യമധാർമികതയിൽ വെള്ളം ചേർക്കപ്പെടുക എന്ന് കരുതുന്നവരുണ്ട്. നേരെ മറിച്ചാണ് സംഭവിക്കുന്നത് എന്നു കരുതുന്നവരുമുണ്ട്. മാധ്യമധാർമ്മികതയിൽ വെള്ളം ചേർക്കുന്നതിന്റെ അനുപാതത്തിലാണ് ലാഭം വർധിക്കുന്നതും മൂലധനം കുന്നുകൂടുന്നതും!

രണ്ടുവർഷം മുമ്പ് മാത്രമാണ് ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ടൈംസ് ഓഫ് ഇന്ത്യ പത്രത്തിന്റെ തലവൻ സമീർ ജയിൻ മാധ്യമസ്ഥാപനം നടത്തുന്നതു സംബന്ധിച്ച തന്റെ ഫിലോസഫി പരസ്യപ്പെടുത്തിയത്. ന്യൂയോർകർ മാഗസിന്റെ ലേഖകനും മാധ്യമചിന്തകനുമായ കെൻ ഓലറ്റയുമായുള്ള അഭിമുഖത്തിൽ അദ്ദേഹം തുറന്നുപറഞ്ഞു- ഞങ്ങൾ വാർത്താവ്യവസായത്തിലാണ് എന്ന്. ശ്രദ്ധേയമായ ഒരു പ്രഖ്യാപനമായിരുന്നു അത്. സ്ഥാപനത്തിന്റെ മുഖ്യവരുമാനം പരസ്യത്തിലൂടെ ആവുമ്പോൾ എന്തിന് വാർത്തക്കുവേണ്ടി വെറുതെ തല പുകയ്ക്കണം? രാജ്യം നന്നാക്കലും ഫോർത്ത് എസ്റ്റേറ്റുമൊന്നും തങ്ങളുടെ പരിധിയിൽ വരുന്ന

കാര്യങ്ങളല്ല. ഇന്നലെ നടന്ന കാര്യങ്ങൾ ജനങ്ങളെ അറിയിക്കുക, രസകരമായ വായനയ്ക്ക് അവസരം ഒരുക്കുകപോലുള്ള കാര്യങ്ങളേ പത്രത്തിലൂടെ നൽകാൻ ഉദ്ദേശിക്കുന്നുള്ളൂ എന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

വരുമാനം കൂട്ടാൻ തത്ത്വങ്ങളും നിലപാടുകളും ആത്മാഭിമാനവും ബലികഴിക്കുകയാണ് മാധ്യമങ്ങൾ. നിലനിൽക്കാൻ ഇനിയുമെന്തെല്ലാം വിൽക്കേണ്ടിവരും എന്ന് അവർക്കറിയില്ല. വാർത്താമാധ്യമ വ്യവസായത്തിന്റെ വരുമാനത്തിൽ മൂന്നിൽ രണ്ട് പരസ്യത്തിൽനിന്നാണ് ആഗോളാടിസ്ഥാനത്തിൽ. അതാവട്ടെ, മിക്കവാറും പരമ്പരാഗത മാധ്യമങ്ങൾക്കാണ് കിട്ടിപ്പോന്നിരുന്നത്. ദൃശ്യമാധ്യമങ്ങളുടെ വരുമാനം ക്രമാനുഗതമായി ഉയർന്നുവരുമ്പോൾ അച്ചടിമാധ്യമത്തിന്റേത് 2003-നു ശേഷം പകുതിയായി കുറഞ്ഞു. പരസ്യത്തിനുവേണ്ടിയുള്ള മത്സരം അനുദിനം കഴുത്തറപ്പനായി മാറുന്നു. ഈ അവസ്ഥയിൽനിന്ന് പെയ്ഡ്ന്യൂസ് പോലുള്ള പ്രവണതകളിലേക്ക് അധികം അകലമില്ലെന്നതാണ് യാഥാർത്ഥ്യം.

സർക്കുലേഷനും പരസ്യവരുമാനവും വർദ്ധിപ്പിക്കുന്നതിൽ കമ്പനി ഉദ്യോഗസ്ഥർക്ക് മാത്രമല്ല, ജേണലിസ്റ്റുകൾക്കും പത്രാധിപർക്കും ഉത്തരവാദിത്തമുണ്ട് എന്ന തത്ത്വം പത്രങ്ങളിൽ പ്രായോഗികമാക്കിക്കൊണ്ടിരിക്കുകയാണ്. സമീർ ജെയിൻ പറഞ്ഞതുപോലെ, വെറുതെ ആവശ്യമില്ലാത്ത തത്ത്വങ്ങൾ എന്തിനു തലയിലെടുത്തുവെക്കണം? എല്ലാവരുടേയും അഴിമതിയും നിയമലംഘനവുമെല്ലാം നമ്മളെന്തിന് റിപ്പോർട്ട് ചെയ്യണം. ഇതെല്ലാം ആരു വായിക്കാനാണ്? എന്നു തുടങ്ങുന്ന ബ്രെയ്ൻ വാഷിങ്, അതുമിതും എഴുതി പരസ്യവരുമാനം ഇല്ലാതാക്കേണ്ട എന്ന സ്വയം തീരുമാനത്തിൽ പത്രാധിപന്മാരെയും പത്രപ്രവർത്തകരെയും എത്തിക്കുമെന്ന് തീർച്ച. പരസ്യവരുമാനം കിട്ടിയിട്ട് വേണ്ടേ നിങ്ങൾക്കും വേജ് ബോർഡ് നിരക്കിൽ ശമ്പളം തരാൻ എന്ന ചോദ്യവും പ്രസക്തംതന്നെയാണ്. ഇത് സൃഷ്ടിക്കുന്നത് ഒരുതരം സെൽഫ് സെൻസറിങ് ആണ്. പരസ്യം കിട്ടാതെപോവാൻ വിദൂരസാധ്യതയെങ്കിലുമുള്ള വാർത്തകൾ ആരും പറയാതെതന്നെ ഉപേക്ഷിക്കുന്നുണ്ട്. ഇന്ന് മാധ്യമപ്രവർത്തകർ.

പ്രബുദ്ധരായ വായനക്കാരുണ്ടെന്നു പറയുന്ന കേരളത്തിൽപ്പോലും സമീപകാലത്ത് വൻകിടക്കാരുടെ പല സ്ഥാപനങ്ങളിലും നടന്നുവരുന്ന സമരങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല. കല്യാൺ വസ്ത്രവ്യാപാരസ്ഥാപനത്തിൽ ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശത്തിനുവേണ്ടി വനിതാ ജീവനക്കാർ നടത്തിയ സമരം ഏതാനും ബ്ലോഗുകളിലും ചില ഓൺലൈൻ മാധ്യമങ്ങളിലുമേ കാര്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടുള്ളൂ. (മറുനാടൻ മലയാളി എന്ന ഓൺലൈൻ പത്രവും അതിന്റെ ഉടമസ്ഥൻ സാജൻ സക്കറിയയുമായിരുന്നു അതിൽ മുന്നിൽ) ചേളാരിയിൽ വൻകിട സ്വർണാഭരണനിർമ്മാണ സ്ഥാപനം സ്ഥാപിക്കുന്നതിനെതിരെ നടന്ന സമരത്തിന്റെ സ്ഥിതിയും അതുതന്നെ. ചില വൻകിട ആശുപത്രികളിൽ നടന്ന നഴ്സ് സമരങ്ങളുടെ വാർത്തകളും കത്രികയാൽ കൊല്ലപ്പെട്ടു. റിപ്പോർട്ടർമാർക്ക് മാസംതോറും പരസ്യം പിടിക്കാൻ ക്വോട്ട നിശ്ചയിക്കുന്ന പത്രങ്ങളിൽനിന്ന്

ഇതു പ്രതീക്ഷിക്കാവുന്നതേ ഉള്ളൂ. പക്ഷേ, ഇവരിൽനിന്നു മാത്രമല്ല ഈ സമീപനം ഉണ്ടാകുന്നത്.

അച്ചടിയായാലും ദൃശ്യമായാലും മാധ്യമങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം തകർന്നുകൊണ്ടിരിക്കുകയാണ്. മാധ്യമസെമിനാറുകളിൽ മാത്രമല്ല, അഞ്ചുപേർ കൂടുമ്പോൾ നടക്കുന്ന ചർച്ചകളിലും ഇതു പ്രകടിപ്പിക്കപ്പെടുന്നു. തീർച്ചയായും ഇതിലേറെയും മാധ്യമരീതികളെക്കുറിച്ചുള്ള ധാരണയില്ലായ്മയിൽനിന്നും ചില തൽപരകക്ഷികൾ നടത്തുന്ന പ്രചാരണത്തിന്റെ ഫലമായും ഉയർന്നുവരുന്നവയാണ്. പക്ഷേ, ലോകത്തെമ്പാടും മാധ്യമവിശ്വാസ്യതയിൽ ഉണ്ടായിട്ടുള്ള തകർച്ചയുടെ അതേ തോതിൽതന്നെയാണ് ഇവിടെയും അതുണ്ടാകുന്നത്. ഇപ്പോൾതന്നെ പുതിയ തലമുറ ദിനപത്രങ്ങൾ വായിക്കാതായിട്ടുണ്ട്. പത്രങ്ങളിൽനിന്നു കിട്ടുന്നതിനെക്കാൾ വിവരങ്ങൾ തങ്ങൾക്ക് ഫേസ്ബുക്കിൽനിന്നു കിട്ടുന്നുണ്ട് എന്ന് അവകാശപ്പെടുന്ന വീട്ടമ്മമാരുണ്ട്. മാധ്യമവിദ്യാർത്ഥികളുമായി ഇന്റ്റാക്ഷന് വന്ന ഒരു ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ, താൻ വാർത്തകൾ വായിക്കുകയോ കാണുകയോ ചെയ്യാറില്ല എന്ന് ഗൗരവത്തിൽതന്നെ പറഞ്ഞതുകേട്ട് ഞെട്ടേണ്ടിവന്നിട്ടുണ്ട്. പ്രചാരവും പരസ്യവും വരുമാനവും കൂട്ടാൻവേണ്ടി സ്വീകരിക്കുന്ന നടപടികൾ തുടക്കത്തിൽ ഫലം കണ്ടെന്നുവരും. പക്ഷേ, ദീർഘകാലാടിസ്ഥാനത്തിൽ ഇത്, ഉള്ള വിശ്വാസ്യത കൂടി തകർത്ത് മാധ്യമവ്യവസായത്തിനുതന്നെ ഹാനികരമാവും. പാശ്ചാത്യലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയെ നമ്മുടെ നടുമുറ്റത്തെത്തിക്കലാവും ഇത്. നാളെ വരാനിരിക്കുന്ന ചെകുത്താനെ ഇന്നുതന്നെ കൂട്ടിക്കൊണ്ടുവരണമോ?

പരസ്യക്കാർ വാർത്തയിൽ സമ്മർദ്ദം ചെലുത്തുന്നതിനെക്കുറിച്ച് ഏതാനും വർഷം മുമ്പ് ഡൽഹിയിൽ നടന്ന ഒരു ലോക മാധ്യ സമ്മേളനത്തിൽ ചർച്ച ഉയർന്നത് ഓർമ്മവരുന്നു. ടൈംസ് ഓഫ് ഇന്ത്യയുടെ ബിസിനസ് തലവൻ അന്നു പറഞ്ഞ മറുപടി, പരസ്യക്കാരെ നിലയ്ക്കുനിർത്തേണ്ട ഉത്തരവാദിത്തം എഡിറ്റർമാരുടേതാണ് എന്നായിരുന്നു. ഇല്ല, പരസ്യം കിട്ടാൻ മാധ്യമങ്ങൾ പരസ്യക്കാരുടെ കാലുപിടിക്കേണ്ടിവരുന്ന കാലത്ത് എഡിറ്റർമാർ വിചാരിച്ചാൽ അതു നടക്കില്ല. വൻകിട പരസ്യദാതാക്കൾക്ക് സംഘടിതമായിത്തന്നെ മാധ്യമങ്ങൾക്കുമേൽ സമമർദ്ദം ചെലുത്താനും വിലപേശാനും കഴിയും. ഉപഭോക്താക്കളിലേക്ക് എത്തി ഉൽപന്നം വിൽക്കാനാണ് അവർ പരസ്യം ചെയ്യുന്നതെങ്കിലും മാധ്യമങ്ങളെ സഹായിക്കാനാണ് തങ്ങൾ പരസ്യം ചെയ്യുന്നത് എന്ന മട്ടിലാണ് അവർ പെരുമാറുന്നത്. എഡിറ്റർമാർക്കോ മാധ്യമ ഉടമസ്ഥ സംഘടനകൾക്കോപോലും ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല.

പക്ഷേ, മാധ്യമങ്ങൾ നിലനിൽക്കാൻ പരസ്യപ്പണം മാത്രം പോരാ. വിശ്വാസ്യതയും വേണം. ഇത് മാധ്യമങ്ങൾക്കും പരസ്യക്കാർക്കും ഇപ്പോഴും ബോധ്യമായിട്ടില്ല. വൈകാതെ മനസ്സിലാവും, അപ്പോഴേക്ക് സമയം വളരെ വൈകിയിരിക്കുമെന്നു മാത്രം.

# 24

# വിചാരണ ചെയ്യപ്പെടേണ്ട മാധ്യമ വിചാരണ

മാധ്യമങ്ങൾക്ക് ഭരണഘടന അനുവദിച്ചുനൽകിയിട്ടുള്ള ചില അവകാശങ്ങളുണ്ട്. വിവരങ്ങൾ അറിയുവാനും അറിയിക്കുവാനുമുള്ള അവകാശം. അതിനെയാണ് മാധ്യമസ്വാതന്ത്ര്യം എന്നു പറയുന്നത്. ഏതൊരു ഭരണസംവിധാനത്തിലും മാധ്യമ സ്വാതന്ത്ര്യം തടയുകയോ നിഷേധിക്കുകയോ ചെയ്യുവാൻ പാടില്ല. ഒരിക്കൽ അങ്ങനെ ചെയ്തതിന്റെ ദോഷഫലങ്ങൾ അനുഭവിച്ചറിഞ്ഞ രാജ്യമാണ് നമ്മുടേത്. അടിയന്തിരാവസ്ഥയിൽ സംഭവിച്ച ന്യൂനത മാധ്യമസ്വാതന്ത്ര്യം നിഷേധിച്ചു എന്നതാണ്. അതുവഴി, അറിയാനും അറിയിക്കാനുമുള്ള മാധ്യമങ്ങളുടെ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടപ്പോൾ അറിയേണ്ടതുപലതും അറിയേണ്ടവർ അറിഞ്ഞില്ല. അതു സംഭവിക്കാൻ പാടില്ലായിരുന്നു. മാധ്യമ സ്വാതന്ത്ര്യവും മാധ്യമാവകാശങ്ങളും തീർച്ചയായും സംരക്ഷിക്കപ്പെടേണ്ടതാണ്. സംശയമില്ല. കാരണം, മാധ്യമങ്ങളും മൗലികാവകാശങ്ങളുടെ നിരയിൽപ്പെട്ടതാണ്. അതേസമയം തന്നെ, രാജ്യത്തെ ഓരോ പൗരനും വലിയ മൗലികാവകാശങ്ങൾ ഭരണഘടന ഉറപ്പു നൽകിയിട്ടുണ്ട് എന്നുള്ള കാര്യം മറക്കുവാൻ പാടില്ല, അത് ക്രിമിനൽ നിയമത്തിൽ വരുമ്പോൾ, ഒരാൾ കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടാൽ, കുറ്റവാളിയാണെന്ന് തെളിയിക്കപ്പെടുംവരെ അയാൾ നിരപരാധിയാണെന്നാണ് കരുതേണ്ടത്. കുറ്റവാളിയാണെന്ന് സംശയാതീതമായി തെളിയിക്കപ്പെടണം എന്നാണ് ആ നിയമം അനുശാസിക്കുന്നത്. ഇന്ത്യൻ എവിഡന്റ്സ് ആക്ടും ക്രിമിനൽ പ്രൊസീഡിയർ കോഡും എല്ലാം അനുശാസിക്കുന്ന അലംഘനീയമായ നിയമങ്ങളാണ് അവ. ഒരാൾ കുറ്റവാളിയാണെന്നു തെളിയിക്കേണ്ട ചുമതല പ്രോസിക്യൂഷനുള്ളതാണ്.

പ്രോസിക്യൂഷനു മുമ്പുള്ള ഒരു ഘട്ടമാണ് പോലീസ് നടത്തുന്ന അന്വേഷണം അഥവാ ഇൻവെസ്റ്റിഗേഷൻ. ഒരു കേസിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കോടതിയിൽ ചാർജ്ജ് ഫയൽ ചെയ്യും വരെയുള്ള ഘട്ട

മാണ് ഇൻവെസ്റ്റിഗേഷൻ. അതു പോലീസിന്റെ ചുമതലയാണെങ്കിൽ, അതു പിന്നെ കോടതിയിലവതരിപ്പിക്കേണ്ട ചുമതല പ്രോസിക്യൂഷന് ഉള്ളതാണ്. വിചാരണ നടത്തി കുറ്റവാളിയാണോ അല്ലയോ എന്ന് വിധികൽപ്പിക്കുവാനുള്ള അധികാരം കോടതിക്ക് മാത്രമുള്ളതാണ്. ഇതിൽ പോലീസിന്റെ അധികാരങ്ങളും മറ്റും ദുർവിനിയോഗം ചെയ്യപ്പെടാതിരിക്കുവാൻ വേണ്ടി ഭരണഘടനയിലും ക്രിമിനിൽ നിയമങ്ങളിലും വളരെയധികം മുൻകരുതലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിലൊന്നാണ്, ഒരു പ്രതിയെ അറസ്റ്റുചെയ്താൽ 24 മണിക്കൂറിനകം കോടതിമുമ്പാകെ ഹാജരാക്കണം എന്നുള്ളത്. മറ്റൊന്ന്, ഒരു പ്രതി ഒരു പോലീസ് ഓഫീസറുടെ മുൻപാകെ പറയുന്ന കാര്യങ്ങൾ ഒരിക്കലും കോടതിയിൽ തെളിവായി സ്വീകരിക്കാൻ പാടില്ല. പിന്നൊന്ന്, വിചാരണ നടക്കുന്നതിനുമുമ്പ് പ്രതി കുറ്റവാളിയാണോ അല്ലയോ എന്നത് സംബന്ധിച്ച് തെളിവിന്റെ അപഗ്രഥനങ്ങൾ, വിശകലനങ്ങൾ തുടങ്ങിയവയൊന്നും നിയമപരമായി അനുവദനീയമല്ല. ഒരു കേസ് രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അതെപ്പറ്റിയുള്ള സത്യപ്രസ്താവനകൾ കോർട്ടലക്ഷ്യക്കുറ്റത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. എന്നാൽ ഈ കർശനമായ നിയമങ്ങൾ പാലിക്കപ്പെടാൻ പലപ്പോഴും ബുദ്ധിമുട്ടുവന്നേക്കാം. എങ്കിലും ഇതിന്റെ അടിസ്ഥാനപരമായ തത്ത്വം അന്വേഷണവും വിചാരണയും സ്വതന്ത്രവും ബാഹ്യ ഇടപെടലുകൾക്ക് വിധേയമാകാത്തതും നിഷ്പക്ഷവും ആയിരിക്കണം എന്നുള്ളതാണ്. എന്നാലിന്ന് നിർഭാഗ്യവശാൽ ചില ചാനൽ ചർച്ചകളിൽ കാണുന്നത് ഒരാൾ കുറ്റവാളിയാണോ അല്ലയോ എന്ന് ചർച്ച ചെയ്ത് തീരുമാനിക്കുന്നതായാണ്. ഇതാകട്ടെ ഓരോരുത്തരുടേയും താൽപ്പര്യവും ഭാവനാവിലാസം അനുസരിച്ചുമായിരിക്കും. ഇത് അന്വേഷണത്തെ സ്വാധീനിക്കാനിടയുണ്ട്. സാങ്കൽപ്പികവും തെളിവുകളുടെ അഭാവത്തിലും ചർച്ചക്കാർ തട്ടിവിടുന്ന കാര്യങ്ങൾ, തെളിവുകളുടെ അടിസ്ഥാനത്തിലെന്നു പറഞ്ഞ് ഒരാളെ കുറ്റവാളിയാണെന്ന് സ്ഥാപിക്കുമ്പോൾ, ആരോപണങ്ങൾ ഭയന്ന് മറിച്ച് ചിന്തിക്കുവാൻപോലും പോലീസിന് മടിയുണ്ടാകും. അതുപോലെ പോലീസിൽ കൊടുക്കുന്ന മൊഴി തെളിവായി സ്വീകരിക്കുവാൻ പാടില്ല എന്നു പറയുമ്പോൾ തന്നെ ചില ചാനലുകളിൽ പോലീസ് ഓഫീസർമാരും പ്രോസിക്യൂട്ടറും ചില വക്കീലന്മാരും പ്രത്യക്ഷപ്പെട്ട് അന്വേഷണത്തിലോ വിചാരണയിലെ ഇരിക്കുന്ന കേസിനെപ്പറ്റി അഭിപ്രായ പ്രകടനങ്ങളും വാദപ്രതിവാദങ്ങളും നടത്തുന്നത് ഒരിക്കലും നീതീകരിക്കാനാവുന്നതല്ല. ഈ അപകടകരവും നിയമപരമല്ലാത്തുമായ പ്രവണതയിലൂടെ രൂപംകൊള്ളുന്ന പൊതുജനാഭിപ്രായം ചിലപ്പോൾ ജഡ്യൂഷ്യറിയെപ്പോലും സ്വാധീനിച്ചേക്കാവുന്ന സാധ്യത തള്ളിക്കളയാനാവില്ല.

ഏറെ അധാർമ്മികമായ ഒരു കാര്യം തികച്ചും നിരപരാധികളായുള്ള ആളുകൾ ഇത്തരം ചർച്ചകളിൽക്കൂടി കുറ്റവാളികളായി മുദ്രകുത്തപ്പെടുന്നു എന്നുള്ളതാണ്. അവരുടെ അന്തസിനും മാന്യതയ്ക്കും മനസ്സിനും ഉണ്ടാകാവുന്ന തകർച്ചയും വേദനയും പരിഹരിക്കാൻ മാർഗ്ഗമില്ലാതാകുന്നു. അതിനൊരുദാഹരണം ചവറയിൽ നടന്നതായി മാധ്യമങ്ങൾ 'ആഘോ

ഷിച്ച' സരസൻ സംഭവമാണ്. കുറച്ചുകാലത്തേക്ക് അപ്രത്യക്ഷനായ സരസൻ എന്ന ആളിനെ ബേബിജോൺ കൊലപ്പെടുത്തി എന്നായിരുന്നു ആരോപണം. പത്രങ്ങളിലും പ്രസംഗങ്ങളിലുമെല്ലാം അന്നു നിറഞ്ഞുനിന്നിരുന്നത് സരസൻ സംഭവമായിരുന്നു. ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ച് പല കഥകളും ചമച്ച് പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ഒക്കെ ചെയ്തുകൊണ്ട് ശ്രീ. ബേബി ജോണിനെ സരസന്റെ കൊലപാതകിയായി ചിത്രീകരിച്ചുസ്ഥാപിച്ചപ്പോൾ, പല പത്രങ്ങളും തെളിവുകൾ നിരത്തി വിധി പ്രസ്താവിക്കുകയും ചെയ്തു. അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥർ, സരസൻ കൊലചെയ്യപ്പെട്ടതാണെന്ന വാർത്തകൾ മാധ്യമങ്ങൾക്ക് എത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. അതൊക്കെ ശ്രീ. ബേബിജോണിനും കുടുംബത്തിനും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കുമൊക്കെ ഉണ്ടാക്കിയ മനോവേദന അവർണ്ണനീയമായിരുന്നു. ഇടയ്ക്ക്, കൊല്ലപ്പെട്ടു എന്നുപറഞ്ഞ സരസനെ ഒരാൾ മംഗലാപുരത്തുവച്ചു കണ്ടു. അയാൾ നാട്ടിൽവന്ന് ആ വിവരം പറഞ്ഞപ്പോൾ, അയാൾ ബേബിജോണിന്റെ അടുത്തയാളാണെന്നു പറഞ്ഞ് പോലീസ് ക്രൂരമായി മർദ്ദിച്ചു. ഒടുവിൽ സഹികെട്ട്, സരസനെ താൻ കണ്ടിട്ടില്ല എന്ന് അയാൾക്ക് പറയേണ്ടിവന്നു. അങ്ങനെ പറഞ്ഞതായ വിവരം അന്വേഷണോദ്യോഗസ്ഥർതന്നെ പത്രങ്ങളെ അറിയിക്കുകയും ചെയ്തു.

പിന്നീട് സരസൻ പച്ചജീവനോടെ പ്രത്യക്ഷപ്പെട്ടപ്പോൾ അതുവരെ നടന്ന പ്രചരണങ്ങളും പ്രസ്താവനകളും എത്ര ക്രൂരമായ അസംബന്ധമായിരുന്നു എന്ന് ആരും ചിന്തിച്ചില്ല. ബേബിജോണിനെപ്പോലെ ശക്തനും കരുത്തനുമായ ഒരു രാഷ്ട്രീയനേതാവായതിനാലാണ് പിടിച്ചുനിന്നത്. മറ്റാരെങ്കിലും ആയിരുന്നെങ്കിൽ സമ്പൂർണ്ണമായും തകർന്നുപോകുമായിരുന്നു. ഒരുവൻ കുറ്റവാളിയാണ്, അവനെ നശിപ്പിക്കുക എന്ന് ആൾക്കൂട്ടം വിളിച്ചുപറഞ്ഞാൽ, അതു ശിക്ഷിക്കാനുള്ള കാരണമാകുമെങ്കിൽ നിയമവാഴ്ചയ്ക്കും ജനാധിപത്യത്തിനും അത് വലിയ കളങ്കമായിരിക്കും. (സേവി മനോ മാത്യുവിന്റെയും  കെ.എം. മാണിയുടെയും അങ്ങനെ അറിയപ്പെടാത്ത നിരവധി മാധ്യമ വിചാരണകളുടെയും സ്ഥിതി ഇതുതന്നെ).

അതുപോലെതന്നെ, അഴിമതി പ്രവർത്തനം അവസാനിപ്പിക്കേണ്ടത് ജനാധിപത്യത്തിൽ തീർച്ചയായും ഒരാവശ്യകാര്യമാണ്. പക്ഷേ, ഇന്നിപ്പോൾ നടക്കുന്നത് ഒട്ടും ആരോഗ്യകരമായ സംഗതിയല്ല.

ചുരുക്കത്തിൽ മാധ്യമങ്ങൾ അവരുടെ സ്വാതന്ത്ര്യം, സത്യാന്വേഷണം ഒക്കെ നിലനിർത്തുമ്പോൾ തന്നെ നിയന്ത്രണം പാലിച്ചില്ലെങ്കിൽ വിശ്വസനീയത നഷ്ടപ്പെടും എന്നുള്ള കാര്യം മറക്കരുത്.

കേരള ശബ്ദം 12-7-2015 (അഡ്വ. സിവി. പത്മരാജൻ - 9846003040)

# 25

# ഒരു പത്രവും നോക്കാത്തവനാണ് വിവരമുള്ളവർ

1807 ജൂൺ 11-ന് അമേരിക്കയുടെ പ്രസിഡന്റ് തോമസ് ജഫേഴ്സൺ ജോൺ നോർവെല്ലിന് 'പ്രോസ്റ്റിറ്റ്യൂഷൻ ടു ഫാൾസ്ഹുഡ്' എന്ന തലക്കെട്ടിൽ എഴുതിയ കത്തിൽ ഇങ്ങനെ കുറിച്ചു: "പത്രം വായിക്കുന്നവനെക്കാൾ ഒരിക്കലും ഒരു പത്രവും നോക്കാത്തവനാണ് വിവരമുള്ളവൻ എന്ന് ഞാൻ പറയും. ഒന്നുമറിയാത്ത ഒരുവനാണ് അബദ്ധങ്ങളും തെറ്റുകളുംകൊണ്ട് ഉള്ളംനിറച്ചവനെക്കാൾ സത്യത്തോട് അടുത്തിരിക്കുന്നവൻ എന്നും. ഒന്നും വായിക്കാത്തവൻ ഇനിയും മഹത്തായ യാഥാർത്ഥ്യങ്ങൾ പഠിക്കും."

# 26

## പത്രപ്രവർത്തനം സോപ്പുനിർമ്മാണം

**– അംബേദ്കർ**

ഇന്ത്യയിലേക്ക് വരുമ്പോൾ, ഭരണഘടനാ ശിൽപി ഡോ. ബി.ആർ അംബേദ്കറുടെ വാക്കുകളാണ് ഏറെ ശ്രദ്ധേയം: "പത്രപ്രവർത്തനം ഒരു കാലത്ത് ഇന്ത്യയിൽ ഒരു ജോലിയായായിരുന്നു. ഇപ്പോഴത് വെറും കച്ച വടമായിരിക്കുന്നു. ഒരു സോപ്പ് നിർമ്മാണത്തെക്കാൾ കവിഞ്ഞ ധാർമ്മിക പ്രവർത്തനമൊന്നും ഇന്നതിനില്ല"

1970–ൽ സംഘടിപ്പിച്ച ഒരു സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധ ത്തിൽ പ്രമുഖ പത്രപ്രവർത്തകനായിരുന്ന ചഞ്ചൽ സർക്കാർ പറഞ്ഞതി പ്രകാരം: "കനത്ത അന്ധത, പടർന്നുകയറുന്ന പക്ഷാഘാതം, ചങ്കൂറ്റമി ല്ലായ്മ, ബുദ്ധിശൂന്യമായ നിർവികാരത, വിട്ടുമാറാത്ത ഞരമ്പ് തളർച്ച എന്നീ രോഗങ്ങൾ ബാധിച്ച ഒരവയവത്തെയാണ് നമുക്കു കൈകാര്യം ചെയ്യാനുള്ളത്. നമുക്കീക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയും? ഹൃദയം മുതൽ ആരംഭിക്കുന്ന അവയവമാറ്റത്തിലൂടെയേ നമുക്കെന്തെങ്കിലും ചെയ്യാ നാവൂ എന്ന് ഞാൻ വിചാരിക്കുന്നു."

ജനാധിപത്യവ്യവസ്ഥയുടെ കാവൽനായ്ക്കൾ പദവി അവകാശപ്പെ ടുന്ന ഫോർത്ത് എസ്റ്റേറ്റ് പരോക്ഷമായി ഡെമോക്രസിയുടെ അന്തകരായി പരിണമിക്കുന്ന വൈരുദ്ധ്യത്തിനു സാക്ഷ്യം വഹിക്കേണ്ടിവരുന്നു. പെയ്ഡ് ന്യൂസിനെതിരെ തെരഞ്ഞെടുപ്പു കമ്മീഷൻ നടപടികൾ പ്രഖ്യാപിച്ചിട്ടും പതിനാറാം ലോക്സഭ തെരഞ്ഞെടുപ്പ് പ്രചാരണരംഗത്ത് സഹസ്ര കോടി കളാണ് മാധ്യമലോകം അടിച്ചുമാറ്റിയതെന്നാണ് ഇലക്ഷൻ വാച്ച് പോലുള്ള ഏജൻസികൾ കണ്ടെത്തിയത്. കോർപറേറ്റുകൾ പാർട്ടികൾക്കു നൽകുന്ന കൂറ്റൻ പണസഞ്ചികൾ സാങ്കേതികമായി സ്ഥാനാർത്ഥികളുടെ കണക്കുപുസ്തകത്തിൽ സ്ഥലംപിടിക്കില്ലെന്നത് കൊയ്ത്തുകാലം കെങ്കേ മമാക്കാൻ മാധ്യമങ്ങൾക്ക് അവസരമൊരുക്കുന്നു. എന്നു പറയുന്നത് മാധ്യമം എഡിറ്റർ അബ്ദുറഹ്മാനാണ്.

# 27

## പത്രക്കാരുടെ സ്വയം വെളിപ്പെടുത്തൽ

മാധ്യമ അഭിഭാഷക വിവാദത്തിനിടയിൽ മാധ്യമ പ്രവർത്തകർക്കിട യിൽ കൈമാറ്റം ചെയ്യപ്പെട്ട ഒരു കത്താണ് താഴെ കൊടുത്തിരിക്കുന്നത്.

പ്രിയപ്പെട്ട സുഹൃത്തുക്കളേ,

ഇന്നലെ നമ്മുടെ ജനറൽബോഡി മീറ്റിങ്ങിൽ കെ.യു.ഡബ്ല്യു.ജെ നേതൃത്വത്തിനെതിരെ അതായത് സംസ്ഥാന നേതൃത്വത്തിനെതിരെ വൻ ക്രിറ്റിസിസം ആയിരുന്നുവല്ലോ. ഗോപൻ ചേട്ടൻ രാജിപോലും പ്രഖ്യാപി ച്ചു. സത്യാവസ്ഥ അറിയാൻ മാറിമാറി ജനറൽ സെക്രട്ടറിയെ ഫോണിൽ വിളിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഒരു ക്ലാരിറ്റിക്കുവേണ്ടി നിങ്ങൾക്കും ഷെയർ ചെയ്യുകയാണ്. നാരായണൻ ചേട്ടനെ ജനറൽബോഡിയിൽ പങ്കെ ടുപ്പിക്കേണ്ടതായിരുന്നെന്നും തോന്നുന്നു. നാരായണൻ ചേട്ടൻ പറഞ്ഞ തിന്റെ ചുരുക്കം ഇവിടെ കൊടുക്കുന്നു:

1. മുഖ്യമന്ത്രി വിളിച്ചുചേർത്ത് മീറ്റിങ്ങിലേക്ക് അദ്ദേഹത്തെയോ പ്രസി ഡണ്ടിനെയോ വിളിക്കുകയോ അറിയിക്കുകയോ ചെയ്തിട്ടില്ല. മാധ്യമങ്ങ ളിൽനിന്നാണ് വിവരം അറിഞ്ഞത്. എറണാകുളം പ്രസ് ക്ലബ്ബ് ഭാരവാഹി കളെ ക്ഷണിച്ചു എന്നാണ് പത്രത്തിലുണ്ടായിരുന്നത്. സംസ്ഥാന ജന റൽസെക്രട്ടറിയെയോ പ്രസിഡണ്ടിനെയോ പങ്കെടുപ്പിക്കാൻ ശ്രമം ആരു ടെയും പക്കൽനിന്നും ഉണ്ടായിട്ടില്ല. എങ്കിലും യോഗകാര്യങ്ങൾ പറഞ്ഞി രുന്നത്രേ. മീഡിയ റൂം തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ആവശ്യ പ്പെടാൻ പറഞ്ഞായിരുന്നത്രേ.

2. ഡൽഹിയിൽ നിരന്തരം ബന്ധപ്പെടുകയും അവിടുത്തെ കെ.യു.ഡ ബ്ല്യു.ജെ ഘടകത്തിനെക്കൊണ്ട് ചീഫ് ജസ്റ്റീസിനെ കണ്ട് ഒരു ഡയറക്ഷൻ നേടാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. പക്ഷേ, ഇവിടെ അതു ചാനലുകൾ വാർത്തയാക്കിയപ്പോൾ വൻ മിസ്ടേക്ക് കാണിച്ചു. ചീഫ് ജസ്റ്റീസ് നിർദ്ദേശിച്ചു എന്ന രീതിയിൽ വാർത്ത കൊടുത്തു. ഇതിൽ വിയോ ജിച്ച് സി.ജെ. പത്രക്കുറിപ്പിറക്കാൻപോലും തുനിഞ്ഞിരുന്നത്രേ. എന്തോ

ഭാഗ്യവശാൽ അതുണ്ടായില്ല. പക്ഷേ, ഈ ഇടപെടൽ കാരണം തിരുവനന്തപുരത്തേക്ക് രണ്ട് ജഡ്ജിമാരെ അയയ്ക്കാനുള്ള തീരുമാനം ഉണ്ടായി. ഡൽഹിയിലെ ഇടപെടൽ ആ രീതിയിൽ ഫലപ്രദമായി പ്രശാന്ത് രഘുവംശവും പി.കെ. മണികണ്ഠനും ഇക്കാര്യം അറിയാം.

3. കൊച്ചിയിലെ സംഘർഷസംഭവം അറിയിച്ച ഉടനെ കോഴിക്കോട്ട് പ്രസ്ക്ലബ്ബിൽ ജനറൽ സെക്രട്ടറി പത്രസമ്മേളനം നടത്തി പ്രതിഷേധിച്ചു രംഗത്തുവന്നു. എറണാകുളത്ത് ഭാരവാഹികളുടെ അടിയന്തിരയോഗം ചേരുകയും പത്രസമ്മേളനം നടത്തുകയും ചെയ്തു. സംസ്ഥാന വൈസ്പ്രസിഡന്റ് മറ്റു കാര്യങ്ങൾ ശ്രദ്ധിക്കാൻ ചുമതലപ്പെടുത്തി. അദ്ദേഹം മുൻനിരയിൽതന്നെ ഉണ്ടായിരുന്നു.

4. ഇന്നലെ ജനറൽബോഡിയിൽ സർക്കാരിനെതിരെ പ്രമേയം കൊണ്ടുവരാൻ ശ്രമിച്ചല്ലോ. അതിനും മുമ്പുതന്നെ ജനറൽ സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം തലസ്ഥാനത്തെ മുതിർന്ന മാധ്യമപ്രവർത്തകൻ മുഖ്യമന്ത്രിയുടെ ചേമ്പറിൽ നേരിട്ടു ചെന്ന് എറണാകുളം കോടതിയിൽ കാണിച്ച വിലക്ക് ഉൾപ്പെടെ കാര്യത്തിൽ നമ്മുടെ അതൃപ്തി അറിയിക്കുകയും നടപടി വേണം എന്ന് പറയുകയും ചെയ്തു.

5. ചീഫ് ജസ്റ്റീസിനെ കാണാൻ ശ്രമിച്ചപ്പോൾ അദ്ദേഹം ഇവിടെ ഇല്ല, തിങ്കളാഴ്ചയേ വരൂ, അന്നു കാണുന്നുണ്ട് എന്നാണ് ജില്ലാ ഭാരവാഹികൾ പറഞ്ഞതത്രേ. എ.ജി.യെ നാരായണൻ ചേട്ടൻ ബന്ധപ്പെട്ട് ജുഡീഷ്യൽ അന്വേഷണം സംബന്ധിച്ച് ആശങ്ക അറിയിച്ച് സംസാരിച്ചിരുന്നുവത്രേ.

6. പ്രസ്, ബാർ കൗൺസിൽ പരാതി തയാറാക്കാൻ പ്രസ്ക്ലബ്ബ് പ്രസിഡണ്ട്, സംസ്ഥാന വൈസ്പ്രസിഡണ്ട് എന്നിവർ ചുമതല ഏറ്റിരുന്നു.

7. ജസ്റ്റീസ് കെ.ടി. തോമസിന് പ്രശ്നത്തിൽ ഇടപെടാൻ താൽപര്യം ചോദിച്ച് ബന്ധപ്പെട്ടിട്ടുണ്ട്. എന്നാൽ ഇരുകക്ഷികളും തൽപരരായാലേ ഇടപെടാനാവൂ എന്നതാണത്രേ അദ്ദേഹത്തിന്റെ നിലപാട്.

ചുരുക്കത്തിൽ സംസ്ഥാന നേതൃത്വം ആവശ്യമായ ഇടപെടലുമായി രംഗത്തുതന്നെയുണ്ടായിരുന്നു എന്നാണ് നാരായണൻചേട്ടൻ നൽകിയ വിവരം. പക്ഷേ, വിഷയം വിചാരിക്കുന്നതിനെക്കാളും കത്തുകയും പിടിവിടുകയും ഈഗോ ക്ലാഷ് ഭയങ്കരമായി വരികയും ചെയ്തതിനാലും കോടതിയുടെ കടുത്ത നിലപാടും കാരണം പ്രശ്നം സങ്കീർണമാണ് എന്നും അദ്ദേഹം പറയുന്നു. ഭരണതലത്തിലും അഭിഭാഷകതലത്തിലും നമുക്ക് വളരെയധികം പ്രതികൂലമാണ് ഇക്കാര്യത്തിലുള്ള മനോഭാവം. ധനേഷ് മാഞ്ഞൂരാൻ വിഷയം ഇപ്പോൾ അണിയറയിലേക്ക് പോയില്ലേ.

ഇത്രയും വിവരം നിങ്ങളോട് പറയുന്നതിനു കാരണം ഞങ്ങൾ ക്രിട്ടിക്കലായി സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ പക്ഷം ആരുമറിയാതെ പോകരുത് എന്നുവെച്ചിട്ടാണ്. യോഗത്തിൽ പറയരുതെന്നാണ് എന്റെ പക്ഷം. ഇത് ഞങ്ങൾ ചിലപ്പോൾ എല്ലാവരെയും അറിയിക്കുമെന്ന് നാരായണൻചേട്ടനോട് അറിയിച്ചിട്ടുണ്ട്. ഗുഡ്ബൈ.

# 28

## മാധ്യമ അഭിഭാഷകരുടെ സ്ഥിതി

മാധ്യമങ്ങളിൽ തലകാണിച്ച് പബ്ലിസിറ്റി നേടുന്ന ചില 'അഭിഭാഷക'രുടെ സ്ഥിതി എന്താണെന്നറിയണമെങ്കിൽ അതിനും കലാകൗമുദി വാരികയെത്തന്നെ ആശ്രയിക്കാം. അഡ്വ. ജയശങ്കറിന് തൃപ്പൂണിത്തുറ എം.എൽ.എ എം. സ്വരാജ് അദ്ദേഹം തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സമയത്ത് (10-4-2016) കലാകൗമുദി ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനമിങ്ങനെ:

**ഇനിഷ്യൽ മാറുന്ന അഡ്വ. ജയശങ്കറിന് എം. സ്വരാജിന്റെ മറുപടി**

തൃപ്പൂണിത്തുറയിലെ ഇടതുസ്ഥാനാർത്ഥിയും ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറിയുമായ എം. സ്വരാജിനെ ചാനൽ രാഷ്ട്രീയ നിരീക്ഷകനും സി.പി.ഐ. നേതാവുമായ അഡ്വ. എം. ജയശങ്കർ ജാതിപറഞ്ഞ് പരിഹസിച്ചത് ദുഷ്ടലാക്കോടെയും നിഗൂഢ താൽപര്യങ്ങളെടെയുമാണെന്ന ആരോപണം ശക്തമാകുന്നു. സി.പി.എമ്മിലെ പ്രമുഖ നേതാക്കളെ ജയശങ്കർ നിരന്തരം ചാനലുകളിലൂടെയും മറ്റും അപഹസിക്കുകയും കടന്നാക്രമിക്കുകയും ചെയ്യുന്നത് സി.പി.ഐ പ്രവർത്തകരിൽപ്പോലും അവമതിപ്പും പ്രതിഷേധവും സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സി.പി.ഐ നേതൃത്വം പുലർത്തുന്ന മൗനം തെറ്റിദ്ധരിക്കപ്പെടുമെന്ന് പാർട്ടി അണികൾ കുറ്റപ്പെടുത്തുന്നു. നിർണ്ണായക തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തെ ദുർബലപ്പെടുത്തുന്ന അഡ്വ. ജയശങ്കറിനെപ്പോലുള്ളവരെ സി.പി.ഐ നേതൃത്വം തുറന്നുകാട്ടേണ്ടത് അനിവാര്യമാണെന്ന് ഇവർ അഭിപ്രായപ്പെടുന്നു. അഡ്വ. ജയശങ്കറിന്റെ അഭിപ്രായപ്രകടനങ്ങൾ ഏതെങ്കിലും അജണ്ടയുടെയോ വോട്ടുപിടിത്തത്തിന്റെയോ ഭാഗമായാലും അല്ലെങ്കിലും ഇതിനെതിരെ നിശിത മറുപടിയാണ് എം. സ്വരാജ് നൽകിയത്. ഇക്കാര്യത്തിൽ മാത്രമല്ല ജയശങ്കർ ഏറെക്കാലമായി തനിക്കെതിരെ ഉന്നയിക്കുന്ന മറ്റ് ആരോപണങ്ങൾക്കും എം. സ്വരാജ് എഴുതിയ മറുപടി:

പ്രിയപ്പെട്ട അഡ്വ. എം. ജയശങ്കറിന്

താങ്കൾ ഒരു ഓൺലൈൻ മീഡിയയിലും ഫേസ്ബുക്കിലും എന്നെക്കുറിച്ച് എഴുതിയ കുറിപ്പുകൾ വായിച്ചു. എനിക്കതിലൊന്നും ഒട്ടും അത്ഭുതം തോന്നുന്നില്ല. തീർച്ചയായും താങ്കളിൽനിന്നും പ്രതീക്ഷിക്കാവുന്നതു മാത്രമേ ആ കുറിപ്പുകളിലുള്ളൂ. താങ്കൾ ഒരുപാടു തവണ ആവർത്തിച്ചിട്ടുള്ള കാര്യങ്ങളാണല്ലോ കുറിപ്പുകളിലുള്ളത്. താങ്കളുടമായി അത്തരം കാര്യങ്ങളെക്കുറിച്ച് മുഖാമുഖം ചർച്ചചെയ്യണമെന്നായിരുന്നു എന്റെ ആഗ്രഹം. ഒരിക്കൽ ചാനൽചർച്ചയിൽ അക്കാര്യം ഞാൻ പരസ്യമായി പറയുകയും ഏതുസമയത്തും അത്തരമൊരു ചർച്ചയിൽ പങ്കെടുക്കാനുള്ള എന്റെ സന്നദ്ധത അറിയിക്കുകയും ചെയ്തു. അങ്ങനെ ഒരു ചർച്ച നടത്താമെന്ന് ചാനൽ മേധാവി പിന്നീട് പറഞ്ഞിരുന്നെങ്കിലും എന്തുകൊണ്ടോ താങ്കളുടെ 'സ്വന്തം ചാനൽ' ഒരവസരം ഇതുവരെ ഉണ്ടാക്കിയില്ല.

ഇപ്പോൾ ചില കാര്യങ്ങൾക്കുള്ള പ്രതികരണം ഈ കുറിപ്പിലൂടെ നൽകാമെന്നു കരുതുന്നു. ഭാവിയിലാണെങ്കിലും ഏതു സമയത്തും താങ്കളുമായി സംവാദത്തിന് ഞാൻ തയാറാണെന്നറിയിക്കാനും ഈ അവസരം ഉപയോഗിക്കുന്നു. താങ്കൾ എഴുതിയ കുറിപ്പിൽ എന്നെ വിശേഷിപ്പിച്ചത് 'പിണറായിയുടെ ദാസൻ' എന്നാണ്. ആ കുറിപ്പിൽതന്നെ നിങ്ങൾ പറയുന്നു പാലക്കാട് ജില്ലാ കമ്മിറ്റി നൽകിയ ശുപാർശയിലെ എന്റെ പേര് പിണറായി ചുവന്ന മഷികൊണ്ട് വെട്ടി എന്ന്! ഇതു രണ്ടും നിങ്ങൾ തന്നെ പറയുമ്പോൾ നിങ്ങൾക്കെന്തുപറ്റി എന്ന് സ്വഭാവികമായും ചിന്തിച്ചുപോവില്ലേ? നുണപറയുമ്പോൾ പരസ്പര വിരുദ്ധമാവാതിരിക്കാനെങ്കിലും നോക്കണ്ടേ സർ? അതോ ഇതൊക്കെ എഴുതിപ്പിടിപ്പിക്കുമ്പോൾ ഇങ്ങനെയൊക്കെ അബദ്ധം പറ്റാതെ നോക്കാനുള്ള അവസ്ഥയിലായിരുന്നില്ലേ താങ്കൾ? ഭാവിയിലെങ്കിലും നുണപറയുമ്പോൾ പൂർവ്വാപര ബന്ധം ശ്രദ്ധിക്കുമല്ലോ?

എനിക്ക് നിലമ്പൂരിൽ മത്സരിക്കാനായിരുന്നു ആഗ്രഹമെന്ന് താങ്കൾ എഴുതുന്നു. എന്നെക്കുറിച്ച് എന്തു മനസ്സിലാക്കിയിട്ടാണ് നിങ്ങൾ ഇങ്ങനെയൊക്കെ വച്ചു കാച്ചുന്നത്? രാഷ്ട്രീയപ്രവർത്തനത്തിന്റെ പരമമായ ലക്ഷ്യം തിരഞ്ഞെടുപ്പിൽ മത്സരിക്കലാണെന്ന് കരുതുന്ന ഒരാളല്ല ഞാനെന്ന് താങ്കൾ ദയവായി മനസ്സിലാക്കണം. മത്സരിക്കണമെന്ന് പാർട്ടി തീരുമാനിച്ചാൽ മത്സരിക്കും. അത് പാറശാല ആയാലും മഞ്ചേശ്വരം ആയാലും. അതിനപ്പുറത്ത് തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിത്വം ഞങ്ങളെയാരെയും ആശങ്കപ്പെടുത്താറില്ല. താങ്കളുടെ അടുപ്പക്കാരായ കോൺഗ്രസ്/ആർ.എസ്.എസ് നേതാക്കന്മാരെ അളക്കുന്ന സ്കെയിലുകൊണ്ട് ദയവായി ഞങ്ങളെ അളക്കരുത്. ജനകീയസമരങ്ങളിൽ പങ്കെടുത്തതിന്റെ ഭാഗമായോ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതിന്റെ ഭാഗമായോ ഒരു രോമത്തിന് പോലും ഇതുവരെ പോറലേറ്റിട്ടില്ലാത്ത ജയിലും ലോക്കപ്പും പോലീസ് ഗുണ്ടാ മർദ്ദനവുമൊക്കെ സിനിമയിൽ മാത്രം കണ്ടിട്ടുള്ള താങ്കൾക്ക് ഞങ്ങളെയൊക്കെ മനസ്സിലാവണമെങ്കിൽ കാലമിനിയുമൊരുപാട് കഴിയേണ്ടിവരും.

രാഷ്ട്രീയം നിരീക്ഷിക്കാനുള്ളതാണെന്ന് ധരിച്ചുവശായ താങ്കൾ താങ്കളെ വിശേഷിപ്പിക്കുന്നത് "രാഷ്ട്രീയ നിരീക്ഷകൻ" എന്നാണല്ലോ...! രാഷ്ട്രീയം നിരീക്ഷിക്കാനുള്ള സർ... ഇടപെടാനുള്ളതാണ്. രാഷ്ട്രീയം, പ്രവർത്തിക്കാനുള്ളതാണ്... ഇത് തിരിച്ചറിയാത്ത നിരീക്ഷകദേഹങ്ങളോടാവാം പണ്ട് ലെനിൻ ഇങ്ങനെ പറഞ്ഞത് "ഇഫ് യു ഡോണ്ട് ഇന്റർഫിയർ ഇൻ പൊളിറ്റിക്സ് ദ പൊളിറ്റിക്സ് വിൽ ഇന്റർഫിയർ ഇൻ യുവർ ലൈഫ്." ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ താങ്കളോട് ഇത് ഓർമ്മിപ്പിക്കേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്.

സി.പി.ഐയുടെ 'നേതാവാണ് നിങ്ങൾ എന്നാണല്ലോ നിങ്ങൾ തന്നെ സമ്മതിക്കുന്നത്. അങ്ങനെയുള്ള നിങ്ങൾക്കെങ്ങനെയാണ് ആർ.ആർ.എസിന്റെ ചടങ്ങിൽ പങ്കെടുക്കാൻ കഴിയുന്നത്? അവരുടെ കൊടിയും പിടിച്ച് 'ശോഭായാത്ര'യിൽ പങ്കെടുക്കാനാവുന്നത് ? വെള്ളാപ്പള്ളിയുടെ പാർട്ടിയുടെ ഉപദേശകനാവാൻ കഴിയുന്നത് ? രാവിലെ സി.പി.ഐ നേതാവായും ഉച്ചയ്ക്ക് ആർ.എസ്. എസ്. സ്വയം സേവകനായും വൈകിട്ട് ബി.ഡി.ജെ.എസ്. ഉപദേഷ്ടാവായും രാത്രി സകലരെയും തെറിവിളിക്കുന്ന നിരീക്ഷകനായും പ്രത്യക്ഷപ്പെടുന്ന അങ്ങ് എപ്പോഴെങ്കിലും ഒന്ന് സ്വയം വിലയിരുത്താൻ ശ്രമിക്കുമോ? അതിന് സാധിച്ചാൽ, എത്രമാത്രം അപഹാസ്യനായാണ് താങ്കൾ അസംബന്ധനാടകമാടുന്നതെന്ന് മനസ്സിലാവും. നൈമിഷകമായ ഈ ജീവിതത്തിൽ ഒരിക്കലെങ്കിലും സത്യസന്ധവും ആത്മാർത്ഥവുമായ ഒരു നിലാപടു സ്വീകരിക്കാൻ താങ്കൾക്ക് കഴിഞ്ഞെങ്കിലെന്ന് ആശിച്ചുപോകുന്നു. ഷേക്സ്പിയർ എഴുതിയതുപോലെ അവനവനോടെങ്കിലും സത്യസന്ധത കാണിക്കാൻ കഴിയട്ടെയെന്നാശംസിക്കുന്നു.

മറ്റു പാർട്ടികളുടെ നയവും പരിപാടിയും തീരുമാനങ്ങളും നിങ്ങൾ തീരുമാനിക്കുന്നതുപോലെ വേണമെന്ന് വാശി പിടിക്കുന്നത് എത്രമാത്രം ബാലിശമാണ്. പി.സി. ജോർജിന് പൂഞ്ഞാറിൽ സീറ്റ് കൊടുക്കാത്തതിന് സി.പി.എമ്മിനെതിരെ താങ്കൾ ഉറഞ്ഞുതുള്ളുന്നത് എത്ര പരിഹാസ്യമാണ്. പി.സി. ജോർജിന് ഒരു സീറ്റു നൽകണമെന്ന് താങ്കൾക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ സ്വന്തം പാർട്ടി മത്സരിക്കുന്ന 27 സീറ്റുകളിൽ ഒന്ന് അദ്ദേഹത്തിന് നൽകിയാൽ പോരേ? എന്താണ് താങ്കൾ ചെയ്യാത്തത്? ദയവായി ഇനിയെങ്കിലും നിങ്ങളുടെ പാർട്ടിയുടെ ഒരു സീറ്റ് അദ്ദേഹത്തിന് അനുവദിച്ച് നിങ്ങളുടെ വാദത്തിന്റെ ആത്മാർത്ഥത തെളിയിക്കണം. പ്ലീസ്...

ഞാൻ സഖാവ് വി.എസിനെ നിശിതമായി വിമർശിക്കുന്ന ആളാണെന്നും അദ്ദേഹത്തെ വഞ്ചകനെന്ന് വിളിച്ചുവെന്നും "കാപ്പിറ്റൽ പണിഷ്മെന്റ്" വിധിച്ചു എന്നുമൊക്കെ നിങ്ങൾ അടിച്ചുവിടുന്നുണ്ട്. ഈ പറയുന്നതൊക്കെ നിങ്ങൾ കേട്ടുവോ? ഞാൻ അങ്ങനെ പറയുന്നതിന്റെ ഓഡിയോ/വീഡിയോ ക്ലിപ്പുകൾ എങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ ദയവായി എന്നെക്കൂടി ഒന്നു കേൾപ്പിക്കുമോ? സഖാക്കൾ കാരാട്ടും യെച്ചൂരിയും വി.എസും പിണറായിയും ഉൾപ്പെടെയുള്ള എല്ലാ

മുതിർന്ന നേതാക്കന്മാരും എനിക്ക് ബഹുമാന്യരും പ്രിയങ്കരരുമാണ്. സംഘടനാവിഷയങ്ങളിൽ ഓരോരുത്തർക്കും സ്വതന്ത്രമായ അഭിപ്രായ ങ്ങളുണ്ടാവും. വിമർശനങ്ങളും സ്വയം വിമർശനങ്ങളുമുണ്ടാവും. ഞങ്ങൾ സമ്മേളനം നടത്തുന്നത് ബിരിയാണി തിന്നു പിരിയാനല്ല. ചർച്ചകളിലൂടെ തീരുമാനങ്ങളെടുക്കാനാണ്. അത്തരം ചർച്ചകൾ അന്തസായി മാത്രമേ ഞങ്ങൾ നടത്താറുള്ളൂ. താങ്കൾ ആവർത്തിക്കുന്ന "കാപ്പിറ്റൽ പണി ഷ്മെന്റ്" തീർത്തും വളച്ചൊടിക്കപ്പെട്ട ഒരു ഗോസിപ്പ് വാർത്തയാണ്. ആരെ ങ്കിലും പറയുന്ന പരദൂഷണങ്ങളിൽ അഭിരമിച്ചുകൊണ്ട് 'ഉപ്പുമാങ്ങ' എന്നു പറയുന്നതിനെ 'അപ്പുനായർ' എന്ന് കേൾക്കാനുള്ള നിങ്ങളുടെ സ്വാത ന്ത്ര്യത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അവനവന് ബോധ്യമില്ലാത്ത കാര്യ ങ്ങൾ പറയാതിരിക്കുകയെന്ന സാമാന്യമര്യാദ താങ്കൾക്കു ബാധകമല്ലല്ലോ.

എനിക്ക് സഖാവ് വി.എസിനോടും തിരിച്ചും എന്തോ വലിയ ശത്രു തയുണ്ടെന്ന മട്ടിലാണ് താങ്കൾ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ യുവജന വഞ്ചനയ്ക്കെതിരെ സെക്രട്ടറിയേറ്റിനു മുന്നിൽ ഞങ്ങൾ അനിശ്ചിതകാല നിരാഹാരസമരം പ്രഖ്യാപിച്ചപ്പോൾ എന്റെ കഴു ത്തിൽ രക്തഹാരമണിയിച്ച് എന്നെ സമരപ്പന്തലിൽ ഇരുത്തിയത് സഖാവ് വി.എസ് ആയിരുന്നുവെന്ന് താങ്കൾക്കറിയാമോ? ഇക്കഴിഞ്ഞ നവംബറിൽ ഡി.വൈ.എഫ്.ഐ സെക്കുലർ മാർച്ച് സംഘടിപ്പിച്ചപ്പോൾ ഞാൻ ക്യാപ്റ്റ നായ മാർച്ച് ഉദ്ഘാടനം ചെയ്യാൻ തിരുവനന്തപുരത്തുനിന്നും കാസർകോട് വരെ യാത്ര ചെയ്ത് വന്നയാളാണ് സഖാവ് വി.എസ് എന്ന് താങ്കൾക്കറിയാമോ? മാർച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് ശുഭ്രപതാക എന്റെ കയ്യിലേല്പ്പിച്ച് ഞങ്ങളെ യാത്രയാക്കിയത് വി.എസാണെന്ന് താങ്കൾക്കറിയാമോ? ചരിത്രത്തിലാദ്യമായി എസ്.എഫ്.ഐയുടെ സംസ്ഥാന സമ്മേളനം മലപ്പുറം ജില്ലയിൽവച്ച് നടന്നത് ഞാൻ സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴാണ്. എന്റെ നാട്ടിൽവച്ച് ആദ്യമായി നടന്ന എസ്.എഫ്.ഐ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യാൻ ഞാൻ ക്ഷണിച്ചുകൊണ്ടുവന്നത് സഖാവ് വി.എസിനെ ആയിരുന്നുവെന്ന് താങ്കൾക്കറിയുമോ? വ്യക്തിപരതയുടെ ഇത്തിരി വട്ടങ്ങൾക്കകത്ത് നിന്ന് പുറത്തു കടക്കാനാവാതെ പരദൂഷണങ്ങൾ എഴുതുമ്പോൾ ഇക്കാര്യങ്ങൾ കൂടി ഓർത്താൽ നന്നായിരുന്നു.

ഞാൻ മാധ്യമപ്രവർത്തകരെ 'പിതൃശൂന്യർ' എന്നു വിളിച്ചുവെന്ന പച്ച ക്കള്ളം നിങ്ങൾ ആവർത്തിക്കുന്നു. പത്തു വർഷം മുമ്പുള്ള പ്രസ്തുത പ്രസംഗത്തിന്റെ വീഡിയോ ടേപ്പ് മാധ്യമങ്ങളുടെ കയ്യിൽ ഇപ്പോഴുമുണ്ടാ വണം. ഏതായാലും ഞാനത് സൂക്ഷിച്ചുവച്ചിട്ടുണ്ട്. ഉറവിടമില്ലാത്ത വാർത്ത കളെയാണ് ഞാൻ 'പിതൃശൂന്യവാർത്തകൾ' എന്ന് വിമർശിച്ചത്. അതിൽ എവിടെയാണ് താങ്കൾ പറഞ്ഞ അർത്ഥമുള്ളത്? 'വാർത്ത' എന്നു പറ ഞ്ഞാൽ പത്രപ്രവർത്തകൻ എന്നാണോ അർത്ഥം? താങ്കളെ ആരാണ് മല യാളം പഠിപ്പിച്ചത്? എന്റെ പ്രയോഗത്തിൽ യാതൊരു അപാകതയുമി ല്ലെന്നും മറിച്ച് അഭിനന്ദനാർഹമാണെന്നും ഭാഷാപണ്ഡിതൻ ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ അന്ന് മനോരമയിൽ എഴുതിയത്

ഞാനോർക്കുന്നു. താങ്കൾ ആരോപിക്കുന്നതുപോലെ ഞാൻ പറഞ്ഞുവെന്ന് തെളിയിച്ചാൽ ഞാൻ രാഷ്ട്രീയപ്രവർത്തനം ഉപേക്ഷിക്കാം. മറിച്ചാണെന്ന് ഞാൻ തെളിയിച്ചാൽ താങ്കൾ എന്തുചെയ്യും?

ഇതൊക്കെ അറിയാതെ താങ്കൾ പറയുന്നതാണെന്നു ഞാൻ കരുതുന്നില്ല. താങ്കൾ ബോധപൂർവ്വം നുണ പ്രചരിപ്പിക്കുന്നതാണെന്ന് ബലമായും ന്യായമായും ഞാൻ സംശയിക്കുന്നു. നുണ പറയാൻ ഒരു മടിയുമില്ലാത്ത മനുഷ്യനാണ് താങ്കൾ. 2009-ലെ ലോക്സഭാ തിരഞ്ഞെടുപ്പുകാലത്ത് കോഴിക്കോട്ടെ എൽ.ഡി.എഫ് സ്ഥാനാർത്ഥി പി.എ. മുഹമ്മദ് റിയാസിനെക്കുറിച്ച് എന്തൊക്കെ നുണകളാണ് നിങ്ങൾ പറഞ്ഞത്. ഫാരിസ് അബൂബക്കറിന്റെ ബന്ധുവാണ് റിയാസെന്ന് നിങ്ങൾ ചാനലിൽ ഇരുന്ന് പറയുമ്പോൾ റിയാസ്, ഫാരിസ് അബൂബക്കർ എന്ന മനുഷ്യനെ കണ്ടിട്ടുപോലുമുണ്ടായിരുന്നില്ല. ജീവിതത്തിൽ ഒരിക്കൽപോലും കാണുകയോ മിണ്ടുകയോ ചെയ്യാത്തവരെക്കുറിച്ച് ഇങ്ങനെയൊക്കെ പറയാൻ മടിയില്ലാത്ത നിങ്ങൾക്ക് അതിനൊക്കെ മോശമല്ലാത്ത പ്രതിഫലം കിട്ടിയിട്ടുണ്ടാവുമെന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവുമോ? 'സത്യത്തിന് അപാരമായകരുത്തുണ്ടെന്ന്' പണ്ടൊരിക്കൽ ക്ലാസെടുക്കുന്നതിനിടയിൽ പറഞ്ഞ എന്റെ മലയാളം അദ്ധ്യാപകൻ പ്രൊഫ. സാബു ജേക്കബ് സാറിനെ ഞാൻ ആദരപൂർവം ഓർക്കുന്നു. ഇങ്ങനെയൊക്കെ പറഞ്ഞുതരാൻ പറ്റിയ അധ്യാപകൻ താങ്കളുടെ കലാലയത്തിൽ ഇല്ലാതെപോയത് അത്രമേൽ നിർഭാഗ്യകരമെന്നല്ലാതെന്തു പറയാൻ.

എന്നെ നിങ്ങൾ എപ്പോഴും വിശേഷിപ്പിക്കാറ് സ്വരാജ് നായർ എന്നാണ്. മറ്റു പലരേയും നിങ്ങൾ വംശീയവും ജാതീയവുമായി ആക്ഷേപിക്കുന്നത് കേട്ടിട്ടുണ്ട്. എന്റെ കാര്യം ഞാൻ പറയാം. എന്റെ രക്ഷിതാക്കൾ എനിക്കിട്ട പേര് സ്വരാജ് മുരളീധരൻ നായർ എന്നാണ്. മുരളീധരൻ നായർ എന്റെ അച്ഛനാണ്. കുട്ടികളുടെ പേരിനൊപ്പം അച്ഛന്റെ പേരുകൂടി ചേർക്കുന്ന രീതിയാണ് ഞങ്ങളുടെ കുടുംബത്തിലുണ്ടായിരുന്നത്, അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. എന്റെ ജനനത്തിലോ എനിക്കു പേരിട്ടതിലോ എനിക്കൊരു പങ്കുമില്ലെന്ന് ദയവായി അങ്ങ് വിശ്വസിക്കണം. കുറച്ചു മുതിർന്നപ്പോൾ എന്റെ എഴുത്തുകുത്തുകളിലെല്ലാം ഞാൻ എം. സ്വരാജ് എന്നാണ് ഉപയോഗിക്കുന്നത്. എം. സ്വരാജിന്റെ പൂർണരൂപവും മുരളീധരൻനായർ സ്വരാജ് എന്നാണ്. എന്റെ പേരിലെ ഇനിഷ്യൽ എന്റെ പിതാവിന്റെ പേരിനെയാണ് സൂചിപ്പിക്കുന്നത്. താങ്കൾ മുമ്പ് ലേഖനമെഴുതിയിരുന്നത് ഒരു സ്ത്രീയുടെ പേരിലായിരുന്നല്ലോ. അതിനുള്ള നിങ്ങളുടെ സ്വാതന്ത്ര്യത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ, അന്ന് നിങ്ങളുടെ ഇനിഷ്യൽ "കെ" എന്നായിരുന്നു. ഇപ്പോൾ അത് "എം" എന്നാണ് കാണുന്നത്. എന്റെ പേരിന്റെ ഇനിഷ്യൽ അങ്ങനെ ഇടയ്ക്കിടയ്ക്ക് ഞാൻ മാറ്റാറില്ല. താങ്കൾ ഇടയ്ക്കിടയ്ക്ക് മാറ്റുന്നതിനോട് എനിക്ക് എതിർപ്പുമില്ല. സാന്ദർഭികമായി പറഞ്ഞുവെന്ന് മാത്രം.

ഇഷ്ടമില്ലാത്തവരെ ജാതീയമായി ആക്ഷേപിക്കുന്നതും തെറി പറയുന്നതും താങ്കളുടെ പതിവാണ്. സി.പി.ഐ.എമ്മിന്റെയും കോൺഗ്രസി

ന്റെയും മുതിർന്ന നേതാക്കന്മാരെ താങ്കൾ പുഴുത്ത പട്ടി എന്ന് ആക്ഷേപിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു സാംസ്കാരികനായകനെ ഒരിക്കൽ നിങ്ങൾ "മൈഗുണാഞ്ചൻ" എന്ന് വിളിച്ചത് ഞാനോർക്കുന്നു. എന്നെ നിങ്ങൾ കുരങ്ങൻ എന്ന് വിളിച്ചാക്ഷേപിച്ചു. താങ്കൾ കാണുകയോ കേൾക്കുകയോ പോലും ചെയ്യാത്ത എന്റെ പിതാവിനെയും നിങ്ങൾ പുലഭ്യം പറഞ്ഞു. ഇഷ്ടമില്ലാത്തവരെ തെറി വിളിക്കുന്നതും തന്തയ്ക്ക് വിളിക്കുന്നതുമൊക്കെ അഭിമാനമായാണോ നിങ്ങൾ കാണുന്നത്?

ഇങ്ങനെയൊക്കെയാണ് വിമർശനങ്ങൾ ഉയർത്തേണ്ടത് എന്നുതന്നെയാണോ ധരിച്ചുവച്ചിരിക്കുന്നത്? എപ്പോഴെങ്കിലും നിങ്ങൾ ആലോചിച്ചിട്ടുണ്ടോ ഞാനെന്തുകൊണ്ടാണ് തിരിച്ച് താങ്കളെ ഏതെങ്കിലും മൃഗത്തിന്റെ പേര് വിളിക്കാത്തത് എന്ന്. അല്ലെങ്കിൽ താങ്കളുടെ പിതാവിനെ ഞാൻ ആക്ഷേപിക്കാത്തത് എന്ന്? ഇതൊക്കെ ആർക്കും എളുപ്പത്തിൽ ചെയ്യാവുന്നതല്ലേയുള്ളൂ?!... ഇല്ല സർ... നിങ്ങളിനിയും എന്നെ ആയിരം തവണ ഇങ്ങനയൊക്കെ ആക്ഷേപിച്ചാലും അതേ നാണയത്തിൽ ഞാൻ തിരിച്ചടിക്കില്ല. പൂളപ്പാടം ഗവ. എൽ.പി.സ്കൂളിലെ എം.കെ. ദിവാകരൻമാസ്റ്ററുടെ പഴയ ശിഷ്യന് നിങ്ങളുടെ ഭാഷയിൽ മറുപടി പറയാൻ കഴിയില്ല. ആരോടും അന്തസായി മറുപടി പറയാൻ എന്നെ പഠിപ്പിച്ച മഹാന്മാരായ അധ്യാപകർ നിങ്ങൾ പഠിച്ച സ്കൂളിൽ ഇല്ലാതെ പോയതോർത്ത് ഞാൻ ദുഃഖിക്കുന്നു. മാത്രവുമല്ല ഏതെങ്കിലും ഒരു മൃഗത്തിന്റെ പേരുകൊണ്ട് ഞാൻ നിങ്ങളെ അഭിസംബോധന ചെയ്താൽ ആ മൃഗത്തോട് ഞാൻ ചെയ്യുന്ന കടുത്ത അനീതിയാവും അത്. പാവം മിണ്ടാപ്രാണികൾ എന്തു പിഴച്ചു. അവരെ നാം അപമാനിക്കരുതല്ലോ?

ഞാൻ വി.എസിന്റെ ചിത്രം വച്ച് ഫ്ളക്സ് അടിക്കുമോ അതോ പിണറായിയുടെ പടം വയ്ക്കുമോ എന്നാണ് നിങ്ങൾ ചോദിക്കുന്നത്. അക്കാര്യത്തിൽ വല്ലാതെ ആശങ്കപ്പെടേണ്ട. കേരളത്തിൽ എവിടെയും ഇടതുമുന്നണിയുടെ സ്ഥാനാർത്ഥികളല്ല ഫ്ളക്സും പോസ്റ്ററും പ്രിന്റ് ചെയ്യുന്നത്. അതത് ഇലക്ഷൻ കമ്മിറ്റികളാണ് അതൊക്കെ ചെയ്യുന്നത്. ഞാൻ മത്സരിക്കുന്ന മണ്ഡലംകമ്മിറ്റി അക്കാര്യം ചെയ്തുകൊള്ളും. നിങ്ങൾക്കത്ര ഉത്കണ്ഠയുണ്ടെങ്കിൽ പ്രസ്തുത മണ്ഡലം കമ്മിറ്റി ഭാരവാഹികളോട് ചോദിക്കുക അവർ പറഞ്ഞുതരും. ആരുടെ പടം വച്ചാലും അത് നിങ്ങളുടേതാവില്ല എന്നുറപ്പാണ്. ഇടതുമുന്നണി നേതാക്കന്മാരുടെ പടം വയ്ക്കാൻ താങ്കളുടെ അനുവാദമൊന്നും വേണ്ടല്ലോ. പിന്നെ സഖാവ് വി.എസിനെക്കുറിച്ച് നിങ്ങൾ വല്ലാതെ ആശങ്കപ്പെടേണ്ട. ഞങ്ങളുടെ പാർട്ടി നേതാക്കന്മാരുടെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങളുടെ സേവനം ഇവിടെ ആവശ്യമില്ല. വെള്ളാപ്പള്ളി നടേശന്റെ പാർട്ടിക്ക് നിങ്ങൾ ഉപദേശം നൽകാൻ പോയിരുന്നല്ലോ. തൽക്കാലം അത്തരം സേവനങ്ങൾ അവിടെ മതി. ഇവിടെ വേണ്ട.

ഞാൻ മത്സരിക്കുന്ന പക്ഷം തോൽക്കുമെന്ന് താങ്കൾ ആവർത്തിച്ചു പറയുന്നുണ്ട്. അതൊക്കെ ജനങ്ങൾ തീരുമാനിക്കേണ്ടതല്ലേ സർ... താങ്കൾ തന്നെ എല്ലാം തീരുമാനിച്ചാൽ പിന്നെ തിരഞ്ഞെടുപ്പിന് എന്ത് പ്രസക്തി?

കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ എം.ബി. രാജേഷ്, പി.കെ. ബിജു, ഇന്നസെന്റ് തുടങ്ങിയവരൊക്കെ തോൽക്കുമെന്ന് പറഞ്ഞ മഹാപ്രവാചകനല്ലേ അങ്ങ്? റിസൽട്ട് വന്നപ്പോൾ അവരെല്ലാം വൻ വിജയം നേടി. ഒരു സങ്കോചവുമില്ലാതെ താങ്കളപ്പോൾ അശ്ലീലചിരിയുമായി മറ്റാരെയൊക്കെയോ ആക്ഷേപിക്കുകയായിരുന്നു. ഞാൻ തൃപ്പൂണിത്തുറയിൽ മത്സരിച്ചാൽ വി.എസ് അനുകൂലികൾ എന്നെ തോൽപ്പിക്കുമെന്നാണ് താങ്കളുടെ വാദം... യഥാർത്ഥത്തിൽ നിങ്ങളിവിടെ വി.എസിനെയാണ് അപമാനിക്കുന്നത്. സഖാവ് വി.എസിനെ ആരാധിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവർ കോഴവീരനായ മന്ത്രിക്ക് വോട്ടു ചെയ്യുമെന്ന കണ്ടുപിടുത്തം അപാരംതന്നെ. സഖാവ് വി.എസ് നേതൃത്വം നൽകിയ അഴിമതി വിരുദ്ധ സമരത്തിന്റെ കുന്തമുനകൾ ഏതൊക്കെ മന്ത്രിമാരുടെ നേരെയായിരുന്നുവെന്ന് നിരീക്ഷകർ മറന്നാലും ജനം മറക്കില്ല. കോഴമന്ത്രിക്കുവേണ്ടി താങ്കൾ വാദിച്ചോളൂ പക്ഷേ, അത് സഖാവ് വി.എസിന്റെ ചെലവിൽ വേണ്ട. ആരുടെയെങ്കിലും കോഴപ്പണത്തന്റെ വിഹിതം അച്ചാരമായി പറ്റയിട്ടുണ്ടെങ്കിൽ (അങ്ങനെയൊന്നും താങ്കൾ ചെയ്തിട്ടുണ്ടാവില്ലെന്നുതന്നെയാണ് എന്റെ വിശ്വാസം) അത്തരക്കാർക്കുവേണ്ടി ഘോരവാദങ്ങൾ തുർന്നോളൂ. അതിന് സഖാവ് വി.എസിന്റെ പേര് ഉപയോഗിക്കണ്ട കാര്യമില്ല.

മറ്റുള്ളവരെയൊക്കെ തെറി വിളിക്കുകയും യു.പി സ്കൂൾ കുട്ടികളെപ്പോലെ പട്ടി, കുരങ്ങ് എന്നൊക്കെ വിളിച്ചുകൂവുകയും ചെയ്യുന്ന താങ്കളുടെ സ്ഥിതിയിൽ എനിക്കാശങ്കയുണ്ട്. ഇങ്ങനെയൊക്കെ പറയുമ്പോൾ നിങ്ങൾക്ക് മാനസികമായി സുഖം തോന്നാറുണ്ടോ? ഉണ്ടെങ്കിൽ അത് ഗൗരവമായി കാണണം. ഞാൻ നിങ്ങളെ കളിയാക്കുന്നതല്ല. എന്റെ സബ്സിഡിയറി സബ്ജക്റ്റ് സൈക്കോളജി ആയിരുന്നുവെന്ന് ഓർമ്മിപ്പിക്കുകമാത്രം ചെയ്യട്ടെ. നല്ല ഉദ്ദേശത്തോടെ പറഞ്ഞാലും താങ്കൾക്കത് ഇഷ്ടമാവില്ലെന്ന് എനിക്കറിയാം. താങ്കളോട് സ്നേഹവും കരുതലുമുള്ള, താങ്കൾക്ക് വിശ്വാസമുള്ള ആരെങ്കിലും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുമെന്ന് ഞാൻ ആശിക്കുന്നു.

ഇനിയും കൂടുതൽ നീട്ടുന്നില്ല. ഈ കുറിപ്പ് ഇപ്പോൾതന്നെ കുറേ നീണ്ടു. ഇതു മുഴുവൻ വായിക്കാൻ അങ്ങേയ്ക്ക് ക്ഷമയുണ്ടാവുമോ എന്നറിയില്ല. ഇനിയുമൊരുപാട് പറയാനുണ്ട്. രസകരമായ കുറെ കാര്യങ്ങൾ മനസ്സിലുണ്ട്. ഇലക്ഷൻ തിരക്കുകൾ കഴിയട്ടെ... താങ്കൾക്കു സുഖമാണെന്ന് കരുതുന്നു. ഈ ഭൂമിയിലെ എല്ലാ നന്മകളെയും പ്രതിഫലിപ്പിക്കാൻ കഴിയുന്ന മനുഷ്യനായിത്തീരാൻ ആശംസിച്ചുകൊണ്ട്... ഒരുപാട് സ്നേഹത്തോടെ....

**എം. സ്വരാജ്**

(ജയശങ്കർ അർഹിക്കുന്നത് സ്വരാജ് കൊടുത്തു. ഇനി കിട്ടേണ്ടത് ജനങ്ങളും കക്ഷികളും മാധ്യമങ്ങളും തിരസ്ക്കരിച്ച സെബാസ്റ്റ്യൻ പോൾ, സണ്ണിക്കുട്ടി എബ്രാഹം, ജേക്കബ് ജോർജ്ജ് തുടങ്ങിയവരൊക്കെയാണ്. ഇവരുടെ ചാനൽ ചർച്ചകളും സംവാദങ്ങളും പെയ്ഡ് ആണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ജനങ്ങൾ എന്നേ അവരെ തിരസ്ക്കരിച്ചുകഴിഞ്ഞു.)

# 29

# പ്രസ് കൗൺസിലും കൈവിട്ടു

भारतीय प्रेस परिषद

**Press Council of India**

सूचना भवन, 8, सी.जी.ओ. कॉम्प्लेक्स, लोधी रोड, नई दिल्ली – 110 003

Soochna Bhawan, 8-CGO Complex,Lodhi Road, New Delhi – 110 003

☎ 24366745-749 Ext. 315, Fax 24368723/726

Email : pcibppcomplaint@gmail.com Website : www.presscouncil.nic.in

File No.14/486-488/14-15/PCI

Dated: 1/9/2014

Managing trustee,
Centre for Consumer Education Pala,
Kottayam District

Reference: Reference your letter dated 11/8/2014

Sir,

Please refer to your above quoted communication and kindly note that the Press Council of India deals with cases of breach of the recognized ethical canons of journalistic propriety and has power to warn, admonish or censure Under Section 14(1) of the Press Council Act, 1978 which reads as follows:

Powers to Censure

14(1) *"Where, on receipt of a complaint made to it or otherwise the Council has reason to believe that a newspaper or news agency has offended against the standards of journalistic ethics or public taste or that an editor or working journalist has committed any professional misconduct, the Council may, after giving the newspaper, or news agency, the editor or journalist concerned an opportunity of being heard, hold an inquiry in such manner as may be provided by regulations made under this Act and, if it satisfied that it is necessary so to do, it may, for reasons to be recorded in writing, warn, admonish or censure the newspaper, the news agency, the editor or the journalist or disapprove the conduct of the editor or the journalist, as the case may be:*

*Provided that the Council may not take cognizance of a complaint if in the opinion of the Chairman, there is no sufficient ground for holding an inquiry".*

- It is further to inform you that Press Council of India has jurisdiction only over Print Media such as newspapers/periodicals registered with Registrar of Newspapers for India and news-agencies such as UNI and PTI.

- The Press Council Act also debars the Council from holding inquiry into any matter pending in the Court of Law as per Section 14 (3) or to look into cases pertaining to Industrial Disputes Act, 1947. It has no jurisdiction over Electronic Media/Social Media.

- For more information, you may visit our website www.presscouncil.nic.in for Press Council Act, 1978, Rules & Regulations and Norms of Journalistic Conduct, edition 2010.

On receipt of a complaint Under Section 14(1) of the Press Council Act, 1978 in conformity with the Press Council Procedure for Inquiry Regulations, 1979 (Details of Regulation 3 given overleaf), the same shall be examined and processed accordingly.

Yours faithfully,

(K.N. Pokhriyal)
Section Officer (C-II)

# 30

# കോടതി റിപ്പോർട്ടിംഗ് :
# സുപ്രീം കോടതി നിബന്ധനകൾ

**SUPREME COURT OF INDIA**

F.No.EB/1-8/SC/2015

Dated: 07.09.2015

**CIRCULAR**

The norms for accreditation of the Legal Correspondents in the Supreme Court of India have been modified/revised in terms of the Minutes of the Meeting dated 30-07-2015 of the Hon'ble Accreditation Committee which were approved on 19-08-2015

The accreditation application of any intending applicant/ working journalist/correspondent will be henceforth considered by the Hon'blr Accreditation Committee in terms of the said modified/revised norms, which inter alia also lays down the conditions to be observed by a working journalist/ correspondent after his accreditation.

Copy of the modified/revised norms, as approved on 19-08-2015, can be either downloaded from www.supremecourtofindia.nic.in, the official website of the Supreme Court of India under the heading 'Notices & Circulars' or can be requisitioned from the Registrar (editorial), Supreme Court of India, be tendering appropriate written request

(sd)

(Rachna Guptha), Registrar (Editorial) Copy to: 1.All the accredited Correspondents, 2. All Concerned

**NORMS FOR ACCREDITATION OF THE LEGAL CORRESPONDENTS IN THE SUPREME COURT OF INDIA**

(As amended vide Minutes of the Meeting of the Hon'ble Accreditation Committee dated 30.07.15)

## REGULAR ACCREDITATION:

Any working journalist/correspondent who desires to regularly report the Supreme Court proceedings may be eligible to be considered for regular accreditation by the Hon'ble Supreme Court of India on his fulfilling the following conditions:-

1.He must have a Law degree recognized by the Bar Council of India under the Advocates Act

2. He should ordinarily have five years' continuous regular Court reporting experience in a daily newspaper and/or a national or international news agency, immediately prior to the application for accreditation , of which at least three and a half yeara must be at Supreme Court or at any High Court(s) in India OR He should ordinarily have five years' continuous regular court reporting experience for an Electronic Media Organization, immediately prior to the application for accreditation , of which at least two years must be in Supreme Court or at any High Court(s) in India

3.He has regularly reported the proceedings of the Supreme Court for at least six months for a daily newspaper/news agency or for an electronic media organization, on temporary accreditation granted to him and continues to represent a daily newspaper of not less 40,000 circulation certified by the Registrar of Newspapers, the Audit Bureau of Circulation (ABC) or the Director of State Information Bureau or a national or international news agency or an electronic media organization .

3(A). The applications for regular accreditation shall be placed before the Accreditation Committee of Hon'ble Judges as constituted by the Hon'ble the Chief Justice of India. The Hon'ble Chief Justice of India, for special reasons, may refer to the Hon'ble Supreme Court Accreditation Committee the case of any deserving candidate for consideration of according accreditation in relaxation of the rules and guidelines and on such reference the Accreditation Committee may advise the Hon'ble Chief Justice of India suitably

4.On being granted regular /temporary accreditation on the prescribed application, the legal correspondent so accredited will be issued a identity card/proximity card.

5. In case, an accredited legal correspondent, regular or temporary, is transferred or otherwise ceases to represent the newspaper, news agency

or electronic media organization for which he was granted accreditation, he shall, within two weeks of such transfer or cessation, return the identity card/proximity card issued to him by the Supreme Court Registry to the Registrar (Editorial)

**6. TEMORARY ACCREDITATION:**

An applicant for temporary accreditation will be eligible for consideration on his fulfilling the following conditions:

a) He is working journalist desiring to report regularly the Supreme Court proceedings and furnishes a letter from his newspaper, news agency or other media organization concerned to that effect

b) He posses a Law degree recognized by the Bar Council of India under the Advocates Act.

c) The application must be accompanied by an attested copy of the Law degree.

d) He should ordinarily have three and a half years' continuous regular Court reporting experience in a daily newspaper and/or a national or international news agency, immediately prior to the application for accreditation, of which at least 2 years must be at any High Court(s) in India. Any period or periods of temporary reporting facility earlier accorded by the Hon'ble Supreme Court of India to the applicant correspondent shall also be included in this period of 2 years, subject to the applicant correspondent furnishing necessary proof in support of his claim of having been accorded such temporary reporting facility OR He should ordinarily have three and a half years' continuous regular court reporting experience for an Electronic Media Organization , immediately prior to the application for accreditation, of which at least one and a half years must be at any High Court(s) in India. Any period or periods of temporary reporting facility earlier accorded by the Hon'ble Supreme Court of India to the applicant correspondent shall also be included in this period of one and a half years, subject to the applicant correspondent furnishing necessary proof in support of his claim of having been accorded such temporary reporting facility.

e) The application must be supported by clippings showing the Court reportage for the requisite number of years and a letter from the Chief Editor certifying the above-mentioned experience of reportage. Clipping will however not be required, if experience of Court reporting for a news paper is not claimed

7. ……………………..1 (Omitted by amendment made vide Minutes of the Meeting of Hon'ble Accreditation Committee dated 30.07.2015)

**7(A). CONDITIONS TO BE OBSERVED BY A WORKING JOURNALIST/CORRESPONDENT AFTER HIS ACCREDITATION:**

1. An accredited correspondent, regular or temporary shall while in Court precincts be in a formal dress, in a manner befitting the décor of the Court and displaying prominently his accreditation card.
2. At all times an Accredited Correspondent, regular or temporary shall maintain decorum in Court and refrain from doing such things as may disturb the proceedings of the Coiurt and shall confine to the area prescribed.
3. An Accredited Correspondent, regular or temporary, shall make a serious endeavour of reporting a faithful account without any distortions and embellishments.

**8. TEMPORARY REPORTING FACILITY :**

The Registrar in his discretion may grant temporary reporting facility to a working journalist for a day/short duration or for a specific case on his fulfilling the following criteria:

He must submit a formal letter from the Editor making a specific request along with his PIB Accreditation Card or Parliament Pass for correspondents, for being considered for the grant of such temporary reporting facility.

9. That whenever a press representative who has been accorded accreditation leaves the Press/Agency/Organization which he is representing and joins another Press/Agency/Organization, he must not be extended the privileges of an accredited press representative unless he seeks fresh accreditation by making appropriate application in accordance with the norms, to the Registrar (Editorial) who shall place the same before the Accreditation Committee of Hon'ble Judges as constituted by Hon'ble the Chief Justice of India.

10. Grant of accreditation will be in sole discretion of the Accreditation Committee of Hon'ble Judges as constituted by Hon'ble the Chief Justice of India and its' decision in this regard shall be final and binding on all.

11. The accreditation, whether regular or temporary, can be withdrawn , at any time, without assigning any reason.

# FREEDOM OF THE PRESS

(Extracted from "THE CHANGING LAW" by SIR ALFRED DENNING (May 1953)

It is of course possible for this freedom to be abused. Anxieties were recently aroused lest the press should become the monopoly of a few private owners who distorted the news and gave a false picture so as to serve their own ends;but the recent Royal Commissions reported that"the present degree of concentration of ownership is not so great as to prejudice the free expression of opinion or the accurate presentation of news or to be contrary to the best interest of the public".Even greater anxieties would be aroused if the State took control of the press,because it would then be able to prevent criticism of itself,which is the keystone of our liberties;but it is reassuring that the Royal Commissions said that"nearly everyone would agree that State control ought not to be extended to the Press".

The greatest danger at present lies in the fact that the Government Departments are the source of much news and information;and they are naturally inclined to present it in a favourable light from their own point of view,or to withhold it if is is unfavourable;and so the Pres may not have the information on which to base legitmate criticism.The royal Commission uttered a warning about this.They said that:if newspapers get out of the habit of giving their own news and into the habit of taking all or most of it unquestionably from a Government Department,they are obviously in some danger of falling into totalitarian paths.Future developments therefore need to be carefully watched."This vigilance is a healthy sign that the spirit of our constitution is still making itself felt so as to see that our liberties are not taken away.

For Private Circulation only

*Printed at St. Alphonsa Offset Printers, Pala*